Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മിഥുനം 24—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ജൂലൈ 8 | ലക്കം 44

# ഒരു എഡ്വേഡ് റോസ് തരാമോ?

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)




കല്ലാനിക്കൽ പുതിയ പള്ളിയുടെ ഒരു വശത്തെ മുഖവാരം. പള്ളിയുടെ ആശീർവ്വാദം മേയ് 10-ാംനു- നടന്നു.

"ഞാൻ സ്വർഗ്ഗത്തിൽനിന്നു റോസപ്പുഷ്പങ്ങൾ വർഷിക്കും" എന്നു ശിശുസഹജമായ ശരണത്തോടെ പ്രവചിച്ച കൊച്ചുത്രേസ്യാപുണ്യവതിയോടു് ഞാൻ ഒരു പുഷ്പം മാത്രമേ സാധാരണമായി ചോദിച്ചിരുന്നുള്ളു; കുരിശുരൂപത്തോടുകൂടെ ചേർത്തുപിടിച്ചിരിക്കുന്ന ആ കുസുമങ്ങളിൽനിന്നു് ഒരു എഡ്വേഡ് റോസ്, കടുംചുവപ്പുള്ള ഒരു റോസപ്പുഷ്പം. ആ സുരഭിലകുസുമംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു പുണ്യവതിയിൽത്തന്നെ അസാധാരണമായി പ്രകാശിച്ചിരുന്ന ഒരു പുണ്യമാണു്. ആ പുണ്യം ഏതാണെന്നു പുണ്യവതിയുടെ ജീവചരിത്രമൊന്നു കണ്ണോടിച്ചാൽ വിശദമാകും. വിജ്ഞാനപ്രദമായ ഈ ചർച്ച നടത്തുന്നതിനുമുമ്പു് ഒന്നു രണ്ടു ചോദ്യങ്ങൾ ഇവിടെ ഉന്നയിച്ചുകൊള്ളുന്നു. ജീവിതക്ലേശങ്ങളുടെ മദ്ധ്യേ ഉരുവിട്ടുകേൾക്കാറുള്ള ചോദ്യങ്ങളാണിവ. ദൈവം എന്തിനാണു് എന്നെ പീഡിപ്പിക്കുന്നതു്? എന്നെ ദുഃഖിപ്പിക്കുവാൻ ഞാൻ എന്താണു ചെയ്തിട്ടുള്ളതു്? ഞാൻ വലിയ പാപം ഒന്നും ചെയ്തിട്ടില്ല. ദൈവപ്രമാണങ്ങൾ ഞാൻ എല്ലായ്പോഴും കാത്തുപോന്നു. ദൈവം എന്തുകൊണ്ടാണു് എനിക്കു രോഗവും ദാരിദ്ര്യവും അയച്ചുതരുന്നതു്? എനിക്കു പ്രിയപ്പെട്ടവർ മരിക്കുന്നു. ദാരിദ്ര്യവും രോഗവും അപമാനവും എന്നെ വലയംചെയ്തിരിക്കയാണു്. കടുത്തപാപികളെ ദൈവം ശിക്ഷിക്കുന്നതു് എനിക്കു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ എന്നോടു് ഇങ്ങനെ അവിടുന്നു വർത്തിക്കുന്നതു് എന്തുകൊണ്ടാണാവോ?

കൊച്ചുത്രേസ്യാപുണ്യവതിയുടെ ജീവചരിത്രത്തിൽ ഈ പ്രശ്നങ്ങൾക്കു് ഉത്തരം കാണാവുന്നതാണു്. പുണ്യവതിയുടെ ധീരമായ സുകൃതങ്ങൾ സുവിദിതമാണല്ലോ. ഗുരുതരമായ ഒരു പാപവും പുണ്യവതി ചെയ്തിട്ടില്ല. ദൈവത്തിന്റെ മുമ്പിൽ നമ്മളെക്കാൾ കൂടുതൽ നിർദ്ദോഷിയായിരുന്ന ആ ബാലികയോടു് ദൈവം ആർദ്രതാപൂർവ്വം വർത്തിച്ചുകാണുമെന്നാണല്ലോ നമ്മൾ പ്രതീക്ഷിക്കുന്നതു്. എന്നാൽ ദൈവം എങ്ങനെയാണു ചെറുപുഷ്പത്തോടു വർത്തിച്ചതെന്നു നമുക്കു ചിന്തിക്കാം. പുണ്യവതിയുടെ ആ ചുരുങ്ങിയ ജീവിതം മുഴുവനും ദുഃഖസമ്പുഷ്ടമായിരുന്നു. ചെറുപുഷ്പത്തിന്റെ കുടുംബത്തിലെ അംഗങ്ങളെപ്പോലെ അത്ര അഗാധമായ പരസ്പരസ്നേഹത്തിൽ അധികംപേർ കഴിഞ്ഞുകാണുമെന്നു തോന്നുന്നില്ല. എങ്കിലും അവരിൽനിന്നെല്ലാം ഓരോരുത്തരായി ത്രേസ്യ വേർപിരിയേണ്ടിവന്നു. ഓരോ വിരഹവും സ്നേഹ

ശീലയായ ചെറുപുഷ്പത്തിനു മരണംപോലെ വേദനാജനകവുമായിരുന്നു. നാലു വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. അമ്മയുടെ മരണത്തിൽ കൊച്ചുത്രേസ്യക്കു് എത്രമാത്രം ദുഃഖമുണ്ടായിരുന്നുവെന്നു സ്വയംകൃതചരിതം വായിച്ചാൽ അറിയാം. അമ്മയുടെ മരണവും അപ്പച്ചൻെറ നെടുവീർപ്പുകളും ത്രേസ്യയുടെ ഹൃദയത്തിൽ അതിഗാഢമായി പതിഞ്ഞിരുന്നു. "അമ്മയുടെ മരണശേഷം ഞാൻ എത്രയും ദുഃഖിതയായി. ഏകാന്തതയും കണ്ണുനീരുംതന്നെ എനിക്കു്" എന്നാണു പുണ്യവതി എഴുതിയിരിക്കുന്നതു്.

സ്വസഹോദരി പൗളിനെ രണ്ടാം അമ്മയായി കൊച്ചുത്രേസ്യ തിരിഞ്ഞെടുത്തു. താമസിയാതെ പൗളിൻ കർമ്മലസഭയിൽ പ്രവേശിച്ചു. ഈ വിരഹത്തെപ്പററി ചെറുപുഷ്പം എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്: "എൻെറ സന്താപം എത്ര ഭയങ്കരമായിരുന്നു. ജീവിതം ദുഃഖവും വേർപാടുംകൊണ്ടു് നിറഞ്ഞിരിക്കയാണെന്നു ഞാൻ കണ്ടു. ആത്മപരിത്യാഗത്തിൻെറ ആനന്ദം ഇതുവരെയും അനുഭവിച്ചിട്ടില്ലാത്തതിനാൽ ഞാൻ അത്യധികം കരഞ്ഞു."

ബാല്യത്തിൽ പുണ്യവതിക്കു ശാരീരികാസ്വാസ്ഥ്യങ്ങളും വ്യഥകളും ധാരാളമായിരുന്നു. ഭൗമികമായ സ്നേഹമെല്ലാം കുശ്ശായിട്ടാണു സമാപിച്ചിരുന്നതു്. ബാല്യകാലത്തു് ഒരിക്കൽ വി. കുർബാനസ്വീകരണം കഴിഞ്ഞു് പുണ്യവതി ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി: "എല്ലാസന്തോഷങ്ങളേയും കുശ്ശായി ദർശിക്കുവാൻ എൻെറ കർത്താവേ, എന്നെ ശീലിപ്പിക്കണമേ." ആ പ്രാർത്ഥന ദൈവം കേട്ടുവെന്നാണു പുണ്യവതി പറഞ്ഞിട്ടുള്ളതു്. പുണ്യവതിയുടെ ജീവിതപഥം മുഴുവനും സുരഭിലമായ കുസുമങ്ങൾകൊണ്ടു സമലംകൃതമായിരുന്നുവെന്നു മനസ്സിലാക്കിവച്ചിരിക്കുന്ന നമ്മൾക്കു് എത്ര വിസ്മയകരമായിത്തോന്നും ആ ജീവിതത്തിൽ സുഖം കലരാത്ത ദുഃഖവും സന്തോഷസമ്മിശ്രമല്ലാത്ത സന്താപവും മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു കേൾക്കുമ്പോൾ.

രണ്ടു വിരഹങ്ങൾകൊണ്ടു് ഒഴുകിയ കണ്ണുനീർ വററിപ്പോകുന്നതിനുമുമ്പു വേറൊരു ദുഃഖവും കൂടി വന്നുചേർന്നു. പുണ്യവതിയുടെ ഇതരസഹോദരി മേരിയും കർമ്മലസഭയിൽ പ്രവേശിച്ചു. വിരഹദുഃഖത്തോടുകൂടെ ആത്മീയവിഷമങ്ങളും കൂട്ടുനിന്നു. കർമ്മലസഭയിൽ പ്രവേശിക്കുവാൻ കൊതിച്ചിരുന്ന ആ പിഞ്ചുഹൃദയത്തിനു ലഭിച്ച മറുപടി, "സമയമായില്ലപോലും, സമയമായില്ലപോലും" എന്നത്രേ.

അവസാനം ചെറുപുഷ്പം കർമ്മലവാടിയിൽ സ്ഥാനംപിടിച്ചു. താമസിയാതെ പിതാവിനു തളർവാതവും ഭ്രാന്തും. രണ്ടരക്കൊല്ലം കയിനിലെ ഭ്രാന്താശുപത്രിയിലാണു കൊച്ചുത്രേസ്യയുടെ പിതാവു ലൂയി മാർട്ടിൻ കഴിച്ചുകൂട്ടിയതു്. പിതാവിനെ എന്തുമാത്രം കൊച്ചുത്രേസ്യ സ്നേഹിച്ചിരുന്നുവെന്നു് ഒരുത്തർക്കും വർണ്ണിക്കുവാൻ സാധിക്കയില്ല. അങ്ങനെയിരിക്കവേ എത്രമാത്രം മനോദുഃഖം കൊച്ചുത്രേസ്യ അനുഭവിച്ചിട്ടുണ്ടായിരിക്കും? അന്നു കൊച്ചുത്രേസ്യക്കു മനസ്സിലായി കർത്താവിൻെറ പീഡാനുഭവം കന്യകാമറിയത്തിൻെറ ഹൃദയത്തെ എങ്ങനെയാണു ഭേദിപ്പിച്ചതെന്നു്. ഇതേകാലത്തുതന്നെയാണു സ്വസഹോദരി ലെയോനിയെ വിസിറേറഷൻ മഠത്തിൽനിന്നു ഡിസ്മിസ് ചെയ്ത വാർത്ത കൊച്ചുത്രേസ്യ അറിഞ്ഞതു്.


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

## ഹെഡാഫീസ : ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം,, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)


ആദ്ധ്യാത്മിക ക്ലേശങ്ങളും വന്നുകൂടി. ദൈവം തന്നെ ഉപേക്ഷിച്ചതുപോലെ തോന്നി കൊച്ചുത്രേസ്യക്കു്. അതോടുകൂടിത്തന്നെ മരണകാരണമായിത്തീർന്ന ആ നീണ്ട ക്ഷയരോഗത്തിൻെറ വേദനകളും അനുഭവപ്പെട്ടുതുടങ്ങി. വിശ്വാസത്തിനെതിരായി പല പരീക്ഷകളും ഉണ്ടായതു് അക്കാലത്താണു്. പിശാചു് അവളുടെ ചെവിയിൽ ഇപ്രകാരം മന്ത്രിച്ചിരുന്നു: "സ്വർഗ്ഗം, അതായിരുന്നുവല്ലോ നിൻെറ ചിന്താവിഷയവുംശരണവും. സ്വർഗ്ഗമൊന്നുമില്ല. നീ ഇത്രയധികം സ്നേഹിക്കുന്ന ദൈവം നിന്നെ സ്നേഹിക്കുന്നില്ല." ഈദൃശമായ പീഡകൾ യഥാർത്ഥത്തിൽ അനുഭവിക്കേണ്ടിവരുമെന്നു് ഇവ അനുഭവവേദ്യമായതുവരെ പുണ്യവതിയും ഊഹിച്ചിരുന്നില്ല. സ്വയംകൃതചരിതത്തിൻെറ പക്ഷങ്ങൾ മറിച്ചുനോക്കിയാലും പുണ്യവതിയുടെ എഴുത്തുകൾ പാരായണം ചെയ്താലും കുരിശു്, പീഡ, വേദന, ദുഃഖം എന്നീ വാക്കുകൾ വീണ്ടും വീണ്ടും വരുന്നതു കാണാം. പുണ്യവതിയുടെ ജീവിതം മുഴുവനും ദുഃഖമായിരുന്നു; ധീരതയോടെ പുണ്യവതി അതു സഹിക്കുകയും ചെയ്തിരുന്നു.

ദൈവം ആർദ്രമായി സ്നേഹിച്ചിരുന്ന കൊച്ചുത്രേസ്യയുടെ അനുഭവം ഇങ്ങനെയാണു്. തൊട്ടിൽമുതൽ ശവമഞ്ചംവരെ പുണ്യവതിയും കുരിശുവഹിച്ചു. സ്നേഹത്തിനു പകരം പുണ്യവതിക്കു സിദ്ധിച്ചതു ദുഃഖമാണു്. സർവ്വേശ്വരനു പ്രിയപ്പെട്ടവർക്കെല്ലാം അവിടുന്നു കൊടുക്കുന്ന സമ്മാനങ്ങൾ കുരിശുകളത്രെ. വലിയ ത്രേസ്യാപുണ്യവതി ഇതു സൂചിപ്പിച്ചുകൊണ്ടു് കർത്താവിനോടു പറഞ്ഞതു് "ഇതിനാലത്രെ അങ്ങേക്കു സ്നേഹിതന്മാർ ഇത്ര കുറഞ്ഞുപോകുന്നതു്" എന്നാണു്. പാപം ചെയ്യുന്നില്ലെങ്കിൽത്തന്നെയും ക്ലേശങ്ങൾ നമ്മളെ മുറുകെപ്പിടിക്കുന്നുവെന്നു വിചാരിച്ചു വിസ്മയിക്കാനൊന്നുമില്ല; നീതിയോടുകൂടെ വ്യാപരിച്ചുവരുന്ന നമ്മൾക്കു ദൈവം കുരിശുകൾ അയച്ചുതരുന്നതു് എന്തുകൊണ്ടാണെന്നു് നാം ചോദിക്കരുതു്. പാപികൾക്കു് എന്നതിനെക്കാൾ കൂടുതൽ ദുഃഖങ്ങൾ ദൈവം അയക്കുന്നതു് നല്ലവർക്കാണു്. കൂടുതൽ പുണ്യമുള്ളവർക്കു കൂടുതൽ കുരിശുകൾ എന്നതാണു് സ്വർഗ്ഗത്തിലെ നിയമം.

ഈ സിദ്ധാന്തം പ്രവാസികൾക്കു രുചിക്കുകയില്ല. ഇതെന്തൊരു നടപടിയെന്നു് നമ്മൾ ചോദിച്ചുപോകും. അനുഭവം ഇതിനു് ഒരുത്തരം പ്രദാനംചെയ്യുന്നുണ്ടു്. ഐശ്വര്യത്തിൽ മനുഷ്യൻ ദൈവത്തെ മറക്കുന്നു; നാശത്തിൽ അവൻ ദൈവത്തിലേക്കു പിന്തിരിയുന്നു. സങ്കടങ്ങളിൽ സർവ്വേശ്വരനെ ആശ്രയിക്കുവാൻ കൂടുതൽ പ്രചോദനം ലഭിക്കുന്നു. ദുഃഖം മനുഷ്യനെ ഇരുത്തിച്ചിന്തിപ്പിക്കുന്നു. ഇവിടെ നമുക്കു ശാശ്വതമായ ഒരു ഭവനമില്ലെന്നു് അപ്പോൾ ബോധ്യപ്പെട്ടുതുടങ്ങും. അഹങ്കാരത്തള്ളിച്ചകൊണ്ടു് നമ്മൾ വിചാരിക്കും പീഡകൾ നമുക്കു് ആവശ്യമില്ലെന്നു്. എന്നാൽ കടന്നുപോകുന്ന സന്തോഷങ്ങളിൽനിന്നു് നമ്മളെ അകററിനിർത്തുവാൻ പര്യാപ്തമായിട്ടുള്ളതു് ദാരിദ്ര്യവും ക്ലേശങ്ങളുമാണെന്നു് അവിടുത്തേക്കു് അറിയാം. ലോകം എന്നെ നോക്കി പുഞ്ചിരിതൂകിയിരുന്നുവെങ്കിൽ എനിക്കു് എന്തു സംഭവിക്കുമായിരുന്നുവെന്നാണു് സ്വയംകൃതചരിതത്തിൽ പലയിടത്തും ചെറുപുഷ്പം ചോദിക്കുന്നതു്. ദൈവത്തിൽ മാത്രം ആനന്ദം തേടുന്നതിനാണു് ഭൗതികനഷ്ടങ്ങളും ബന്ധുജനവിരഹവും ദൈവം അനുവദിക്കുന്നതു്. മഹാകവി ഫ്റാൻസിസ് തോംസൺ സർവ്വേശ്വരൻെറ ഈദൃശ പ്രവർത്തനങ്ങളെ അധികരിച്ചു് എഴുതിയിരിക്കുന്ന വരികൾ ശ്രദ്ധേയമാണു്: "ഞാൻ എടുത്തുനീക്കിയ യാതൊന്നും നിന്നെ ദ്രോഹിക്കുവാൻ എടുത്തുമാററിയതല്ല; പ്രത്യുത നീ വന്നു് അവ എൻെറ കരങ്ങളിൽ അന്വേഷിക്കുന്നതിനുവേണ്ടിയത്രെ." അവിടുന്നു സ്നേഹിക്കുന്നവർ തന്നെ മറക്കാതിരിക്കുന്നതിനും തന്നിൽനിന്നു വേർപിരിയാതിരിക്കുവാനുമായി ദുഃഖങ്ങളാണു് അവിടുന്നു് അയച്ചുതരുന്നതു്. തന്നെ സ്നേഹിക്കുന്നവരെ ദുഃഖംവഴിയാണു് തൻെറ സ്നേഹത്തിൽ കാത്തുനിറുത്തിക്കൊണ്ടു പോരുന്നതു്.

ആദ്ധ്യാത്മികത്വത്തിൽ ഉറച്ചുനില്ക്കുവാനും ആത്മശുദ്ധീകരണം സാധിക്കുവാനും ക്ലേശാരിഷ്ടങ്ങൾ സഹായിക്കുന്നു. മരണാനന്തരം താമസിയാതെതന്നെ മനുഷ്യനെ സ്വർഗ്ഗത്തിലേക്കു് ആനയിക്കുവാൻ ദൈവം ഉപയോഗിക്കുന്ന മാർഗ്ഗം ജീവിതദുരിതങ്ങളാണു്. ശിക്ഷയായിട്ടല്ല ദൈവം ദുഃഖങ്ങൾ അയക്കുന്നതു്; പ്രത്യുത അജ്ഞാതമായ ചില സദുദ്ദേശങ്ങൾ അവിടുത്തേക്കുണ്ടാകും. കാലാന്തരത്തിൽ അവ ചിലപ്പോൾ വിശദമായെന്നും വരും.

ഈ ലേഖനം വായിക്കുന്നവർ മിക്കവരും വലിയ പാപികളൊന്നും ആയിരിക്കയില്ല; എന്നാലും ഓരോവിധത്തിലുള്ള ദുഃഖങ്ങൾ അനുഭവിക്കുന്നവരായിരിക്കും. ചിലർ മൗനമായി ചോദിക്കുന്നുണ്ടായിരിക്കും: "ഈ ജീവിതം ജീവിതയോഗ്യമോ?" ചെറുപുഷ്പത്തിൻെറ ജീവിതക്ലേശങ്ങളെപ്പററി ചിന്തിച്ചിട്ടുള്ള നമ്മൾക്കു ചില ദുഃഖങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ ആവലാതിപ്പെടാനോ മറേറാ ഉണ്ടോ? ദൈവത്തെ ശരിയായി സ്നേഹിക്കുന്നുവെങ്കിൽ ദുഃഖങ്ങൾ വരുമെന്നു വിചാരിച്ചുകൊൾക. അവയെ നാം പ്രതീക്ഷിച്ചിരുന്നാൽ അവ വരുമ്പോൾ സഹിക്കുവാൻ എളുപ്പമായിരിക്കും. ദുഃഖങ്ങൾ വരുമ്പോൾ വിചാരിക്കുക ദൈവമാതാവിനോടും ചെറുപുഷ്പത്തോടും വർത്തിച്ചതുപോലെയാണു് ദൈവം എന്നോടു പെരുമാറുന്നതെന്നു്. കാർമേഘങ്ങൾപോലെ നിങ്ങളുടെ ശിരസ്സിനുമീതെ ദുഃഖങ്ങൾ വന്നണയുമ്പോൾ നിങ്ങൾ ചിന്തിക്കണം ഇവ മേഘങ്ങളല്ല, നിങ്ങളെ താലോലിക്കുവാനായി നീട്ടിയിരിക്കുന്ന കൈകളുടെ നിഴലാണെന്നു്. ദുഃഖങ്ങൾ ദൈവതൃക്കരങ്ങളിൽനിന്നു വരുന്നുവെന്നു ചിന്തിക്കുവാൻ സാധിച്ചാൽ ക്ഷമയും ദൈവതിരുമനസ്സിനുള്ള വിധേയത്വവും നഷ്ടപ്പെടുകയില്ല.

ജീവിതക്ലേശങ്ങളെ ഇപ്രകാരം വീക്ഷിക്കുവാനുള്ള വിശ്വാസം തരാനായിട്ടു് നമുക്കു് ഈശോയോടു പ്രാർത്ഥിക്കാം. ക്ലേശങ്ങൾ സഹിക്കുവാൻ വേണ്ടിയിരിക്കുന്നതു വിശ്വാസമാണു്— ദൈവത്തിൻെറ നന്മയിലും പരിപാലനയിലുമുള്ള വിശ്വാസം, അവിടുത്തെ സ്നേഹത്തിലും വിജ്ഞാനത്തിലുമുള്ള വിശ്വാസം, അവിടുന്നു് അയച്ചുതരുന്നതു് എന്തുതന്നെയായിരുന്നാലും അതാണു് നമുക്കു് എത്രയും നല്ലതെന്നുള്ളവിശ്വാസം. എത്രയും ക്രൂരമെന്നു നമുക്കു തോന്നുന്ന സങ്കടങ്ങൾകൂടി അവിടുന്നു് അയച്ചുതരുന്നതാണു്. അവിടുത്തെ അനുമതികൂടാതെയല്ല ഈ കുരിശു നമ്മുടെ തോളിൽ വച്ചിട്ടുള്ളതു്. കൊച്ചുത്രേസ്യാപുണ്യവതിയൊരിക്കൽ ഇപ്രകാരമെഴുതിയിട്ടുണ്ടു്: കണ്ണുനീരിൻെറ ഈ താഴ്വരയിൽ സ്നേഹവും സഹനവും സമ്മേളിക്കുന്നതു മാത്രമാണു് എനിക്കു് എത്രയും അഭിലഷണീയമായിത്തോന്നുന്നതു്. പിള്ളത്തൊട്ടിമുതൽ കുരിശു് എന്നെ പിഞ്ചെന്നുവെന്നുള്ളതു് വാസ്തവമാണു്; എന്നാൽ ആ കുരിശിനെ സ്നേഹിക്കുവാൻ അവിടുന്നു് എന്നെ പരിശീലിപ്പിച്ചു."

ഈ പരിശീലനമാണു് നമുക്കും ലഭിക്കേണ്ടതു്. ഇതു് ഒരു ചുമന്ന എഡ്വേഡ് റോസായിട്ടാണു് ഒരിക്കൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഭാവനംചെയ്തു് കൊച്ചുത്രേസ്യാപുണ്യവതിയോടു് ആവശ്യപ്പെട്ടതു്. ഞാനും അതുപോലെ ഒരു റോസ് ആവശ്യപ്പെടുന്നു. ദൈവത്തിൻെറ നന്മയിലും സ്നേഹത്തിലും ഉറച്ച വിശ്വാസവും ശരണവും സമർപ്പിച്ചിരുന്ന കൊച്ചുത്രേസ്യ തന്നെയാണു് ഈ റോസിനു്— ദൈവം തരുന്നതു് എന്തായിരുന്നാലും അതാണു് നമുക്കു് ഏററവും നല്ലതെന്ന ബോധ്യത്തോടെ സഹിക്കുവാനുള്ള വിശ്വാസചൈതന്യത്തിനു് — മാദ്ധ്യസ്ഥ്യം വഹിക്കേണ്ടതു്. പുണ്യവതിയുടെ വിരലുകളിൽ കുരിശോടുചേർത്തു് അടക്കിപ്പിടിച്ചിട്ടുണ്ടു് അത്തരം ചില റോസപുഷ്പങ്ങൾ. ഹാ ധന്യേ, അതിൽനിന്നു് കടുംചുവപ്പുള്ള ആ എഡ്വേഡ് റോസ് ഒന്നു തരാമോ?

———

## വിനോദവീഥി




കൊള്ളക്കാരൻ: "വെക്കടോ അവിടെ, കൈയിലുള്ള പണമെല്ലാം."

ഒരുവൻ: (അടുത്തു നില്ക്കുന്നവനോടു്) "എടോ ചേട്ടാ തനിക്കു തരുവാനുള്ള ആ നൂറു രൂപാ അങ്ങോട്ടു തന്നേക്കട്ടെ?"

* * *

സാമാനം വാങ്ങിച്ചാൽ പണം സമയത്തിനു കൊടുക്കുന്ന കൂട്ടത്തിലല്ലായിരുന്നു ഡോക്ടർ. പണം പിരിക്കാനായി പോയ ശമ്പളക്കാരൻ വന്നപ്പോൾ പീടികയുടമസ്ഥൻ ചോദിച്ചു: "ഡോക്ടർ എന്താ പറഞ്ഞതു്?"

ശമ്പളക്കാരൻ: "എന്നെ കണ്ടപ്പോൾത്തന്നെ എനിക്കു നല്ല സുഖമില്ലെന്നു തോന്നുന്നെന്നുംപറഞ്ഞു് എൻെറ ഹാർട്ടും നാവുമെല്ലാം പരിശോധിച്ചു. പോയി വിശ്രമിക്കണമെന്നും ഏതാ

സുപ്രസിദ്ധങ്ങളായ 3 സിദ്ധൗഷധങ്ങൾ
നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം
കൂടുതൽ വിവരങ്ങൾ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൽ.
കാളൻ, നെല്ലായി

# ഡാമിയൻസ്ഥാപനവും ഗത്സെമ്മൻതാഴ്‌വരയും

(വിദ്വാൻ ഫാദർ ജോസഫ് ചുങ്കത്ത് എം. എ. ബി. ടി.)

ഡാമിയൻ എന്ന ശ്രവണത്തിൽത്തന്നെ കുഷ്ഠരോഗികളുടെ രക്ഷകൻ എന്ന സ്മരണയും തന്മൂലം മഹാരോഗങ്ങളുടെ നാനാവിധമായ ക്രൂരതകളുടെ നിവാരണാത്മമുള്ള കാരുണ്യപ്രവൃത്തികളുടെ മാധുര്യത്തിന്റെ ഒരു ആനന്ദചിന്തയും തദ്വാരാ തുത്തുല്യപ്രസ്ഥാനങ്ങളെ ഉപാസിക്കാനുള്ള അഥവാ രോഗബാധിതരെ സേവിക്കാനുള്ള വ്യാമോഹവുമാണ് ഒരു സഹൃദയനെ പിടികൂടുക. മഹാരോഗസഹനങ്ങളിൽ അവരുടെ നടുവിൽ വീരോചിതമായ ആദർശവും ആനന്ദവും ആജീവനാന്തം പ്രദർശിപ്പിച്ചിട്ടുള്ള ചില വീരപുരുഷന്മാരും വീരതരുണികളുമുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽപ്പെട്ട ഒരാളാണ് മരണമടഞ്ഞ അൽഫോൻസാമ്മ. "അൽഫോൻസാമ്മ" എന്ന "സിനിമ"യും ഇത്തരുണത്തിൽ പ്രകൃതത്തെ കുഷ്ഠരോഗസംബന്ധിയായി ബന്ധിപ്പിക്കുന്നു. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യവിശ്വാസത്തിലുള്ള ഒരു പ്രാർത്ഥനയെന്നവണ്ണം, ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട ഡയറക്ടരുടെ പലകുറിയുണ്ടായ ക്ഷണം സ്ഥലം സന്ദർശിക്കുന്നതിനുള്ള അഥവാ സ്ഥാപനത്തോടു കൂട്ടുപിടിക്കുന്നതിനുള്ള ഈശ്വരാഹ്വാനം എന്നുതന്നെ ഈയുള്ളവൻ സങ്കല്പിച്ചുകൊണ്ടു ചിന്താകൗതുകം പൂണ്ടിരിക്കയായിരുന്നു. അൽഫോൻസാ സഹോദരിയുടെ ഒരു പ്രസ്താവനയാണ് കുറെയിടെയായി എന്റെ കർണ്ണപുടങ്ങളിൽ മുഴങ്ങുന്നതു്. അതു മറ്റൊന്നുമല്ല. "ഞാൻ ഏതുകാര്യം അപേക്ഷിച്ചാലും എന്റെ നല്ല ദൈവം ഒരിക്കൽപ്പോലും എന്റെ അപേക്ഷ സാധിച്ചുതരാതെയിരുന്നിട്ടില്ല." രോഗനിവാരണത്തിനുപോലും പ്രാർത്ഥിക്കാതെ, വീരോചിതമായ രോഗസഹനത്തിലാനന്ദം ഉൾക്കൊണ്ട ആ തരുണീരത്നത്തിന്റെ സ്മരണത്തിൽനിന്നു വേർതിരിക്കാൻ കഴിയാത്ത "ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടി"ന്റെ കരുണരസവിഭാവനകളിൽ കുറഞ്ഞൊന്നു മതിമറന്നതുകൊണ്ടാകാം "ഗത്സെമ്മൻ താഴ്‌വര"യിലെ കുഷ്ഠരോഗാസ്പത്രിയുടെ പശ്ചാത്തലം കാണ്മാനായി ഈയുള്ളവൻ ഒരു പ്രത്യേകദിവസം തിരഞ്ഞെടുത്തതു്. പെസഹാവ്യാഴാഴ്ചയുടെ പ്രതീതി തോന്നുന്ന ദിവസമായ വിശുദ്ധ കുർബാനത്തിരുനാളായ ഈ ജൂൺ നാലാംതീയതി വ്യാഴാഴ്ചതന്നെയായിരുന്നു ആ വിശേഷദിവസം. തിക്കും തിരക്കും കൂടിയ തൃശ്ശൂർ പട്ടണത്തിൽനിന്നു നട്ടുച്ചനേരത്തു കിട്ടിയ ബസ്സിൽ കയറിയിരുന്നു "ഗത്സെമ്മൻ താഴ്‌വര" എങ്ങനെയിരിക്കുമെന്നു ഔത്സുക്യത്തോടുകൂടി ഈയുള്ളവൻ ചിന്തിക്കുവാൻ തുടങ്ങി. തൃശ്ശൂർനിന്നു് ഏകദേശം ആറു മൈൽ അകലെയുള്ള ഗത്സെമ്മൻ താഴ്‌വരയിൽ ഒരു വലിയ സംരംഭം നടന്നുവരുന്നുണ്ടെന്നും ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു കുഷ്ഠരോഗാസ്പത്രിയുടെ സ്ഥാപനത്തിനുള്ള എല്ലാ സജ്ജീകരണങ്ങളും അവിടെ ചെയ്യുവെന്നുള്ളതും തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടുതന്നെ അതിനുവേണ്ടി പതിനൊന്നു് ഏക്കർ സ്ഥലം സംഭാവന ചെയ്തിട്ടുണ്ടെന്നും ഗവർമ്മെന്റ് ഏതാനും സ്ഥലം സംഭാവനചെയ്യാൻ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും ഉദ്ദേശം നൂറു രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള പ്രതിവർഷച്ചെലവ് നാല്പതിനായിരം രൂപയോളം വരുമെന്നും അതിലേക്കു ചിലരെല്ലാം സംഭാവന ചെയ്തുതുടങ്ങിയെന്നും മറ്റും "ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്" ഡയറക്ടർ, റവ. ഫാദർ പോൾ ചിറ്റിലപ്പിള്ളി ബി. എ. ബി. ടി. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട ഓഫീസ്, സെന്റ് മേരീസ് ഹോസ്റ്റൽ, തൃശ്ശൂർ വിലാസത്തിൽ പത്രങ്ങളിൽ പ്രസ്താവന നൽകിട്ടുണ്ടെന്നുള്ളതും ഇതിനകം വായനക്കാർ ഓർത്തിരിക്കുമല്ലോ.

അങ്ങനെയുള്ള ആ "ഗത്സെമ്മൻ താഴ്‌വര"യിലേക്കു ഞാൻ ഏകാകിയായി പുറപ്പെട്ടതു് ഏകാന്തതയോടുള്ള എന്റെ അനല്പമായ ഭക്തികൊണ്ടാണ്.

അർത്ഥമില്ലാതെ ആവുന്നതും അരുതാത്തതും സംസാരിക്കുന്ന മനുഷ്യരെ അല്പനേരത്തേക്കു നീക്കിനിറുത്തി, അവർണ്ണ്യമായ പ്രകൃതിയുടെപൂന്തണലിൽ അനർത്ഥമില്ലാത്ത ആശയങ്ങളെ അയവിറക്കുവാൻ ആംഗ്ലേയപണ്ഡിതനായ ഹേയ്സ്ലിററിനെപ്പോലെ വെമ്പൽപൂണ്ടുകൊണ്ടു് മുണ്ടൂക്കര ബസ്സിറങ്ങി, ഫാദർ ചിറ്റിലപ്പിള്ളി നൽകിയിരുന്ന നിർദ്ദേശമനുസരിച്ചു് പ്രശാന്തതയുടെ കൊടുമുടിയിലേക്കു മന്ദം മന്ദം ഞാൻ കുതിച്ചു.

പ്രകൃതിയുടെ മാധുര്യമധുവുണ്ണുവാൻ ഉല്പതിഷ്ണുവായി ഉയരുവാൻ കുതിക്കുന്ന ഒരു ഭ്രമരവീരനെപ്പോലെ ചിന്താഗാനമെന്ന മൂളിപ്പാട്ടുപാടി തനിയെ ഓടി കുന്നുകയറിയ ഈ ലേഖകനെ ഒരു കവിഭ്രാന്തനായിക്കരുതിയാൽ അതിലത്ഭുതമുണ്ടെന്നു തോന്നുന്നില്ല.

"സാമ്യത്താൽ സ്മൃതിമാൻ" എന്നൊരലങ്കാരലക്ഷണമുണ്ടു്. കുർബാനത്തിരുനാൾ സ്മരണയിൽ പെസഹാവ്യാഴാഴ്ചയും, ഗത്സെമ്മൻ താഴ്‌വരസ്മരണയാൽ "ഗത്സെമ്മൻ" പ്രതീതിയും ഉളവായതിൽ അവ തമ്മിൽ വളരെയകൽച്ചയില്ലെന്നു നിക്കു തോന്നി. എന്തിനധികം? ക്രിസ്തു "ഗത്സെമ്മൻ തോട്ട"ത്തിലേക്കു പ്രാർത്ഥിപ്പാൻ പോയയവസരത്തിൽ, നാം വേദപുസ്തകത്തിൽ കാണുന്നതു് "അനന്തരം സ്തോത്രഗീതം ആലപിച്ചിട്ടു് അവർ പുറപ്പെട്ടു് ഒലിവുമലയിലേക്കുപോയി" (മാർക്ക് 14—26) എന്നും പിന്നീട്, "ഗദ്സെമ്മൻ എന്നു പേരുള്ള ഒരു തോട്ടത്തിൽ അവർ വന്നു" (മാർക്ക് 14—32) എന്നും തന്നെയാണ്. "താണസ്ഥലം", "Country-place" എന്നു് ഇംഗ്ലീഷിലുള്ളതുകൊണ്ടും, "തടം," "Valley" എന്നതിന്റെ ഘടനാവിശേഷംകൊണ്ടും "താഴ്‌വര"യെന്നുള്ള നാമം കൂടുതൽ ഉചിതമായിട്ടുണ്ടെന്നുതന്നെയാണ് ഈയുള്ളവന്റെ അഭിപ്രായം. ഇവ്വിധം "ഒലിവു"മലയെന്നുതന്നെ പേരിടാവുന്ന മലയെക്കടന്നിട്ടുവേണം, "ഗത്സെമ്മൻ" താഴ്‌വരയിൽ ചെന്നുചേരുവാൻ. അതുവരെയും വിവിധസ്മരണകളോടുകൂടി അല്പം ഒരു മൂളിപ്പാട്ടുപാടിയുംകൊണ്ടു് ഈയുള്ളവൻ സ്വൈരമായി പർവ്വതാരോഹണം ചെയ്യുകയായിരുന്നു. ഇവിടെ അല്പം അതിശയോക്തി കലർന്നിട്ടുണ്ടു്. പർവ്വതത്തിന്റെ കിടപ്പു കവിഭാവനയിൽ, കയറിച്ചെല്ലുന്ന റോഡിന്റെ കുറേ ഇടത്തോട്ടുനീങ്ങി ഗത്സെമ്മൻ താഴ്‌വരയെ തികച്ചും "തൃശ്ശൂർ—പട്ടിക്കാട്ടു" റോഡിൽനിന്നു മറച്ചുകൊണ്ടാണ്. ഞാൻ ഇങ്ങനെ പൊയ്ക്കൊണ്ടിരിക്കേ, എന്റെ ഏകാന്തതയെ ഭഞ്ജിക്കുവാനെന്ന മട്ടിൽ ഒരു വഴിപോക്കൻ എന്റെ പിറകിൽ ഓടിയെത്തി.

"ഞാൻ ഇന്നു് ഇപ്പം വണ്ടിയിറങ്ങി ഇത്രയും വന്നതേയുള്ളൂ അച്ചോ! ചക്രം എല്ലാം കഴിഞ്ഞു പോയി. അച്ചൻ ഇവിടെങ്ങാനും ആരെയെങ്കിലും പരിചയപ്പെടുത്തിത്തന്നേച്ചാൽ ഇവിടെ കൂടാമെന്നുണ്ടു്."

ഈ പുറപ്പാടു കണ്ടപ്പോൾ എന്റെ ധ്യാനഭംഗത്തിനുള്ള ഒരു ബാധയാണയാൾ എന്നു മനസ്സിലാക്കി ഞാൻ ഉള്ളകാര്യം തുറന്നുപറഞ്ഞു.

"എടോ! നിങ്ങൾ ഇവിടത്തെ കുഷ്ഠരോഗികളുടെ അച്ചൻ, ഫാദർ ചിററിലപ്പിള്ളി ഇവിടെ അലഞ്ഞുനടക്കുന്നവർക്കു ജോലിയും മറ്റും തന്നു നടക്കുന്നതു കണ്ടിട്ടില്ലേ? അദ്ദേഹത്തെ ഒന്നു സന്ദർശിക്കുവാൻ ഞാൻ വന്നതാ. അദ്ദേഹത്തിന്റെ കുഷ്ഠരോഗികളുടെ പിന്നിൽക്കൂടുവാൻ ഞാനും ഈ വഴിക്കു കയറിക്കൂടുന്നതേയുള്ളൂ."

ഇത്രത്തോളമായപ്പോഴേക്കും ആ മനുഷ്യന്റെ മുഖഭാവവും മറ്റും അല്പം മാറിവരുന്നതുപോലെ തോന്നി. എന്തോ ശങ്കയാണു് അയാളെ പിടികൂടിയതു്. അയാൾ തെററിദ്ധരിച്ചു. ഒന്നുകിൽ ഫാദർ ചിററിലപ്പിള്ളിയുടെ കുഷ്ഠരോഗാസ്പത്രിയുടെ പരിചയം അയാളെ കുഴപ്പത്തിലാക്കും അല്ലെങ്കിൽ ഈയുള്ളവൻ കുഷ്ഠരോഗിയാണെന്നോ കുഷ്ഠരോഗം ബാധിപ്പിക്കുവാനുള്ളവനെന്നോ എന്തോ ധരിച്ചിരിക്കാം.

അടുത്ത നിമിഷത്തിൽ അയാൾ പിന്നോക്കം തിരിക്കുന്നതോടുകൂടി വിശേഷംപോലും ചോദിക്കുവാൻ ഭയപ്പെട്ടിട്ടു— "പിന്നെ അച്ചാ, ഞാനിങ്ങോട്ടു നിന്നോട്ടെ. ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടേ, അച്ചോ!"

ഞാനും സ്തുതിചൊല്ലി. "പിന്നെ ഒന്നും ഇല്ലല്ലോ"—എന്നുവച്ചാൽ, വല്ല സഹായവും എന്നിൽനിന്നു വേണ്ടതില്ലല്ലോ എന്നുകൂടി ഞാൻ സൂചിപ്പിച്ചിട്ടും അയാൾ വേഗത്തിൽ, "ഇല്ല" എന്നു മറുപടി പറഞ്ഞു പമ്പകടന്നുകളഞ്ഞു.

ഞാൻ വിചാരിച്ചു, "ഫാദർ ചിററിലപ്പിള്ളിയേയും എന്നെപ്പോലെയുള്ളവരേയും ഈ സ്ഥിതിക്കു് വേണ്ടപ്പെട്ടവരും തൃശ്ശൂർക്കാരും തീരെ ഉപേക്ഷിച്ചേക്കയില്ലേ?" എന്നു്. അപ്രകാരം ഒരു മഹാഭാഗ്യം കൈവരുന്നപക്ഷം പർണ്ണശാലയിൽ സമാധി കൊള്ളുന്ന ഒരു മുനീന്ദ്രനെപ്പോലെ ഗത്സെമ്മൻ താഴ്‌വരയിൽ സ്നേഹഗാനമാലപിക്കുവാൻ അവസരം കിട്ടുകയെന്നല്ലാതെ അതു് ഒരു അസുഖവാർത്തയല്ല. അങ്ങുമിങ്ങും അലഞ്ഞുനടക്കുന്ന കുഷ്ഠരോഗികളെ ലോകം അറയ്ക്കുകയും വെറുക്കുകയും ചെയ്യുന്നുണ്ടെങ്കിലും യാഥാർത്ഥ്യം പറഞ്ഞാൽ തികച്ചും കരുണരസം വിലസുന്ന ഒരു അസാധാരണ സൃഷ്ടിയായി ഉയരുകയാണ് ഒരു കുഷ്ഠരോഗി ചെയ്യുന്നതു്. അത്തരം കുറെ കുഷ്ഠരോഗികൾ ഒന്നിച്ചുകൂടുമ്പോൾ, അവിടെയും ഒരു സാധാരണ സമാധാനക്കേടു കുഷ്ഠരോഗികളുടെയിടയിൽ തലപൊക്കിത്തുടങ്ങുമ്പോൾ, യോഗീന്ദ്രനായ ഒരു ഡാമിയൻ നേതാവു് അതുകൊണ്ടൊന്നും സമാധാനരഹിതനാകാൻ പോകുന്നില്ല. ലോകം വെറുക്കുകയും സമുദായം അകററുകയും ചെയ്യുന്നവരെ ആശ്ലേഷിക്കുവാനുള്ള വല്ലപ്പമേറിയ ഹസ്തഭൃദയമുള്ളവർ മാത്രമേ ഈവക കാര്യങ്ങളിൽ ഇടപെടൂ. ഈവക തത്വങ്ങളിൽക്കൂടി സമാധിയുടെ മാഹാത്മ്യം ഞാനോർത്തു.

"കാർകൊണ്ടു മിണ്ടാത്തൊരു
കൊണ്ടൽപോലെ
കല്ലോലമില്ലാതെഴുമാഴിപോലെ
കാററിൽപ്പെടാദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവച്ചും"

ആത്മാവിലാത്മാവിനെ കണ്ടുകൊണ്ടു് "ഗത്സെമ്മൻ" താഴ്‌വരയിൽ സമാധികൊള്ളുവാനുള്ള പശ്ചാത്തലം കാണ്മാൻ വെമ്പലോടെ ഞാൻ മുന്നോട്ടുനീങ്ങി—

അതാ "ഗത്സെമ്മൻ" താഴ്‌വരയുടെ പ്രവേശദ്വാരത്തിലെത്തിയിരിക്കുന്നു.

പടിഞ്ഞാറേതാകുന്ന തൃശ്ശൂർ പട്ടണത്തിന്റെ "കമ്പവും ഇരമ്പവും" ആറു മൈലകലെ തടഞ്ഞുനിറുത്തുവാനെന്നമട്ടിൽ, ദേവാത്മകത്വം തോന്നുന്ന ഒരു "നഗാധിരാജൻ" തലപൊക്കിപ്പിടിച്ചുകൊണ്ടു് തൃശ്ശൂർ പട്ടണത്തിൽനിന്നു വീണ്ടെടുത്ത കുഷ്ഠരോഗികളെ കുനിഞ്ഞുനിന്നാശ്ലേഷിക്കുവാനെന്നപോലെ നോക്കിനില്ക്കുന്നു. "ഗത്സെമ്മൻ" സാമീപ്യത്താൽ ഒലിവു് പർവ്വതംതന്നെയായിരിക്കുമോ അതു് എന്നു തോന്നുന്നു. ഞാൻ ശിരസ്സു താഴ്ത്തുകയാണ്; എന്നുവേണ്ട, സാഷ്ടാംഗപ്രണാമം ചെയ്തു കഴിഞ്ഞു. "ഗത്സെമ്മൻ താഴ്‌വര"യിലേക്കു ശീതളച്ഛായ പരത്തുന്ന അചലനേതാവേ! നീതന്നെ മഹാവീരൻ! "മലകളിളകിലും മനം" ചലിക്കാതെ ആദർശത്തിൽ നിലകൊള്ളുന്ന ഒരു മാനവശ്രേഷ്ഠനെപ്പോലെ നിനക്കു ലോകാപവാദം ഭയപ്പെടാനില്ല. നീതി തെററിക്കാതെ നീ മേവുമ്പോൾ നിന്റെ ചുററുമുള്ള തണലാശ്രയിച്ചുനില്ക്കുന്ന താഴ്‌വരയിലെ വൈവിധ്യമേറിയവൃക്ഷങ്ങൾ അനാരതം നൽകുന്ന പൂന്തണലിൽ അണിനിരക്കുവാൻ എത്തീട്ടുള്ള സദനങ്ങളുടെ കുളർമ്മയേറുന്ന ചന്ദനച്ചാറു് പൊഴിയുന്ന വേളയന്വേഷിച്ചെത്തിയ ഈ ഉപാസകനെ അനുഗ്രഹിച്ചാലും എന്നു അല്പനേരത്തേക്കു് ആത്മഗതംചെയ്തു തല താഴ്ത്തിയിരുന്നു.

അഭൗമികമായ താബോർമലയിലെ അനുഭവംപോലെ ചിന്താഗതിയിൽ അമ്പരന്നു കണ്ണുതുറന്നു നോക്കിയപ്പോൾ ഗത്സെമ്മൻ താഴ്‌വരയിൽ ത്വരിതഗതിയിൽ ഗൃഹനിർമ്മാണവേലയിൽ ഉൽസുകരായിരുന്ന "ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട" ശില്പികളെയാണു് അവിടെ കണ്ടതു.

ഗത്സെമ്മൻ താഴ്‌വരയിൽ കരുണരസം കോരിക്കുടിക്കാനെത്തുമാറായ കുഷ്ഠരോഗികൾക്കുവേണ്ടി അല്ലും പകലും അവിടെ ജോലിചെയ്യുന്ന ഫാദർ ചിററിലപ്പിള്ളിയെപ്പററി, ആശാരിമാർ അവരുടെ സാഹിത്യത്തിൽ ചില വർണ്ണനങ്ങൾ നൽകി.

ഇത്ര കലാവൈഭവമുള്ള കലാകാരന്മാരുടെ രൂപനിർമ്മാണത്തിലോ നിരൂപണസാമർത്ഥ്യത്തിലോ അമ്പരക്കാതെ, ഗത്സെമ്മൻ താഴ്‌വരയിലെ കരുണരസത്തെത്തന്നെ ഞാൻ വാഗ്നോളം പുകഴ്ത്തിയ അടങ്ങു എന്നു ആ ആശാരിമാരോടു വാഗ്ദാനം ചെയ്തു പോന്നുവെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. നാതിദീർഘം എഴുതണമെന്നു കരുതീട്ടും അടങ്ങാത്ത സ്വഭാവം തട്ടിനീട്ടിയതു് ആ ആശാരിമാരാണോ എന്നുപോലും ഈയുള്ളവനു തോന്നുന്നു.


For favours received



Excuse delay.
V. J. Lawrence.
Panavally

നും ആഴ്ചക്കാലത്തേക്കു പുറത്തേക്കിറങ്ങുകപോലും ചെയ്യരുതെന്നും ഉപദേശിച്ചുവിട്ടു."

* * *




അച്ഛൻ: "ഇയാൾക്കിട്ടു കല്ലുവലിച്ചെറിഞ്ഞോടാ?"

മകൻ: "അയ്യോ ഞാനയാളുടെ പട്ടിക്കിട്ടാ എറിഞ്ഞതു്."

അച്ഛൻ: "അയാൾക്കിട്ടായാലെന്താ, അയാളുടെ പട്ടിക്കിട്ടായാലെന്താ—എല്ലാം ഒന്നുപോലെയല്ലേ? അങ്ങനെ എറിയാമോ?"

* * *

മാനേജർ: "നിനക്കു ജോലി നല്ലവണ്ണം അറിഞ്ഞുകൂടാ; ചോദിക്കുന്ന കൂലി കൂടുതലുമാണ്."

ബാലൻ: "ജോലി നല്ലപോലെ അറിയാൻ പാടില്ലാത്തതുകൊണ്ടാണു് കൂലി കൂടുതൽ ചോദിക്കുന്നതു്. ഞാൻ കൂടുതൽ ബുദ്ധിമുട്ടേണ്ടിവരും."

ഗഥ്സെമ്മൻ താഴ്‌വരയിൽ പണ്ടൊക്കെ വിനോദിക്കുവാൻ വന്നിരുന്ന കവികൾ പ്രകൃതീദേവിയുടെ സ്വരൂപം സ്വപ്നം കണ്ടിരുന്നതു് ശൃംഗാരരസം തുളുമ്പുന്ന വർണ്ണനകളിലാണെങ്കിൽ, അവ്വിധം വേണ്ടാത്ത കവിതയെഴുതി പ്രകൃത്യാ പച്ചപിടിച്ച പശ്ചാത്തലങ്ങളെ ഹൃദയം വെന്തുനീറുന്ന ചുടലക്കളങ്ങളാക്കിത്തീർക്കുകയായിരുന്നുവെന്നും ഇനി മേലിൽ അവിടെയെല്ലാം കരുണരസം സ്ഥാനംപിടിക്കണമെന്നും ഇന്നത്തെ ജീവൽസാഹിത്യകാരന്മാർ പറയുന്നതിൽ കഴമ്പുണ്ടെന്നു് ഇതാ ഗഥ്സെമ്മൻ താഴ്‌വരയിലെ "ഡാമിയൻ ഇൻസ്റ്റിററ്യൂട്ട്" കുഷ്ഠരോഗികൾ വിളിച്ചുപറയുന്നു. കരുണരസം തികച്ചും ജീവൽസാഹിത്യപരമാണു്. അതിശയോക്തി കൂടാതെ വർണ്ണിക്കുവാൻ കഴിവുള്ള വസ്തുാംശം ഗഥ്സെമ്മൻതാഴ്‌വരയിലുണ്ടു്.

എവറെസ്റ്റു് ആക്രമണം വിജയമായിപ്പര്യവസാനിച്ച ഈ ഘട്ടത്തിൽ, ഫാദർ ചിററിലപ്പിള്ളി ആക്രമിച്ചിട്ടുള്ള ഒരു പർവ്വതാടിവാരത്തിൽ, ആരോടും ആക്രമണത്തിനു കോപ്പുകൂട്ടാതെ, ആരെയും അലട്ടാതെ, ഒഴിഞ്ഞൊരു താഴ്‌വരയിൽ ധ്യാനനിരതരായി "ഗഥ്സെമ്മൻ" താഴ്‌വരയിൽ പരിലസിക്കുന്നവരുടെ സാഹിത്യം വർണ്ണിക്കുന്നതിനു് എത്രയും എളുപ്പമാണു്. ഗഥ്സെമ്മൻ താഴ്‌വരയിലേക്കു് പടിഞ്ഞാറെ പർവ്വതഭിത്തിയിൽനിന്നു് മന്ദംമന്ദം അടന്നുവീഴുന്ന "തൂവെള്ളിക്കട്ട"കൾ ധാരധാരയായി നിലംപതിക്കുമ്പോൾ കാണുന്നതു് കേവലം താഴ്‌വരയിലെ മുത്തുമണികളാണെങ്കിൽ ഗഥ്സെമ്മൻ താഴ്‌വരയ്ക്കു് ഉടമസ്ഥത വഹിക്കുന്ന തൃശ്ശൂർ മെത്രാനച്ചന്റെ രജതജൂബിലിസ്മരണം അനവരതം കൊണ്ടാടുന്ന ആനന്ദബാഷ്പപ്രവാഹ മുകുളങ്ങളാണു്, അവ. ആ വെള്ളത്തുള്ളികളുടെ ആകത്തുകകൾകൂടി ഇടതൂരുമ്പോളുളവാകുന്ന നീർച്ചാലിൽ അത്ഭുതം പ്രവർത്തിക്കുന്ന നീരുറവ സംജാതമായിട്ടൊരു "ലൂർദ്" ജനിക്കയില്ലെന്നു നമുക്കു പറഞ്ഞുകൂടാ. അങ്ങനെ കുഷ്ഠരോഗനിവാരണം ചെയ്യുന്ന പുണ്യതീർത്ഥവും അവിടെ പ്രത്യക്ഷീഭവിക്കും. പ്രവചനവും വർണ്ണനവുംകൂടാതെ, ഡാമിയൻസ്ഥാപനത്തിന്റെ അടിത്തറമാത്രം ഉയർന്നുകഴിഞ്ഞിട്ടുള്ള പശ്ചാത്തലത്തിലിരുന്നു് ഈ ലേഖനം സമാപിക്കുമ്പോൾ ഭാവനയിലൂടെ നാം കാണുന്നതു നൂറിൽപ്പരം കുഷ്ഠരോഗികളുടെ സദനാവലിയും "ഡിസ്സൻസറി"യും വിശ്രമസ്ഥലങ്ങളുമൊക്കെയാണു്. പ്രതിവർഷം നാല്പതിനായിരത്തോളം രൂപയുടെ ചെലവു കണക്കാക്കുന്ന ഇവ. ഫാദർ പോൾ ചിററിലപ്പിള്ളിയുടെ ആശ്രയം ദൈവപരിപാലനയിലും സഹൃദയന്മാരുടെ മഹാമനസ്സിലും അവരുടെ ഔദാര്യത്തിലുമാണു് ദൈനംദിനം സിദ്ധിച്ചുവരുന്ന സംഭാവനകൾ അദ്ദേഹത്തെ വളരെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഈ ധീരസംരംഭത്തിൽ അദ്ദേഹത്തെ കൈയയഞ്ഞു സഹായിപ്പാനുള്ള മഹാന്മാർ ഇനിയും മുമ്പോട്ടു ചെല്ലേണ്ടതാണു്. "ഗഥ്സെമ്മൻ" താഴ്‌വരയിലെ "ഡാമിയൻ" സ്ഥാപനം വിജയിക്കുമാറാകട്ടെ.

For favours received




A devotee

## ചോദ്യോത്തരപംക്തി

ചോ: "നീ പത്രോസാകുന്നു; ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും" (മത്തായി 16.18) എന്ന വാക്യം കത്തോലിക്കർ പത്രോസിന്റെ പരമാധികാരം സ്ഥാപിക്കുവാനായി ഉദ്ധരിക്കാറുണ്ടു്. എന്നാൽ "പത്രോസ്" എന്ന പദം ഗ്രീക്കാണു്; അതിന്റെ അർത്ഥം പാറക്കഷണം എന്നുമാണു്. ആകയാൽ ഈ വാക്യത്തെ ആധാരമാക്കിയുള്ള നിങ്ങളുടെ വാദം തെററാണെന്നു സ്പഷ്ടമല്ലയോ?

ഉ: ഞങ്ങളുടെ വാദം തെററല്ല, ശരിയാണെന്നു സ്പഷ്ടമാക്കാം. ഗ്രീക്കിൽ "പേട്രോസ", "പേട്ര" എന്ന വ്യത്യസ്തശബ്ദങ്ങളാണു് ഉപയോഗിച്ചിരിക്കുന്നതു് എന്നു സമ്മതിക്കുന്നു. ആ ശബ്ദങ്ങൾ അതേപടി വിവാദവിഷയമായവാക്യത്തിൽ ഉൾപ്പെടുത്തുന്നപക്ഷം അതിപ്രകാരമായിരിക്കും: "നീ പേട്രോസ് ആകുന്നു; ഈ പേട്രമേൽ എന്റെ സഭയെ ഞാൻ പണിയും." എന്നാൽ ക്രിസ്തു സംസാരിച്ച ഭാഷ ഗ്രീക്കല്ല; അറാമായ അഥവാ കൽദായ സുറിയാനി ആണു്. വി. മത്തായി തന്റെ സുവിശേഷമെഴുതിയതും ആ ഭാഷയിലാണു്. ആ ഭാഷയിൽ രണ്ടിടത്തും "കേപ്പ" എന്നാണു പ്രയോഗിച്ചിട്ടുള്ളതു്.

"കേപ്പ" എന്ന സംജ്ഞയുടെ വിവർത്തനമാണു "പേട്രോസ്" എന്നതിനു യോഹന്നാൻ 1-ാം അദ്ധ്യായം 42-ാം വാക്യവും സാക്ഷ്യം വഹിക്കുന്നു. ഈശോ ശെമവോന്റെ പേരു മാററുന്ന രംഗം വിവരിക്കുന്ന കൂട്ടത്തിൽ വിശുദ്ധ ഗ്രന്ഥകാരൻ പറയുന്നു: "ഈശോ അവനെ സൂക്ഷിച്ചുനോക്കി. നീ യോനായുടെ പുത്രനായ ശെമവോൻ ആകുന്നു; നീ കേപ്പ എന്നു വിളിക്കപ്പെടും എന്നരുളിച്ചെയ്തു." സുറിയാനി ബൈബിളിലുള്ള വാക്യത്തിന്റെ ശരിവിവർത്തനമാണിതു്. എന്നാൽ ഗ്രീക്കു മൂലത്തിലും ലത്തീനിലും ഒരു വിശദീകരണം കൂടിയുണ്ടു്. പ്രസ്തുത ഭാഷകളിലുള്ള വാക്യം ഇപ്രകാരം തർജ്ജിമചെയ്യാവുന്നതാണു്: "ഈശോ അവനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് അരുളിച്ചെയ്തു: നീ യോനായുടെ പുത്രനായ ശീമോനാകുന്നു. എന്നാൽ നീ കേപ്പ—പത്രോസെന്നാണു് ഇതിന്റെ അർത്ഥം—എന്നു വിളിക്കപ്പെടും." ആകയാൽ കേപ്പയും പത്രോസും ഒരാളിന്റെ പേരിനെത്തന്നെ കുറിക്കുന്നതിനു സുറിയാനിയിലും ഗ്രീക്കിലുമുള്ള ഭിന്നരൂപങ്ങളാണെന്നു തെളിയുന്നു.

"കേപ്പ" എന്ന ശബ്ദം ഉൾപ്പെടുത്തുമ്പോൾ പ്രതിപാദ്യവിഷയമായ വാക്യം ഇപ്രകാരമാകുന്നു: "നീ കേപ്പ ആകുന്നു. ഈ കേപ്പമേൽ എന്റെ സഭയെ ഞാൻ പണിയും." കേപ്പ എന്ന വാക്കിന്റെ അർത്ഥം പാറ എന്നാകുന്നു. ആകയാൽ തനി മലയാളത്തിൽ ആ വാക്യം ഇപ്രകാരം തർജ്ജിമചെയ്യാം. "നീ പാറയാകുന്നു. ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും."

ഗ്രീക്കുവിവർത്തകൻ പിന്നെ എന്തിനു ശെമവോന്റെ അപരനാമത്തെ കുറിക്കുന്നതിനു "പേട്രോസ്" എന്നും സഭയുടെ അടിസ്ഥാനത്തെ കുറിക്കുന്നതിനു "പേട്ര" എന്നും രണ്ടു വ്യത്യസ്തനാമങ്ങൾ പ്രയോഗിച്ചു എന്നതാണു് പ്രശ്നം. ഗ്രീക്കു, ലത്തീൻ, സംസ്കൃതം തുടങ്ങിയ പ്രാചീനഭാഷകളിൽ പാറ, കല്ലു്, നദി, പർവ്വതം തുടങ്ങിയ അചേതനവസ്തുക്കൾക്കുപോലും ലിംഗവ്യത്യാസം കല്പിക്കുന്നുണ്ടു് അതനുസരിച്ചു് 'പേട്ര' സ്ത്രീലിംഗമാണു്. പുരുഷനായ പത്രോസിനു സ്ത്രീലിംഗാന്തമായ ഒരു സംജ്ഞ (പേട്ര) യോജിക്കുന്നില്ലെന്നു വിവർത്തകൻ വിധിച്ചതിനാൽ പേട്രോസ് എന്ന പുല്ലിംഗാന്തമായ സംജ്ഞ പ്രയോഗിച്ചു: "പാറ" എന്നുമാത്രം അർത്ഥമുള്ള "പേട്ര" അനന്തരഭാഗത്തു പ്രയോഗിക്കുകയും ചെയ്തു.

"പേട്രോസ്" എന്ന ശബ്ദത്തിനു സാധാരണ ഗ്രീക്കിൽ പാറ എന്നും പാറക്കഷണം എന്നും അർത്ഥമുണ്ടു്. സൊഫൊക്ലെസ്സ് എന്ന ഗ്രന്ഥകാരൻ ഈ ശബ്ദം "പാറ" എന്ന അർത്ഥത്തിൽ മൂന്നുപ്രാവശ്യം പ്രയോഗിച്ചിട്ടുണ്ടു്. പ്രകൃതത്തിൽ ഏതർത്ഥമാണു ഗ്രീക്കു വിവർത്തകൻ വിവക്ഷിക്കുന്നതു എന്നത്രെ ചിന്തിക്കുവാനുള്ളതു്. "ഈ പാറമേൽ" എന്ന പ്രയോഗത്തിലെ "ഈ" എന്ന, വ്യാകരണഭാഷപ്രകാരം, ചൂണ്ടെഴുത്തു "പേട്രോസ്","പേട്ര" എന്ന രണ്ടു ശബ്ദങ്ങൾകൊണ്ടും വിവർത്തകൻ വിവക്ഷിക്കുന്നതു ഒന്നുതന്നെയാണെന്നു് അനുമാനിക്കാം. "പേട്ര" എന്ന ശബ്ദത്തിനു (ഇളകാത്ത) പാറ എന്ന അർത്ഥം മാത്രമുള്ളതിനാൽ ഈ അർത്ഥത്തിൽത്തന്നെയാണു "പേട്രോസ്" എന്ന ശബ്ദവും പ്രയോഗിച്ചിരിക്കുന്നതെന്നും അനുമാനിക്കാം. മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ പുല്ലിംഗരൂപം ഉപയോഗിക്കാനുള്ള ആഗ്രഹത്താലാണു് വാക്യത്തിന്റെ ആദ്യഭാഗത്തു "പേട്ര" എന്ന ശബ്ദം ഉപയോഗിക്കാതിരുന്നതു്.

അക്രൈസ്തവ പണ്ഡിതന്മാർ ഉപയോഗിച്ചുവന്ന ക്ലാസ്സിക്കൽ ഗ്രീക്കിൽ "പേട്രോസ" എന്ന ശബ്ദത്തിനു പാറക്കഷണം എന്നും അർത്ഥമുണ്ടെങ്കിലും ബൈബിളിൽ "പേട്ര" എന്ന വാക്കിന്റെ പര്യായപദമായി പാറ എന്ന അർത്ഥത്തിൽ മാത്രമാണു് അതു പ്രയോഗിച്ചിട്ടുള്ളതു എന്നതിനു പ്രോട്ടസ്റ്റൻറുകാർതന്നെ എഴുതിയിട്ടുള്ള ഗ്രീക്കുവ്യാകരണവും ശബ്ദകോശവും സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറുകാരുടെ ഒരു സംഘടനയായ The Religious Tract Society താഴെപറയുന്ന പേരിൽ, പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുഭാഷയുടെ വ്യാകരണവും ശബ്ദകോശവും അടങ്ങിയ ഏററവും പ്രയോജനപ്രദമായ ഒരു ഗ്രന്ഥം പ്രസിദ്ധം ചെയ്തിട്ടുണ്ടു: Handbook to the Grammar of the Greek Testament, together with a Complete Vocabulary, and an examination of the chiet New Testament Synonyms. അതിൽ "പേട്ര" എന്ന ശബ്ദത്തിനു പാറ (Rock) എന്നു് അർത്ഥം കൊടുത്തശേഷം തൊട്ടു താഴെയായി "പേട്രോസ്" എന്ന ശബ്ദത്തിന്റെ അർത്ഥം ഇപ്രകാരം കൊടുത്തിരിക്കുന്നു. Petros= Peter, Greek for the Heb. (Chald.) *kepha, rock*. Same wi h *Petra* but with the termination of a masc-name. "പേട്രോസി"നും "പേട്ര"യ്ക്കും ഒരർത്ഥമാണുള്ളതെന്നും രണ്ടിന്റെയും അർത്ഥം പാറ എന്നാണെന്നും രണ്ടും തമ്മിലുള്ള വ്യത്യാസം ഒന്നു പുല്ലിംഗാന്തവും മറേറതു സ്ത്രീലിംഗാന്തവുമാണു് എന്നതാണെന്നും ഇതിൽനിന്നും വ്യക്തമാകുന്നു. എന്നിട്ടും നമ്മുടെ പ്രോട്ടസ്റ്റൻറു സഹോദരങ്ങൾ മത്തായി 16, 18-ലെ പത്രോസ് എന്ന ശബ്ദത്തിനു പാറക്കഷണം എന്നാണു് അർത്ഥമെന്നു ജല്പിക്കുന്നതാണു ആശ്ചര്യകരമായിരിക്കുന്നതു്.

പ്രോട്ടസ്റ്റൻറുകാരിൽത്തന്നെ ഋജുബുദ്ധികളായുള്ള ആൽഫോർഡ, ബ്ലൂംഫീൽഡ്, കെയിൽ, മാർസൽ, മാർഷ്, റോസ് മുള്ളർ, സയിഫെർട്ട്, തോംപ്സൺ വെയിസ് തുടങ്ങിയവർ, മത്തായി 16,18-ൽ പാറ എന്നു പറഞ്ഞിരിക്കുന്നതു പത്രോസിനെ ഉദ്ദേശിച്ചാണെന്നു സമ്മതിക്കുന്നു. (See The Question Box Page 148). ഗ്ലാസ്ഗൊ സർവ്വകലാശാലയിലെ തൊംപസൺ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു: "ക്രിസ്തു യാതൊന്നിന്റെ മേൽ തന്റെ സഭ പണിചെയ്യപ്പെടണമെന്നു പറഞ്ഞുവോ ആ പാറ പത്രോസാകുന്നു. പ്രസ്തുതവാക്യങ്ങളുടെ പരസ്പരബന്ധവും ഉദ്ദേശ്യവും ഇതിനനുകൂലമാണു്. മറുവിധത്തിലുള്ള അന്വയങ്ങളിലെല്ലാം (Construction) എന്തോ ബലം ചെയ്തു കുട്ടിച്ചേർക്കുന്നതുപോലെ തൊന്നും...പ്രോട്ടസ്റ്റൻറുകാർ ആവശ്യമില്ലാത്ത ഭയാശങ്കകൾ സ്വയം പ്രകാശിപ്പിക്കുകയും തദ്വാരാ, കത്തോലിക്കരുടെ വ്യാഖ്യാനത്തെ ന്യായവാദം ചെയ്തു തള്ളിക്കളയുവാൻവേണ്ടി നിയമവിരുദ്ധമായ വിമർശനത്തിന്റെ എല്ലാത്തരം ധിക്കാരവും പ്രയോഗിക്കുകയും ചെയ്തിട്ടുണ്ടു്."

നിഷ്പക്ഷബുദ്ധിയോടുകൂടി മത്തായി 16-ാം അദ്ധ്യായം 13 മുതൽ 19വരെ വാക്യങ്ങൾ വായിക്കുന്നവർക്കു അവയെ ആധാരമാക്കി, പത്രോസിന്റെ പരമാധികാരത്തിനു, അനുകൂലമായി കത്തോലിക്കർ നടത്തുന്ന വാദം ഏററവും യുക്തിയുക്തമാണെന്നു ബോദ്ധ്യപ്പെടുന്നതാണു്.

ജീവചരിത്രപംക്തി

# ഈനിഡ് ഡിന്നിസ്

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

കത്തോലിക്കാ കഥാകൃത്തുക്കൾക്കു് ഒരു മനോഹരമാതൃകയാണു് ഈനിഡ് ഡിന്നിസ്. മനുഷ്യജീവിതത്തിൽ മതവിശ്വാസത്തിനുള്ള സാധീനശക്തി സ്വൈരമായി ചിത്രീകരിക്കുകയാണു് അവളുടെ ചെറുകഥകളിലും നോവലുകളിലും മിസ് ഡിന്നിസ് ചെയ്യുന്നതു്. അവൾ അനുമിച്ചു. ശുദ്ധാത്മകഥകളും ഭൂതകഥകളും അനുവാചകർക്കു പ്രിയംകരമാണെങ്കിൽ, അതിലുമേറെ ആകർഷകമായിരിക്കും അവർക്കു ആത്മികജീവിതത്തേയുംതദ്രഹസ്യങ്ങളേയുംപററി പ്രതിപാദിക്കുന്ന കഥകളെന്നു്. ഈ അനുമാനത്തിന്റെ ഫലമായാണു് അവളുടെ കത്തോലിക്കാ ചെറുകഥകൾ അവതരിച്ചതു്. Mystics All എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ പതിനൊന്നു ചെറുകഥകളുടെ സമാഹാരമാണെന്നു തോന്നുന്നു അവളുടെ ചെറുകഥാഗ്രന്ഥങ്ങളിൽ ഏററവും മെച്ചം.

ഈനിഡ് ഡിന്നിസ് (സ്വകാര്യജീവിതത്തിൽ അവൾ മിസിസ്സ് വിച്ചാം ക്യാസെൽ ആയിരുന്നു) 1873-ൽ ലണ്ടനിൽ ജനിച്ചു അവളുടെ അച്ഛൻ ഒരു ആംഗ്ലിക്കൻ വൈദികനായിരുന്നു. അവൾ ഇരുപത്തിനാലാമത്തെ വയസ്സിൽ ബെൽജിയത്തിൽവച്ചു കത്തോലിക്കാമതം സ്വീകരിച്ചു. നേരംപോക്കിനായി അവൾ തെരഞ്ഞെടുത്ത തൊഴിൽ ഒരു കത്തോലിക്കാഗ്രന്ഥശാലയിൽ ശാലാദ്ധ്യക്ഷനെ സഹായിക്കുക എന്നതായിരുന്നു. ഒരു കത്തോലിക്കാകഥാകൃത്തു് എന്ന നിലയിൽ അഖിലസമ്മതമായ അംഗീകാരം സമ്പാദിച്ചതിനുശേഷം, 1942-ൽ അവൾ ചരമമടഞ്ഞു.

അവളുടെ നോവലുകൾ പലതും ചരിത്രപരമാണു്. The Three Roses ഹെൻട്രി ആറാമന്റെ കഥയാണെങ്കിൽ, Bess of Cobb's Hall ഒരു മൗതികവാദിനിയായ എലിസബെത്ത് ബാർട്ടന്റെ ജീവിതകഥയത്രെ. The Anchorhold—ം The Shepherd of Weeping Wold—ം മദ്ധ്യശതകങ്ങളിലെ ഇംഗ്ലണ്ടിനെ ചിത്രീകരിക്കുന്നു.

## അറിയിപ്പു

പുതിയകാവു്, ഉദയമ്പേരൂർ, കണ്ടനാട്ടു് എന്നീ സ്ഥലങ്ങളിലെ സത്യദീപം ഏജൻറായി പുതിയകാവു് സെൻറു് വിൻസെൻറു് ഡി പോൾ സംഘം സെക്രട്ടറിയെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

നോവലുകളെക്കാൾ പ്രസിദ്ധിയും അംഗീകാരവും ആർജ്ജിച്ചതു് ആദ്ധ്യാത്മികജീവിതത്തെ പരാമർശിച്ചു രചിച്ചിട്ടുള്ള പുതുമകലർന്ന വിദഗ്ദ്ധമായ അവളുടെ ചെറുകഥകളാണു്.

By Fancy's Footpath, The Curtain Rises, God's Fairy Tales, In Merlac's Mirror, Once upon Eterniy, Travellers' Tales—ഇവയെല്ലാം അവളുടെ ചേതസ്സമാകർഷകങ്ങളായ ചെറുകഥാസമാഹാരങ്ങളത്രെ.

സാഹിത്യവാസനയ്ക്കും നൈപുണിക്കും മതപരമായ വിഷയങ്ങളുമായി കൈകോർത്തു പോകുവാൻ കഴിയുമെന്നു അവളുടെ കഥകളും നോവലുകളും വിശദമാക്കുന്നു. പലർക്കും ഒരു ധാരണയുണ്ടു്, സാഹിത്യവും മതവും മോരും മുതിരയും പോലെയാണെന്നു്. ഒരു മിടുക്കിയായ പാൽവില്പനക്കാരിയെപ്പോലെ, ഈനിഡ് ഡിന്നിസ് കാണിച്ചുകൊടുത്തു അവ വെള്ളവും പാലും പോലെയാണെന്നു്.

കഥാപാത്രങ്ങളുടെ ജീവിതത്തിൽ ആദ്ധ്യാത്മികചൈതന്യം അലതല്ലുന്നതാണു് അവളുടെ പല കഥകളിലേയും തന്തു. മികവുള്ള ഇതിവൃത്തം, ഊഹാപോഹശക്തികളെ അലട്ടുന്ന അനിശ്ചിതത്വം, നിപുണമായ പാത്രനിർമ്മാണം ഇവയെല്ലാം അവളുടെ കഥകളുടെ പ്രധാനഘടകങ്ങളത്രെ.

കഥാകൃത്തുക്കൾക്കു് ഒരു മാതൃകയും അനുവാചകർക്കു് ഒരു ആനന്ദവുമാണു് ഈനിഡ് ഡിന്നിസിന്റെ കഥകൾ.

ഹാസ്യഭാവന

# രണ്ടുതുള്ളി മഷി മാത്രം!

(പി. ഒ.)

വക്കി തൻെറ ചെറുപുരയിടത്തിൽ നട്ടുപിടിപ്പിച്ചിരുന്ന മരച്ചീനിത്തണ്ടുകളുടെ ഇടകിളച്ചു പുല്ലു പെറുക്കിക്കൊണ്ടിരിക്കുകയായിരുന്നു. നേരം ഉച്ചകഴിഞ്ഞു. വെയിലാറി. വക്കി വലിയ അദ്ധ്വാനിയാണു്. അയാൾക്കു സ്വന്തമായി ആകെ അരയേക്കർ സ്ഥലമേയുള്ളു. എങ്കിലും, അതിലൊരിഞ്ചുസ്ഥലം പോലും വെറുതെയിട്ടേക്കാതെ, മുഴുവൻ പലതരം കൃഷികൾകൊണ്ടു നിറച്ചിരിക്കുകയാണു്. അയാൾക്കു വയലില്ല. അതിനാൽ റേഷനരി വാങ്ങുകയാണു പതിവു്. അതുകൊണ്ടു തികഞ്ഞുപററാതെ വരുന്നതു ബ്ലാക്കിലും വാങ്ങും. നിത്യവൃത്തിക്കുള്ള മററാവശ്യങ്ങളെല്ലാം ആ പറമ്പിലെ കൃഷികൊണ്ടു നടന്നുപോകും. സർവ്വനേരവും കിളയ്ക്കുകയാണയാളുടെ തൊഴിൽ. അതുകൊണ്ടു "കൂന്താലിവക്കി"യെന്നും ചിലർ അയാളെ വിളിക്കാറുണ്ടു്. അയാൾക്കതൊരു അഭിമാനമായിട്ടേ തോന്നിയിട്ടുള്ളു. "മറെറാരു കുററവും പറഞ്ഞു മറുപേരു വിളിക്കാനില്ലാഞ്ഞിട്ടായിരിക്കണമല്ലോ, അവരെന്നെ "കൂന്താലിവക്കി"യെന്നു വിളിക്കുന്നതു്. അതു്, എനിക്കവർ അറിയാതെ നൽകുന്ന ഒരു നല്ലനടത്തസ്സർട്ടിഫിക്കേററാണു്." ഇതായിരുന്നു അയാളുടെ യുക്തി.

കുറേനേരം കിളച്ചപ്പോൾ വക്കിക്കു ദാഹിച്ചു. അയാൾ ഭാര്യയെ വിളിച്ചു കുറെ മോരുംവെള്ളം കൊണ്ടുവരാൻ പറഞ്ഞു. ആ സ്ത്രീ ഒരു വലിയ വെള്ളക്കോപ്പ നിറയെ മോരുംവെള്ളം കൊണ്ടുവന്നു കൊടുത്തിട്ടു്, അയാൾ അതു കുടിക്കുന്നതിനിടയിൽ, അവളും കുറെ പുല്ലുപെറുക്കാൻ ഭാവിച്ചു. അപ്പോഴുണ്ടു് എട്ടുപത്തുപേർ കൂട്ടമായി അങ്ങോട്ടു നടന്നുവരുന്നു. വക്കിതലയുയർത്തി നോക്കി. എന്തായിരിക്കാം കഥയെന്നു് അയാൾ ആദ്യം ഒന്നു ബ്രമന്നു. കാലം വല്ലാത്തതാണല്ലോ. എങ്കിലും, അയാൾക്കു് രാഷ്ട്രീയമൊന്നുമില്ല. കപ്പയ്ക്കു നല്ല മുഴുത്ത കിഴങ്ങുകൾ ഉണ്ടാവണം; ഏത്തവാഴയ്ക്കു നല്ല കുലകൾ ഉണ്ടാവണം; തെങ്ങിനു മണ്ടപ്പുഴു വീഴരുതു്—ഇത്രമാത്രമാണയാളുടെ രാഷ്ട്രീയം.

"എല്ലാരുംകൂടി ഇങ്ങോട്ടാണല്ലോ"—മറിയ പറഞ്ഞു.

"എന്തു പൊല്ലാപ്പാണോ,ദൈവമെ!"—വക്കി ആശങ്ക പ്രകടിപ്പിച്ചു.

"നമ്മള് വല്ല പണിമുടക്കിലോ മറേറാ കൂടീട്ടൊണ്ടോ?"—മറിയ പശ്ചാത്തലസാദ്ധ്യതകൾ ആരാഞ്ഞു.

"ഈ ഓണംകേറാമൂലയിലെന്നാ പണിമുടക്കാനാ? നമുക്കു പണിയും പണിമുടക്കുമെല്ലാം ഈ പറമ്പിൽത്തന്നെ. നമ്മുടെ മൊതലാളി ഇവനാണു്"—വക്കി ആ കൂന്താലിയിൽ തൊട്ടുകാണിച്ചു.

അപ്പോഴേക്കു്, അങ്ങോട്ടുവന്ന എട്ടുപത്തുപേർ വക്കിയുടെ സമീപത്തെത്തി. വക്കി, ഏതായാലും, കൂന്താലി കൈയിൽത്തന്നെ പിടിച്ചുകൊണ്ടു്, മിണ്ടാതെനിന്നു. വന്നവരുടെ കൂട്ടത്തിൽ ചില വെളുത്ത മുണ്ടുകാരും ജൂബ്ബാക്കാരും ഒക്കെയുണ്ടായിരുന്നു. വക്കിക്കു പരിചയമുള്ള ഒന്നുരണ്ടു മുഖങ്ങളും അക്കൂട്ടത്തിൽ കാണപ്പെട്ടു. അവരിൽ ഒരുവൻ:—"ഞങ്ങൾ വക്കിച്ചേട്ടനെ ഒന്നു കാണാനാ വന്നതു്."

വക്കി:—എന്താ വിശേഷം? എല്ലാവരുംകൂടി വന്നപ്പോൾ, തക്കതായ ഏതോ കാര്യം കാണുമല്ലോ.

മറെറാരാൾ:— സ്വല്പകാര്യമുണ്ടു്; പറയാം.

വക്കി:—(തൻെറ ചെററപ്പുരചൂണ്ടിക്കാണിച്ചുകൊണ്ടു്) എന്നാൽ നമുക്കങ്ങോട്ടു കേറിയിരിക്കാം.

എല്ലാവരുംകൂടി നടന്നു വക്കിയുടെ വീട്ടുമുററത്തെത്തി.

വക്കിയുടെ മൂത്തമകൻ തോമായ്ക്കു് കല്യാണം ആലോചിക്കാൻ വന്ന കൂട്ടരാണെന്നു്, ഇതിനിടയിൽ, വക്കിയും ഭാര്യയും മനസ്സിൽ ഉറപ്പിച്ചുകഴിഞ്ഞു. തോമാ കെട്ടുന്നില്ലെന്ന പിടിവാദം മൂത്തുനില്ക്കുകയാണെന്നുള്ള കഥ ഒരു ഗാർഹികരഹസ്യമാണു്. മറെറാന്നുംകൊണ്ടല്ല. "അച്ചൻപട്ട"മേല്ക്കണമെന്നാണവൻെറ നോട്ടം. അതിനൊരു ചാൻസു് ഉണ്ടത്രെ.

മറിയ കുറേ പായ്കൊണ്ടുവന്നു് ഇറയത്തുംമററുമായി നിവത്തുവിരിച്ചു. വന്നവർ അവിടവിടെ ഇരുന്നു. വക്കിതന്നെ മുഖവുരയായി സംഭാഷണം ആരംഭിച്ചു:—

"നിങ്ങൾ വന്നകാര്യം ഏതാണ്ടു ഞങ്ങൾക്കു മനസ്സിലായി. പക്ഷെ, എന്തു ചെയ്യാം! ഇവിടെ ഇതിനകം പലകൂട്ടർ വന്നിട്ടുപോയി. ചെറുക്കൻ അടുക്കുന്നില്ല. ഞാനും അവൻെറ അമ്മയും ആവുന്നതു പറഞ്ഞുനോക്കി. വല്ലതും നാലുപുത്തൻ കിട്ടിയാൽ ഞങ്ങൾക്കതൊരു സഹായമായിരുന്നേനെ എന്നതിനെപ്പററി അവൻ ഓർക്കുന്നില്ല. അവനു് അച്ചൻപട്ടമേല്ക്കണമെന്നാണു മോഹമെന്നു് ആരോ പറയുന്നതുകേട്ടു. ഞങ്ങളുടെ കഷ്ടകാലമെന്നല്ലാതെ എന്തുപറയട്ടെ. ഞങ്ങൾക്കു് ആകെക്കൂടി അവനൊന്നേയുള്ളു. അവനിങ്ങനെ തുടങ്ങിയാൽ ഈ കുടുംബം അരുതിവന്നു പോകുകയേയുള്ളു. അതുകൊണ്ടു നിങ്ങൾ വന്നകാര്യം നടപ്പില്ലെന്നാണു് എനിക്കു ആദ്യമേതന്നെ നിങ്ങളെ അറിയിക്കാനുള്ളതു്."

വന്നവരിൽ ഒരാൾ:—ഞങ്ങൾ കല്യാണാലോചനയ്ക്കും മററും വന്നവരല്ല, വക്കിച്ചേട്ടാ. അതുകൊണ്ടു വിഷമിക്കണ്ട.

വക്കി:—ഓഹോ! എനിക്കു തെററിപ്പോയി. പിന്നെയെന്താണു കാര്യമെന്നു പറഞ്ഞാലറിയാം.

രണ്ടാമൻ:—പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ജയിച്ച നമ്മുടെ കുഞ്ചുപ്പണിക്കരെ അനുമോദിക്കാൻ ഇന്നു് ആൽത്തറസ്കൂൾവച്ചു് ഒരു മീററിംഗു കൂടുന്നുണ്ടു. അതിലേക്കു് ഒരു അദ്ധ്യക്ഷനെ ത്തേടി ഇറങ്ങിയിരിക്കുകയാണു ഞങ്ങൾ. തയ്യൽക്കാരൻ ഔസേപ്പിനെത്തിരക്കിയപ്പോൾ, അവൻ തയ്യൽമെഷീൻ നന്നാക്കിക്കാൻ പോയിരിക്കുകയാണു്. എന്നു വേണ്ടാ, ഈ കരയിലാകെ തേടിനടന്നു. ഒററകുഞ്ഞിനെ കിട്ടിയില്ല. ചായക്കട പപ്പുശ്ശാരു് ഒരു വിലക്കംവന്നു കിടപ്പിലാണു്. അല്ലെങ്കിൽ അയാളെ കൊള്ളിക്കാമായിരുന്നു. അതുകൊണ്ടു വക്കിച്ചേട്ടൻ ഇന്നത്തേക്കു വന്നു ഞങ്ങളെ ഒന്നു സഹായിച്ചേ തീരൂ.

വക്കി:—അയ്യോ! നിങ്ങൾ എന്തൊരാപത്താണീപ്പറയുന്നതു്! ഒന്നാമതു് എനിക്കു് ഈ പറമ്പിലെ പണിവിട്ടിട്ടു് എങ്ങോട്ടും തിരിയാൻ നേരമില്ല. ഇനിയും കിടക്കുന്നു ആയിരത്തിൽച്ചില്വാനം മരച്ചീനിയുടെ മൂട്ടുകിളയ്ക്കാൻ. ഈ തെങ്ങിൻെറയൊക്കെ ചുവട്ടിൽ തടമെടുക്കാൻ കിടക്കുന്നു. തന്നെയല്ല, ഞാനും, ഞങ്ങളുടെ കുടുംബത്തിൽ ഇതേവരെയാരും കൂലിവേലയ്ക്കു പോയിട്ടുമില്ല. പോരെങ്കിൽ നിങ്ങളീപ്പറയുന്ന പണി എനിക്കൊട്ടു വശവുമില്ല. അല്ലെങ്കിൽപ്പിന്നെ, എന്തെങ്കിലുമാകട്ടെ, ഒരുദിവസത്തേക്കു വന്നു ഞാൻ അതു ചെയ്തുതരാമെന്നു വയ്ക്കാമായിരുന്നു.

മൂന്നാമൻ:—വക്കിച്ചേട്ടാ, യോഗത്തിൽ അദ്ധ്യക്ഷനാകുക എന്നതു് ഒരു കൂലിവേലയല്ല. വലിയ ബഹുമതിയുള്ള ഒരു സ്ഥാനമാണതു്; അറിയാമോ?

വക്കി:—എന്നാൽ പിന്നെ നിങ്ങളിൽ ആർക്കെങ്കിലും ഒരാൾക്കു് അതങ്ങു ചെയ്തുകൂടേ?

രണ്ടാമൻ:—അതോ, പറയാം. യാതൊരു പാർട്ടിയിലും പെടാത്ത ഒരാൾ ആയിരിക്കണം ഇന്നത്തെ യോഗത്തിൻെറ അദ്ധ്യക്ഷൻ എന്നു ഞങ്ങൾക്കാഗ്രഹമുണ്ടു്. ഈ കരയിലെല്ലാം തിരക്കിയതിൽ അങ്ങനെയൊരാൾ വക്കിമാപ്പിള മാത്രമേയുള്ളു.

വക്കി:—എന്നു കരുതേണ്ടാ; ഞാൻ ഒന്നാന്തരം നസ്രാണിപ്പാർട്ടിയിൽപ്പെട്ടവനാണു്.

എല്ലാവരും കൂട്ടം ചിരിച്ചു.

വക്കി തുടന്നു:—ആകട്ടെ, ഞാൻ എന്തുചെയ്യണം?

നാലാമൻ:—താങ്കളെ ഞങ്ങൾ, കൊടി, കുട, പാണ്ടിവാദ്യം, നാഗസ്വരം മുതലായ മേളങ്ങളോടുകൂടെ വന്നു എതിരേററു കൊണ്ടുപോകും.

വക്കി:—എപ്പോൾ?

ഒരുവൻ:—നാളെ ഉച്ചകഴിഞ്ഞു നാലുമണിക്കു്.

വക്കി:—അയ്യോ, നാളെയോ! നാളെ എനിക്കു പാറുകയില്ല. നാളെ ഉച്ചകഴിഞ്ഞു് ഇവിടെനിന്നു് അഞ്ചെട്ടുനാഴിക ദൂരെ ഒരാൾ കുറേ ചാരവും ചാണകവും തരാമെന്നു പറഞ്ഞിട്ടുണ്ടു്. അതു കൊണ്ടുവരാൻ പോകണം. നാളെ രാത്രിക്കേ തിരിയെവരൂ. യോഗം നാളെ കഴിഞ്ഞാക്കാൻ പാറുമോ?

ഒന്നാമൻ:—അതു സാദ്ധ്യമല്ല. നാളത്തെ തീയതിവച്ചു നോട്ടീസടിച്ചു പരസ്യംചെയ്തുപോയി.

വക്കി:—എന്നാൽ ചാരവും ചാണകവും നിങ്ങൾ തന്നാൽ ഞാൻ വരാം.

വന്നവർ:—അതു ഞങ്ങളേററു.

വക്കി:—എന്നാലിനി നോക്കട്ടെ. കേട്ടോ......! ഇവിടെ മുണ്ടും കുറിയതും അലക്കിയതിരിപ്പുണ്ടോ?

(അടുക്കളയിൽനിന്നു്) ആ ചുവടുപൊടിഞ്ഞ കേമ്പിരിമുണ്ടു് അലക്കിയിരിപ്പുണ്ടു്. കുറിയതിരിപ്പില്ല!

വന്നവരിൽ ഒരാൾ:—അദ്ധ്യക്ഷനു കുറിയമുണ്ടു പോര, ഒരു ജൂബ്ബാ വേണം.

വക്കി:—അതിനിനി എവിടെപ്പോകുന്നു?

മറെറാരുവൻ:—ഒരു ജൂബ്ബാ ഇന്നു വൈകിട്ടു ഞാനിവിടെ കൊടുത്തയക്കാം. എൻെറ ഇളയചെറുക്കൻേറതാണു്. അവനു മററന്നാൾ ഒരു കോൺഗ്രസ്സുയോഗത്തിനിട്ടുകൊണ്ടു പോകാനുള്ളതാണു്. അതിനാൽ മീററിംഗുകഴിഞ്ഞാലുടൻ അതു് അങ്ങു തിരിയെക്കൊടുത്തയക്കണം. (അടുക്കളഭാഗത്തുനിന്നു്) മുണ്ടിൻെറ ചുവടു സ്വല്പം പൊടിഞ്ഞതാണു്. ഇരിക്കയും എഴുന്നേല്ക്കുകയും ചെയ്യുമ്പോൾ സ്വല്പം സൂക്ഷിച്ചാൽ മതി.

വക്കി:—അദ്ധ്യക്ഷൻ യോഗത്തിൽ വന്നിട്ടു് എന്തുചെയ്യണം? അതൊക്കെ പറഞ്ഞുതരണം. അല്ലെങ്കിൽ ഞാൻ ചുററിപ്പോകും.

ഒരാൾ:—ഒരു പ്രസംഗം ചെയ്യണം.

വക്കി:—അതുമാത്രം എന്നോടു പറയരുതു്. എന്നെക്കൊണ്ടു് ഈ ജന്മത്തു് അതു സാദ്ധ്യമല്ല.

മറെറാരാൾ:—എന്നു പറഞ്ഞാലൊക്കുമോ? എന്തെങ്കിലും പറഞ്ഞാൽ മതി.

വക്കി:—അതിനു ഞാൻ ഒന്നും പഠിച്ചിട്ടില്ലല്ലോ.

സ്വല്പം പ്രായംകൂടിയ ഒരാൾ:— എടോ നമ്മൾ രണ്ടാംക്ലാസ്സിൽ പഠിക്കുന്നകാലത്തു ഭൂമിശാസ്ത്രം പഠിച്ചതോർമ്മയില്ലേ?

വക്കി:— അതിവിടെപ്പറയാൻ കൊള്ളാമോ?

സ്നേഹിതൻ:—അതു മതിയെടോ?

വക്കി:—അതും മിക്കവാറും മറന്നുപോയല്ലോ. അക്കാലം കഴിഞ്ഞിട്ടു് ഇപ്പോൾ വർഷം കുറെ ആയില്ലേ?

സ്നേഹിതൻ:—എന്നാൽ കേട്ടോളൂ. ഞാൻ സ്വല്പം പറഞ്ഞുതരാം. "നാം അധിവസിക്കുന്ന ഭൂമി വലിയൊരു ഗോളമാണു്..."

വക്കി:—ഓ, ശരി! ഇതൊക്കെ അന്നു് ഗോപാലപിള്ളസ്സാർ പഠിപ്പിച്ചതു് ഇപ്പോഴും ഓർമ്മയിൽനിന്നു തീരെ മറഞ്ഞുപോയിട്ടില്ല.

സ്നേഹിതൻ:—താൻ, നല്ല ഉറച്ചസ്വരത്തിൽ, യാതൊരു പരുങ്ങലും കൂടാതെ, ഇതങ്ങോട്ടു തട്ടിവിട്ടേച്ചാൽ മതി. ബാക്കിയൊക്കെ ഞങ്ങളേററു.

* * *

അന്നത്തെ പബ്ളിക്കു മീററിംഗിൻെറ ആദ്യചടങ്ങു് അദ്ധ്യക്ഷനെ ആഘോഷപൂർവ്വം എതിരേല്ക്കുക എന്നതായിരുന്നു. വക്കി ചാരത്തിനും ചാണകത്തിനും പോകാതെ നേരത്തെ മുടിവെട്ടിച്ചു്, മുഖക്ഷൗരം ചെയ്യിച്ചു്, കുളിച്ചു ഒരുങ്ങിക്കാത്തു വീട്ടിൽത്തന്നെ കുത്തിയിരുന്നു.

നാലുമണിയായപ്പോൾ നാട്ടുകാർ വാദ്യമേളങ്ങളോടുകൂടി അദ്ധ്യക്ഷൻെറ വസതിയിൽവന്നു് എതിരേററു കൊണ്ടുപോയി. ഘോഷയാത്രയിലെ കഥാനായകൻ വക്കിയായിരുന്നല്ലോ. താൻ ഉടുത്തിരുന്ന മുണ്ടിൻെറ ചുവടു പൊടിഞ്ഞതായിരുന്നതിനാൽ, പെട്ടെന്നു് അതു പൊട്ടിപ്പോകാതെ, വളരെ സൂക്ഷിച്ചാണു് അദ്ധ്യക്ഷൻ നടന്നതു്. ഖദർജൂബ്ബയുടെ അകവശം പുറത്തായിട്ടാണു് ധരിക്കാനിടയായതു്. അപ്പോഴേക്കു കതിനാവെടിയും ആർപ്പുവിളിയും ചെണ്ടമേളവും തുടങ്ങിക്കഴിഞ്ഞതിനാൽ, പിന്നെ ജൂബ്ബാ മറിച്ചിടാൻ നേരം കിട്ടിയതുമില്ല. എതിരേൽപ്പുകാർ അദ്ധ്യക്ഷനെ ഹാരമണിയിച്ചു. ഘോഷയാത്ര ഒരുമണിക്കൂർകൊണ്ടു യോഗസ്ഥലത്തു വന്നുചേർന്നു. എല്ലാവരും എഴുന്നേററുനിന്നു മൗനമായി ഈശ്വരപ്രാർത്ഥന നടത്തിയശേഷം സ്വാഗതപ്രസംഗകൻ പ്രസംഗപീഠത്തിൽ കയറിനിന്നു് ഇങ്ങനെ പ്രസ്താവിച്ചു:—

"മാന്യമഹാജനങ്ങളേ, ആധുനികരാഷ്ട്രീയ ലോകത്തിലെ ഒന്നാംകിട സ്വതന്ത്രചിന്തകനും, ഗംഭീരപണ്ഡിതനും, രാഷ്ട്രീയനേതാവും, മഹാവാഗ്മിയും, സമുദായപരിഷ്കർത്താവുമായ ശ്രീമാൻ കെ. വക്കിയവർകളെ ഇന്നത്തെ മഹാസമ്മേളനത്തിൻെറ അദ്ധ്യക്ഷനായി ലഭിച്ചതു് നമ്മുടെ ഏവരുടെയും മഹാഭാഗ്യമാണെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിനു തെല്ലും സമയമോ സൗകര്യമോ ഉണ്ടായിട്ടു നമ്മുടെ ക്ഷണം സ്വീകരിച്ചതല്ല. ഈ രാജ്യത്തിൻെറ ഭാഗധേയങ്ങളെ സാരമായി സ്പർശിക്കുന്ന ഒരു വമ്പിച്ച കാർഷികപദ്ധതി സംബന്ധിച്ചു് ഇന്നുച്ചകഴിഞ്ഞു് അദ്ദേഹം ഒരു വിദേശപര്യടനത്തിനു പ്രോഗ്രാം തയ്യാറാക്കിക്കഴിഞ്ഞിരുന്നതാണെങ്കിലും, രാജ്യാഭിമാനം ഒന്നുമാത്രംകൊണ്ടുമാത്രം അദ്ദേഹം നമ്മുടെ ക്ഷണം സ്വീകരിച്ചതാണു്. ഈ യോഗത്തിലെ അദ്ധ്യക്ഷപദം സ്വീകരിക്കുന്നതിനു് ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ലാത്ത മററു ചില തടസ്സങ്ങളും അദ്ദേഹത്തെ വലയം ചെയ്തിരുന്നെങ്കിലും, അവയെല്ലാം തൃണവൽഗണിച്ചു് ഇവിടെ സന്നിഹിതനായിരിക്കുന്ന ഈ മഹാനുഭാവനോടു നമുക്കുള്ള കൃതജ്ഞത കേവലം വാചാമഗോചരമെന്നേ പറയാനുള്ളു. ജനാധിപത്യസമ്പ്രദായത്തിൻെറ അടിസ്ഥാനതത്ത്വങ്ങളെ വിശദീകരിച്ചുകൊണ്ടു് ഏററവും വിജ്ഞാനപ്രദമായ ഒരു പ്രസംഗം അദ്ദേഹം ഇപ്പോൾ ഇവിടെ ചെയ്യുന്നതായിരിക്കും. ഈ മഹാസമ്മേളനത്തിൻെറ പേരിൽ നമ്മുടെ മഹാനേതാവിനു ഞാൻ സ്വാഗതമരുളിക്കൊള്ളുന്നു."

അനന്തരം അദ്ധ്യക്ഷൻ കൂപ്പുകൈകളോടെ എഴുന്നേററുനിന്നു് "പ്രിയപ്പെട്ട നാട്ടുകാരേ!" എന്നു സദസ്സിനെ അഭിസംബോധനം ചെയ്തപ്പോൾ ആ മഹാസദസ്സിൽ കരഘോഷം തുടച്ചയായി മുഴങ്ങി. അദ്ദേഹം ഇങ്ങനെ പ്രസംഗം ആരംഭിച്ചു:—

"നാം അധിവസിക്കുന്ന ബൂമി വലിയൊരു...വരട്ടേ...വലിയൊരു...വ...ലി...യൊ...രു, അതെയതെ, വലിയൊരു ഘോളമാണു്. (സദസ്സിൽ കുറെനേരത്തേക്കു തുടച്ചയായ കരഘോഷം) എന്നാൽ, ഇത്തരം അനേകായിരം ഘോളങ്ങൾ ബൂമിയെ—അല്ലല്ല, സൂര്യനെ, സൂര്യനെത്തന്നെ—പ്രദക്ഷിണം വയ്ക്കുന്നു. എന്താണതിൻെറ കാരണമെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ചിന്തിക്കണമെന്നാണു ഞാൻ നിങ്ങളോടു പറയുന്നതു്. ചിന്തിക്കണം.ഇപ്പോൾത്തന്നെ ചിന്തിക്കണം. ഇപ്പോൾ ചിന്തയുടെ ഞാററുതലയാണു്. താമസിച്ചാൽ വേരുപിടിക്കുകയില്ല. ഞാൻ പറയാം, അതിൻെറ രഹസ്യം. അതെ, അതെ, വരട്ടെ. കിട്ടിപ്പോയി. നമ്മുടെ, സൂര്യനുണ്ടല്ലോ, സൂര്യൻ. അവൻ നമുക്കു ചൂടും പ്രകാശവും തരുന്ന ഒരു മഹാനാണു്. അവനില്ലെങ്കിൽ യാതൊരു കൃഷിയും നടപ്പില്ല. നമ്മുടെ പറമ്പുകൾ കാടും കളയും പിടിച്ചുകിടന്നുപോകും. പിന്നെ...പറയാമേ... അതായതു് ... അതെങ്ങനെയാണെന്നുവച്ചാൽ...ബൂമി ഒരു ദിവസം ഇരുപത്തിനാലുപ്രാവശ്യം കറങ്ങും. അതാണതിൻെറ രഹസ്യം. എന്നാൽ കറങ്ങുന്നുണ്ടെന്നു തോന്നുമോ, അതുമില്ല. പ്രിയപ്പെട്ട നാട്ടുകാരേ, ഒന്നും രണ്ടുമല്ല, ഇരുപത്തിനാലു പ്രാവശ്യം! (സദസ്സിൽ തുടർച്ചയായ കരഘോഷം; "ഹിയർ! ഹിയർ!") അപ്പോഴെന്തുണ്ടാകുന്നു? അതാണറിയേണ്ടതു്. (പ്രസംഗം ഈ ഘട്ടമായപ്പോഴേക്കു് അദ്ധ്യക്ഷൻ വികാരഭരിതനായി. ഗൽഗദംകൊണ്ടു് അദ്ദേഹത്തിൻെറ ശബ്ദമിടറി. സദസ്സു ശ്വാസമടക്കി വികാരസ്തബ്ധമായിരുന്നുപോയി. വികാരാവേശംകൊണ്ടു് സംസാരിക്കാൻ കഴിവില്ലാതെ അദ്ധ്യക്ഷൻ മൗനമായി നിന്നതിനുശേഷം തുടന്നു): അങ്ങനെ ബൂമി കറങ്ങുന്നതിൻെറ ഫലമായി എന്തുണ്ടാകുന്നു എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പ്രിയപ്പെട്ട നാട്ടുകാരേ! ഞാൻ നി

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 | ERNAKULAM JULY 8 1953 | No. 44


# മതേതരരാഷ്ട്രത്തിൽ

## മതപരമായ സ്വാതന്ത്ര്യങ്ങൾ

സ്വതന്ത്രങ്ങളായ സകല പരിഷ്കൃതരാജ്യങ്ങളുടേയും അഭിനന്ദനത്തിനു പാത്രീഭവിച്ചിരിക്കുന്ന ഇന്ത്യായൂണിയന്റെ ഭരണഘടന യു. എസ്സ്. എ. യിലെ (അമേരിക്കൻ ഐക്യസംസ്ഥാനം) പ്രശസ്തമായ ഭരണഘടനയുടെ മാതൃകയിലാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. നമ്മുടെ പ്രധാനമന്ത്രി ശ്രീ നെഹ്റു യു. എസ്സ്. എ. യിലെ ജനസഭയുടേയും സെനററിന്റേയും സംയുക്തസമ്മേളനത്തിൽ ചെയ്ത പ്രൗഢഗംഭീരമായ പ്രസംഗത്തിൽ ഈ വസ്തുത അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശവ്യവസ്ഥകൾ യു. എൻ. ഒ. (ഐക്യരാഷ്ട്ര സംഘടന) അംഗീകരിച്ചിട്ടുള്ള "മനുഷ്യാവകാശങ്ങളുടെ സർവ്വതോമുഖമായ പ്രഖ്യാപനത്തെ" അനുകരിച്ചാണു് രൂപീകരിച്ചിട്ടുള്ളതു്. ആകയാൽ യു. എസ്സ്. എ. യുടെ ഭരണഘടനയിലും, യു. എൻ. ഒ. യുടെ മൗലികാവകാശപ്രഖ്യാപനത്തിലും, ഒരു മതേതര (സെക്യുലർ) രാഷ്ട്രത്തിൽ പൗരന്മാർക്കുള്ള മതപരമായ സ്വാതന്ത്ര്യങ്ങളുടെ ശരിയായ സ്വഭാവമെന്തെന്നു് പരിശോധിക്കാം.

### യു. എസ്സ്. എ. യിലെ മതപരമായ സ്വാതന്ത്ര്യം

യു. എസ്സ്. എ. ഒരു മതേതര രാഷ്ട്രമാകുന്നു. എന്നുവച്ചാൽ രാഷ്ട്രവും മതസഭയും (State and Church) തമ്മിൽ ഔദ്യോഗികമായ യാതൊരു ബന്ധവുമില്ല. അവയിലൊന്നിനു് മറേറതിന്റെ പ്രത്യേകമായ പ്രവർത്തനരംഗങ്ങളിൽ പ്രവേശിക്കുവാൻ അവകാശമില്ല. യു. എസ്സ്. എ. ഭരണഘടനയുടെ ഒന്നാം ഭേദഗതി (Amentment I) ഈ സംഗതി വ്യവസ്ഥ ചെയ്തിരിക്കുന്നതിങ്ങനെയാണു്:- "മതത്തിന്റെ സ്ഥാപനത്തെ സംബന്ധിക്കുന്നതോ, അതിന്റെ സ്വതന്ത്രമായ പ്രയോഗത്തെ നിരോധിക്കുന്നതോ ആയ യാതൊരു നിയമവും കോൺഗ്രസ്സിനു് (നിയമസഭകൾക്കു്) നിർമ്മിക്കാവുന്നതല്ല." ഈ വ്യവസ്ഥയനുസരിച്ചു്, എക്സ് എന്നൊരാൾ മതം മാറിയെന്നോ, അയാളുടെ മതമാററത്തിനു് വൈ എന്നൊരാൾ കാരണക്കാരനാണെന്നോ മററുമുള്ള പ്രശ്നങ്ങൾ അമേരിക്കൻ നിയമസഭയിൽ ഉന്നയിക്കപ്പെട്ടാൽ, അതു് ഓർഡറിലല്ലാത്ത പ്രശ്നമായി നിരാകരിക്കപ്പെടും; എക്സ് തന്റെ മുടി വെട്ടിച്ചെന്നോ വൈ അയാൾക്കു ഒരു പേന സമ്മാനിച്ചെന്നോ ഉള്ളതു് കേവലം രഹസ്യകാര്യമായിരിക്കുന്നതുപോലെ പ്രസ്തുതപ്രശ്നം രഹസ്യമായി പരിഗണിച്ചു് നിരാകരിക്കപ്പെടും.

### അമേരിക്കൻ സുപ്രീംകോടതി വിധികൾ

ഭരണഘടനയിലെ പ്രസ്തുത വ്യവസ്ഥയ്ക്കു് ഈ വ്യാഖ്യാനമാണു് യു. എസ്സ്. എ. യിലെ പണ്ഡിതന്മാരായ ജഡ്ജിമാർ എല്ലാദ്ദേശം നൽകിയിട്ടുള്ളതു്.

"രാഷ്ട്രീയവിശ്വാസങ്ങളുടെ രംഗത്തിലെന്നപോലെ മതവിശ്വാസങ്ങളുടെ രംഗത്തിലും മൗലികമായ വ്യത്യാസങ്ങൾ ഉണ്ടായേക്കാം. ഒരാളുടെ വിശ്വാസങ്ങൾ ഏററവും അബദ്ധങ്ങളാണെന്നു് അയാളുടെ അയൽക്കാരനു തോന്നിയേക്കാം. മററുള്ളവരെ തന്റെ അഭിപ്രായത്തോടു് യോജിപ്പുള്ളവരാക്കുവാൻ ന്യായവാദങ്ങൾ ചെയ്യുന്ന പ്രസംഗകൻ ചിലപ്പോൾ അതിവർണ്ണനയും അപഹസനംതന്നെയും പ്രയോഗിക്കുന്നുണ്ടാകും. എന്നാൽ ചരിത്രവെളിച്ചത്തിൽ ജനങ്ങൾ നിശ്ചയിച്ചിട്ടുള്ളതു്, അതിർകടക്കലുകളും അപലപനങ്ങളും ഉണ്ടാകുവാൻ ഇടയുണ്ടെങ്കിലും, ഈ സ്വാതന്ത്ര്യങ്ങൾ, ദീർഘവീക്ഷണത്തിൽ, ഒരു പ്രജായത്തഭരണത്തിൻകീഴുള്ള പൗരന്മാരുടെ പ്രബുദ്ധമായ അഭിപ്രായങ്ങൾക്കും സുബദ്ധമായ നടത്തകൾക്കും അവശ്യാവശ്യകമാകുന്നു എന്നാണു്. പ്രസ്തുത സ്വാതന്ത്ര്യങ്ങളുടെ ചിറകിൻകീഴു് വിവിധതരത്തിലുള്ള സ്വഭാവങ്ങൾക്കും അഭിപ്രായങ്ങൾക്കും വിശ്വാസങ്ങൾക്കും ഉപദ്രവങ്ങളോ വിഘ്നങ്ങളോ തട്ടാതെ വികസിക്കുവാൻ കഴിയും."

ഈ വ്യാഖ്യാനത്തിനു് അമേരിക്കൻ സുപ്രീംകോടതിയുടെ പല വിധികളും തെളിവു നൽകുന്നുണ്ടു്.

1) യു. എസ്സ്. എ. യിലെ കണെക്ററിക്കട്ട് എന്ന സംസ്ഥാനത്തിൽ ഒരു പ്രത്യേകനിയമം അനുശാസിച്ചു, പൊതുജനങ്ങളിൽനിന്നു പണം പിരിക്കുവാൻ പുറപ്പെടുന്ന ഏതൊരു മതസംഘടനയും മുൻകൂട്ടി ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽനിന്നു് ഒരു സർട്ടിഫിക്കററു് വാങ്ങിയിരിക്കണമെന്നു്. പ്രസ്തുതോദ്യോഗസ്ഥനു് തന്റെ യുക്തംപോലെ സർട്ടിഫിക്കററു കൊടുക്കാനോ കൊടുക്കാതിരിക്കാനോ കഴിയുമായിരുന്നു. സർട്ടിഫിക്കററിനു് അപേക്ഷിക്കുന്നവർ ഒരു മതസംഘടനയായി അംഗീകരിക്കപ്പെടുവാൻ യോഗ്യതയുള്ളവരാണോ എന്നന്വേഷിക്കുവാനും, ആണെന്നു് തനിക്കു ബോദ്ധ്യംവരുത്തുവാനും ഉള്ള അവകാശം ആ ഉദ്യോഗസ്ഥനുണ്ടായിരുന്നു. "ജെഹോവാസ് വിററ്നെസ്സ്" (Jehovah's) മതസംഘടന സർട്ടിഫിക്കററു വാങ്ങാൻ വിസമ്മതിക്കുകയും, അങ്ങനെ നിയമം വകവയ്ക്കാതെ പണപ്പിരിവു നടത്തുകയും ചെയ്തു. ഈ കേസ്സ് യു. എസ്സ്. എ. സുപ്രീംകോടതിയുടെ മുമ്പിലെത്തി. പ്രസ്തുത നിയമം ഭരണഘടനയ്ക്കു് വിപരീതമാണെന്നും, അതു് അനുശാസിക്കുന്ന നിയന്ത്രണം മതത്തെപ്പററിയുള്ള ഗുണദോഷനിരൂപണം ... ന്നും (Censorship), തന്മൂലം അതു് മനസ്സാക്ഷിസ്വാതന്ത്ര്യത്തിനു് തടസ്സമാണെന്നും ആയിരുന്നു കോടതിയുടെ വിധി.

2) ജെഹോവാസ് വിററ്നസ് എന്ന മതസംഘടന ദേശീയപതാക വന്ദിക്കുവാൻ വിസമ്മതിച്ചു, പതാകയ്ക്കു നൽകുന്ന ആ വണക്കം ദൈവകല്പനയ്ക്കു് എതിരാണെന്നുള്ള മനസ്സാക്ഷിയുടെ ശാസനയെ അടിസ്ഥാനപ്പെടുത്തി. സ്ഥലവാസികൾ അതിൽ കുപിതരായി; പതാകവന്ദനനിഷേധത്തെ ഗർഹണീയവും സ്വരാജ്യസ്നേഹവിരുദ്ധവുമായ നടത്തയായി പരിഗണിച്ചു. അവർ ആ സംഘടനാംഗങ്ങളെ അറസ്റ്റുചെയ്തു് പോലീസിനെ ഏല്പിച്ചു. അറസ്റ്റുചെയ്യപ്പെട്ട ഓരോരുത്തരേയും 4 മുതൽ 16 ഔൺസുവരെ ആവണക്കെണ്ണകുടിപ്പിച്ചു് പോലീസ്സ് ശിക്ഷിച്ചുവെന്നാണു് റിപ്പോർട്ട്. കേസ്സ് യു. എസ്സ്. എ. സുപ്രീംകോടതിയിൽ ചെന്നു. ഭരണഘടനയിൽ മതപരമായ സ്വാതന്ത്ര്യത്തിനു നൽകിയിട്ടുള്ള ഉറപ്പുകളനുസരിച്ചു്, ദേശീയപതാക വന്ദിക്കുവാനുള്ള സംഘടനാംഗങ്ങളുടെ വിസമ്മതം അവരുടെ അവകാശപരിധിയിൽ തികച്ചും ഉൾപ്പെട്ടതാണെന്നും, തന്മൂലം പോലീസിന്റെ ശിക്ഷ അന്യായമാണെന്നും ആയിരുന്നു കോടതിയുടെ വിധി. "ഞങ്ങൾ ഇവിടെ ഇരിക്കുന്നതു് പീഡിതരുടെ (Victims) അവകാശങ്ങൾ സംരക്ഷിക്കുവാനാണു്; അവരുടെ (ആ സംഘടനാംഗങ്ങളുടെ) പ്രത്യക്ഷമായ ആദർശഭ്രാന്തിന്റെ ഫലമായി അവർ എത്ര വെറുക്കപ്പെടേണ്ടവരാണെങ്കിലും വിരോധമില്ല"—കോടതിവിധിയിലെ വാക്കുകളാണു് ഇവ. (U. S. Vs. Catlette. et al. 1942.)

3) ബല്ലാർഡ്സ്സ് (Ballards) എന്നൊരു കുടുംബക്കാർ തങ്ങൾക്കു് ഭൂതങ്ങളുമായി അത്ഭുതകരമായ ഏടപാടുകളുണ്ടെന്നും രോഗികൾക്കു് ശമനം നൽകുവാനുള്ള പ്രകൃത്യതീതമായ ശക്തിയുണ്ടെന്നും അവകാശപ്പെട്ടു. "ഞാനാണ്" (I am) എന്നൊരു പ്രസ്ഥാനം അവർ ആരംഭിച്ചു. അതു സംബന്ധിച്ചു് സാഹിത്യങ്ങൾ വില്ക്കുകയും പണശേഖരവും അംഗത്വവും ആവശ്യപ്പെടുകയുംചെയ്തു. അതൊരു മതപ്രസ്ഥാനമല്ലെന്നും പ്രതൃത മതത്തിന്റെ പേരുംപറഞ്ഞു് പബ്ലിക്കിനെ വഞ്ചിക്കാനുള്ള വിദ്യമാത്രമാണെന്നും ആ പ്രത്യേകസംസ്ഥാനത്തിലെ ഗവർമ്മെൻറു വിചാരിച്ചു. അതനുസരിച്ചു്, വ്യാജവേഷത്തിൽ പണം പിടുങ്ങുന്ന കുററം ആരോപിച്ചു് ബല്ലാർഡുകളുടെമേൽ ക്രിമിനൽ കേസെടുത്തു. കേസ്സ് ഓരോ കോടതിയിൽനിന്നും ഉയർന്നു് ഒടുവിൽ സുപ്രീംകോടതിയിലെത്തി. അവിടത്തെ വിധി അവർക്കനുകൂലമായിരുന്നു. മതപരമായ വിശ്വാസത്തിന്റെ യാഥാർത്ഥ്യം രാഷ്ട്രത്തിനോ കോടതിക്കോ ചോദ്യംചെയ്യുവാൻ പാടുള്ളതല്ലെന്നായിരുന്നു കോടതിയുടെ അഭിപ്രായം. "നിയമം മതവിശ്വാസ വൈകല്യത്തെ (Heresy) അറിയുന്നില്ല; ഏതെങ്കിലും മതതത്വത്തെ പിൻതാങ്ങുവാനും ഏതെങ്കിലും മതവിഭാഗത്തെ സ്ഥാപിക്കുവാനും ചുമതലയേററിട്ടുമില്ല. തെളിയിക്കുവാൻ കഴിവില്ലാത്തതു് മനുഷ്യനു് വിശ്വസിക്കാവുന്നതാണു്. സ്വതന്ത്രമനുഷ്യരുടെ സമുദായത്തിൽ ചിന്താസ്വാതന്ത്ര്യം മൗലികമാകുന്നു. ജീവിതമരണങ്ങളുടേയും അനന്തരജീവിതത്തിന്റേയും സിദ്ധാന്തങ്ങൾ പാലിക്കുവാനുള്ള അവകാശം ഈ സ്വാതന്ത്ര്യത്തിൽ ഉൾപ്പെടുകയും ചെയ്യുന്നു." (United States Us. Ballard. 1944.)

യു. എസ്സ്. എ. യിൽ ചിന്താസ്വാതന്ത്ര്യം ഇത്ര പരിപൂർണ്ണമായും അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും പ്രവർത്തനസ്വാതന്ത്ര്യത്തിനു് പരിമിതി കല്പിച്ചിട്ടുണ്ടു്. എന്നാൽ ആ പരിമിതികൾ ചുരുക്കവും സാമാന്യേന വളരെ വിവേകപൂർവ്വകവുമാണു്. ഒന്നുരണ്ടുദാഹരണങ്ങൾ പറയാം. "പരിശുദ്ധിഗണം" (Holiness Group) എന്നു സ്വയംപേരിട്ട ഒരു മതവിഭാഗം വിശ്വസിച്ചു, വിശ്വാസത്തിന്റെ ശക്തി വളരെ വലുതാണെന്നു്; വിശ്വാസമുള്ള മനുഷ്യനെ വിഷപ്പാമ്പുകൾ കടിച്ചാൽപ്പോലും അയാൾക്കു് യാതൊരു കേടും തട്ടുകയില്ലെന്നു്. തദനുസരണം അവർ തങ്ങളുടെ മതയോഗങ്ങളിൽ പ്രകടനത്തിനായി വിഷപ്പാമ്പുകളെ കൊണ്ടുചെന്നിരുന്നു. ഇവിടെ ഗവർമ്മെൻറു നിയന്ത്രണം ചെലുത്തുകയുണ്ടായി. മതയോഗങ്ങളിൽ പാമ്പുകളെ കൊണ്ടുചെല്ലരുതെന്നു് അവർക്കു നിരോധനം നൽകി. വേറൊരു മതഗണത്തോടു് ഒരു സംസ്ഥാനഗവർമ്മെൻറു് ആവശ്യപ്പെട്ടു, അവർ പബ്ലിക്ക് യോഗങ്ങൾക്കായി പ്രത്യക്ഷപ്പെടുമ്പോൾ ഗവർമ്മെൻറിൽനിന്നു് ബാഡ്ജുകൾവാങ്ങി ധരിക്കണമെന്നു്. യാതൊരു പ്രതിഫലവും കൂടാതെ സാധാരണഗതിയിൽ ബാഡ്ജുകൾ ഗവർമ്മെൻറിൽനിന്നു കിട്ടിയുമിരുന്നു. ഈ നിയന്ത്രണം യു. എസ്സ്. എ. ഭരണഘടനയിലെ മതപരമായ സ്വാതന്ത്ര്യത്തിനു് വിരുദ്ധമല്ലെന്നായിരുന്നു കോടതിവിധി.

### യു. എൻ. ഒ. യുടെ മനുഷ്യാവകാശപ്രഖ്യാപനം

യു. എൻ. ഒ. യുടെ ജനറൽ അസംബ്ലി 1948 ഡിസംബർ 10-ാംനു യാതൊരു എതിർവോട്ടും കൂടാതെ മനുഷ്യാവകാശങ്ങളുടെ "സർവ്വതോമുഖമായ പ്രഖ്യാപനം" അംഗീകരിച്ചു. പ്രഖ്യാപനത്തിലെ 55-ാം ആർട്ടിക്കിളിൽ "മനുഷ്യാവകാശങ്ങളോടു് സർവ്വാംഗമായ ആദരവു കാണിക്കണമെന്നും രാഷ്ട്രങ്ങളുടെയിടയിൽ സുസ്ഥിരതയ്ക്കും സൗഹാർദ്ദബന്ധങ്ങൾക്കും ഉപാധികളായി മൗലികസ്വാതന്ത്ര്യങ്ങൾ ഉണ്ടായിരിക്കണമെന്നും" വ്യവസ്ഥചെയ്തിരിക്കുന്നു. 2-ാം ആർട്ടിക്കിൾ ഇങ്ങനെയാണു്:- "പ്രഖ്യാപനത്തിലെ സകല അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും ഓരോ മനുഷ്യനും അർഹതയുണ്ടു്; വർഗ്ഗം, വർണ്ണം, സ്ത്രീയോ പുരുഷനോ, ഭാഷ, മതം, രാഷ്ട്രീയമോ മറേറാ ആയ അഭിപ്രായം, ദേശീയമോ സാമുദായികമോ ആയ അഭിപ്രായം, സ്വത്തുടമ, ജനനമോ മററവസ്ഥയോ മൂലമായ യാതൊരുവിധ വിവേചനയും ഇതിനു ബാധകമല്ല." സകലരും നിയമദൃഷ്ടിയിൽ സമന്മാരാണെന്നും, ഈ പ്രഖ്യാപനത്തിനു് വിപരീതമായ ഏതൊരു വിവേചനത്തിനെതിരായും അത്തരം വിവേചനത്തിനുള്ള ഏതൊരു പ്രേരണയ്ക്കെതിരായും തുല്യസംരക്ഷണം ലഭിക്കുവാൻ സകലർക്കും അർഹതയുണ്ടെന്നും 7-ാം ആർട്ടിക്കിളിൽ ആവർത്തിച്ചുപറയുന്നു. 18-ാം ആർട്ടിക്കിളിലാണു് മതസ്വാതന്ത്ര്യം കൊള്ളിച്ചിരിക്കുന്നതു്. "ചിന്തയുടേയും മനസ്സാക്ഷിയുടേയും മതത്തിന്റേയും സ്വാതന്ത്ര്യത്തിനു് ഓരോ മനുഷ്യനും അവകാശമുണ്ടു്; ഈ അവകാശത്തിൽ അവനവന്റെ മതമോ വിശ്വാസമോ മാറാനുള്ള സ്വാതന്ത്ര്യവും, തനിച്ചോ മററുള്ളവർ ഒരുമിച്ചോ പബ്ലിക്കായോ പ്രൈവററായോ പഠിപ്പിക്കുകയും അഭ്യസിക്കുകയും ആരാധിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുകൊണ്ടു് മതവും വിശ്വാസവും പ്രത്യക്ഷപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യവും ഉൾപ്പെടുന്നു."

ഈ 18-ാം ആർട്ടിക്കിൾ യു. എൻ. ഒ. ജനറൽ അസംബ്ലിയിൽ ചർച്ചചെയ്തപ്പോൾ, ഈജിപ്തിന്റെ പ്രതിനിധി ക്രിസ്തീയമിഷനറിമാരുടെ പ്രശ്നത്തെ നിശിതമായ ഭാഷയിൽ ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഭയം ഇങ്ങനെയായിരുന്നു: "പൗരസ്ത്യരായ ജനസാമാന്യത്തെ തങ്ങളുടെ സ്വന്തം വിശ്വാസത്തിലേക്കു് പരിവർത്തനംചെയ്യിക്കുവാൻ ചില മിഷനറിമാർ പ്രയോഗിക്കുന്നതും പൗരസ്ത്യരാജ്യങ്ങളിൽ പ്രസിദ്ധങ്ങളുമായ തന്ത്രങ്ങളെ, മനഃപൂർവ്വമായിട്ടല്ലെങ്കിലും, തന്റെ മതമോ വിശ്വാസമോ മാററുവാൻ മനുഷ്യനു് സ്വാതന്ത്ര്യമുണ്ടെന്നു് സമ്മതിക്കുന്ന ഈ പ്രഖ്യാപനം പ്രോത്സാഹിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്." അർദ്ധഹൃദയത്തോടുകൂടിയ ഈ ആക്ഷേപം പുറപ്പെട്ടിട്ടും, തുടർന്നുള്ള വാദപ്രതിവാദങ്ങൾക്കുശേഷം പ്രസ്തുത ആർട്ടിക്കിൾ ഏകകണ്ഠമായി പാസാകുകതന്നെ ചെയ്തു. ഈജിപ്തുതന്നെയും ഒടുവിൽ അതിനോടു യോജിച്ചുതേയുള്ളൂ. നമ്മുടെ പ്രതിനിധിയായിരുന്ന മിസ്സസ്സ് വിജയലക്ഷ്മി പണ്ഡിററു് പ്രഖ്യാപനത്തെ മുഴുവനും സഹർഷം സ്വീകരിക്കുകയാണുണ്ടായതു്. ആ മഹതിയുടെ സ്വാഗതവചസ്സുകളിൽ ചിലതു കേട്ടാലും: "വ്യത്യസ്താഭിപ്രായങ്ങൾ സ്വകീയമായി വയ്ക്കുവാനുള്ള അവകാശം പവിത്രമായ ഒരവകാശവും, യഥാർത്ഥത്തിൽ പ്രജായത്താദർശമുള്ള ഏതു ജനതതിയുടേയും പ്രത്യേകമായ അർഹതയുമാകുന്നു."

### ഇന്ത്യൻ ഭരണഘടനയിലെ മതസ്വാതന്ത്ര്യങ്ങൾ

യു. എസ്സ്. എ. യുടെ ഭരണഘടനയെ അനുകരിച്ചും യു. എൻ. ഒ. യുടെ മനുഷ്യാവകാശപ്രഖ്യാപനത്തിലെ വ്യവസ്ഥകളെ ഉൾക്കൊള്ളിച്ചും പൗരന്മാരുടെ മൗലികാവകാശങ്ങളേയും അവയിലുൾപ്പെടുന്ന സ്വാതന്ത്ര്യങ്ങളേയും അംഗീകരിക്കുവാൻ തയാറായിരുന്നതിനാൽ ഇന്ത്യൻ യൂണിയനിലെ ഭരണഘടന മതസ്വാതന്ത്ര്യത്തിന്റെകാര്യത്തിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തു: "പൊതുക്രമത്തിനും സന്മാർഗ്ഗത്തിനും ആരോഗ്യത്തിനും ഈ വകുപ്പിലെ മററു വ്യവസ്ഥകൾക്കും വിധേയമായി, മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനും മതം സ്വതന്ത്രമായി വിശ്വസിക്കുവാനും അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള അവകാശത്തിനും സകല ആളുകൾക്കും (Persons) തുല്യമായ അർഹതയുണ്ടു്." ഭരണഘടനയിൽ ഈ വാചകം അംഗീകരിച്ചു സകല ജാതിമതസ്ഥരുമുൾപ്പെട്ട നമ്മുടെ കൺസ്റ്റിററ്യുവൻറു് അസംബ്ലിയിലെ അംഗങ്ങളെല്ലാം സമ്മതിച്ചുകഴിഞ്ഞു, മതപരിവർത്തനം ചെയ്യിക്കുവാനുള്ള അവകാശം ഇന്ത്യയിൽ ജനിച്ചു വളർന്നവർക്കു മാത്രമല്ല, പിന്നെയോ ഇന്ത്യയിൽ നിവസിക്കുന്ന വിദേശീയർക്കും ഉള്ള അപരിത്യാജ്യമായ അവകാശമാണെന്നു്. എന്നിരിക്കെ വിദേശമിഷനറിമാരുടെ സമാധാനപരവും ആദ്ധ്യാത്മികവുമായ മതപ്രവർത്തനങ്ങളുടെ ഫലമായി അന്യമതസ്ഥർ ക്രിസ്തുമതത്തിലേക്കു് സ്വമനസാ പരിവർത്തനംചെയ്യുന്നതു

കൊണ്ടു് അക്രൈസ്തവക്കാക്കെങ്കിലും ക്ഷോഭവികാരങ്ങളുണ്ടാകുന്നെങ്കിൽ, ഗവമ്മെൻറിൻെറ ന്യായമായ കത്തവ്യം ആ വികാരങ്ങൾക്കു താങ്ങുനില്ക്കുകയല്ല, പ്രത്യുത അവയിൽനിന്നും അവയുടെ അനാശാസ്യമായ പ്രകടനങ്ങളിൽനിന്നും മിഷനറിപ്രവത്തനങ്ങളെ സംരക്ഷിക്കുകയാണെന്നു തീർച്ചതന്നെ.

## ഹിന്ദുമതത്തിലേക്കും കൂട്ടമായ മതപരിവത്തനം

വിദേശമിഷനറിമാരുടെ പ്രവത്തനഫലമായി അക്രൈസ്തവർ കൂട്ടമായിത്തന്നെ ക്രിസ്തുമതത്തിലേക്കു് പരിവത്തനം ചെയ്യുന്നതാണു് ആക്ഷേപകന്മാക്കു് ഏററം ദുസ്സഹമായിരിക്കുന്നതു്. അത്തരം മതപരിവത്തനം സ്വമേധയായും സ്വാഭാവികബോദ്ധ്യത്തോടുകൂടിയും നടക്കുന്നതല്ലെന്നാണു് ആക്ഷേപം. തന്മൂലം അതു് ഗവമ്മെൻറിൽനിന്നു് തടയണമെന്നാണു് ചില ഹൈന്ദവനേതാക്കന്മാർ ആവശ്യപ്പെടുന്നതു്. എന്നാൽ ഹിന്ദുമതത്തിലേക്കു് കൂട്ടമായ മതപരിവത്തനം നടക്കുന്നില്ലയോ? നടക്കുന്നതു് നിയമവിരുദ്ധമോ അനാശാസ്യമോ ആയി ഹിന്ദുനിയമംതന്നെ പരിഗണിക്കുന്നുണ്ടോ?

ഹിന്ദുനിയമത്തിൽ ഒരു അഥാറിററിയായ ഡോക്ടർ സർ ഹാരി സിംഗ് ഗ്ഗൂർ (Hari Singh Gour) "ഹിന്ദു കോഡു്" (Hindu Code) എന്ന തൻെറ ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"ഹിന്ദുമതം മാനസാന്തരക്കാരെ (Converts) സ്വീകരിക്കുന്നില്ലെന്നാണു് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്. ഇതു യഥാത്ഥമാകുന്നു. എന്നുവരികിലും അഹിന്ദുക്കൾ അതിൻെറ വലയത്തിലേക്കു് സ്വീകരിക്കപ്പെടുന്നതിനുള്ള പദ്ധതി (Process) അതിൻെറ ഫലത്തിൽ മാനസാന്തരത്തിൽനിന്നു് വ്യത്യസ്തമായിരിക്കുന്നെങ്കിൽത്തന്നെ അതു് അല്പമായി മാത്രമേയുള്ളൂ. ഈ ഫലം (മാനസാന്തരം) പ്രാപിക്കുന്നതു് തങ്ങൾ ഹിന്ദുക്കളാണെന്നു് അഹിന്ദുക്കൾ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതുമൂലമാണു്. ഇങ്ങനെയാണു് പണ്ടുകാലങ്ങളിലെ മതവിശ്വാസരഹിതരായ അപരിഷ്കൃതവഗ്ഗക്കാർ (ഹിന്ദുമത)വലയത്തിലേക്കു് ആനയിക്കപ്പെട്ടതു്." പ്രദേശങ്ങൾ കണക്കിനു് ഇപ്രകാരം ആളുകൾ ഹൈന്ദവീകരിക്കപ്പെട്ടെന്നു് ഗ്രന്ഥകാരൻ തുടന്നു പറയുന്നു.

"മണിപ്പൂരികൾ (Manipuris) ഇപ്രകാരം ഹിന്ദുമതത്തിലേക്കു് തുത്തടിച്ചു് മാനസാന്തരപ്പെടുത്തപ്പെട്ടവരാണു്; ഏകദേശം ഒരുനൂറുവർഷത്തിനു മുമ്പു മാത്രം മാനസാന്തരപ്പെടുത്തിയതു് സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു സന്യാസിയാണു്; അദ്ദേഹം ഒരു ഗാറിബ്ബു് നിവാസിനേയും (GaribNiwaz—ആ രാജകുടുംബത്തിൻെറ സ്ഥാപകനെ—സകല മണിപ്പൂരികളേയും ഹിന്ദുമതത്തിലേക്കു് മാനസാന്തരപ്പെടുത്തി; അവരെല്ലാവരും ഹിന്ദുക്കളായിരുന്നെന്നും എന്നാൽ തങ്ങളുടെ അവകാശങ്ങളും കത്തവ്യങ്ങളും അവർ മറന്നുപോയെന്നും പ്രഖ്യാപിച്ചുകൊണ്ടു്."

ഇതു് കൂട്ടമായ മാനസാന്തരമല്ലെങ്കിൽ പിന്നെ എന്താണു്? എങ്കിലും അത്തരം മാനസാന്തരത്തിൻെറ സാധുതയെയോ ഔചിത്യത്തെയോ ചോദ്യം ചെയ്യാൻ ഗവമ്മെൻറിനു് നമ്മുടെ ഭരണഘടന അനുവദിക്കുന്നില്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്തിനു്, സർ ഗ്ഗൂർ ചിത്രീകരിക്കുന്ന ഈ പ്രവത്തനപരിപാടിയനുസരിച്ചു് അഹിന്ദുക്കളെ ഹിന്ദുമതവലയത്തിലേക്കു് ഇന്നു്, ഇവിടെ, മാനസാന്തരപ്പെടുത്തുന്നില്ലയോ? ഒരുകാലത്തു് ഹിന്ദുഹരിജന്മാരായിരിക്കുകയും പിന്നീടു് ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തവരെ അങ്ങനെ മാനസാന്തരപ്പെടുത്തുന്നതു് പ്രത്യേകിച്ചും ചില ഹൈന്ദവപത്രങ്ങൾ അഭിമാനത്തോടും കൗതുകത്തോടുംകൂടി റിപ്പോർട്ടുചെയ്യുവാൻ ബദ്ധപ്പെടുന്നില്ലയോ? അവശന്മാക്കായി ഉദ്ദേശിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ഹിന്ദുഹരിജന്മാക്കു നൽകുകയും അഹിന്ദുഹരിജന്മാക്കു നിഷേധിക്കുകയും ചെയ്യുന്ന ഗവമ്മെൻറിൻെറ നയവും നടപടിയുംതന്നെ ഇത്തരം മാനസാന്തരത്തിനു് പ്രേരണ നൽകുകയും വഴിതെളിക്കുകയും ചെയ്യുന്നില്ലയോ? പിന്നെ എന്തിനു് നിരന്തരം ആത്മബലിയപ്പിച്ചുകൊണ്ടിരിക്കുന്ന പാവപ്പെട്ട വിദേശ ക്രിസ്തീയമിഷനറിമാരുടെ നേരെ ചന്ദ്രഹാസമിളക്കുന്നു, ചളിവാരിയെറിയുന്നു? യുക്തിപൂവ്വകമായ ഈ ചോദ്യമാണു് ഞങ്ങൾ അന്യത്ര ഉദ്ധരിച്ചിരിക്കുന്ന വടക്കെ ഇന്ത്യയിലെ ക്രിസ്തീയസംഘടനകൾ യോഗംകൂടി ചോദിച്ചിരിക്കുന്നതു്; ഇവിടത്തെ ക്രിസ്തീയസംഘടനകളും ചോദിക്കേണ്ടതു്.

## പ്രസാധകക്കുറിപ്പുകൾ

### നിർബന്ധിതവേല റഷ്യയിലുണ്ടെന്നു് യു. എൻ. പരിശോധന കമ്മിററി

ലോകത്തിൽ ആളുകളെ നിർബന്ധിച്ചു വേലചെയ്യിക്കുന്ന സമ്പ്രദായത്തെപ്പററി അന്വേഷിക്കുവാൻ യു. എൻ. ഓ. യിൽനിന്നു ഒരു കമ്മിററിയെ നിശ്ചയിച്ചിരുന്നു. അതിൻെറ ചെയർമൻ മി. രാമസ്വാമി മുതലിയാരും, മററു രണ്ടംഗങ്ങൾ നോർവേയിലെ സുപ്രീംകോടതി പ്രസിഡൻറും പെറുവിലെ ഒരു നേതാവുമാണു്. 24 രാജ്യങ്ങളെപ്പററി യു. എൻ. ഓയിൽ സമപ്പിക്കപ്പെട്ടിരുന്ന ആക്ഷേപങ്ങളെക്കുറിച്ചു് 20 മാസത്തോളം അന്വേഷണം നടത്തിയശേഷം 620 പേജുകളടങ്ങിയ ഒരു റിപ്പോർട്ടു് കമ്മിററി സമപ്പിച്ചു. അതിൽ സോവ്യററുയൂണിയനെപ്പററി പറഞ്ഞിരിക്കുന്നതിങ്ങനെയാണു്:-

സോവ്യററുയൂണിയനിൽ നിർബന്ധിതവേല നടക്കുന്നുണ്ടു്. അതിനടിസ്ഥാനമായിരിക്കുന്നതു് അവിടെ നിലവിലിരിക്കുന്ന പീനൽ നിയമനിമ്മാണമാണു്. അതുവഴിയായി രാഷ്ട്രീയമായി നിർബന്ധങ്ങൾ ചെലുത്തുകയോ, വിഭിന്നരാഷ്ട്രീയാഭിപ്രായങ്ങൾ വച്ചുകൊണ്ടിരിക്കുകയോ പ്രകാശിപ്പിക്കുകയോ ചെയ്യുന്നവരെ ശിക്ഷിക്കുകയോ ചെയ്യുന്നു. ഇപ്രകാരം രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടപ്പെട്ടു് ശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ അധികമായും കറക്റ്റീവു് (സ്വഭാവം നന്നാക്കാനുള്ള) ലേബർ ക്യാമ്പുകളിലോ വൻകിട വികസനപദ്ധതികൾ നടത്തുന്ന കോളനികളിലോ താമസിപ്പിക്കുകയും അവരെ നിർബന്ധിച്ചു് വേലയ്ക്കേപ്പെടുത്തുകയും ചെയ്യുന്നു. തന്മൂലം ദേശീയസാമ്പത്തികപ്രവത്തനങ്ങളിൽ ഈ നിർബന്ധവേല സമ്പ്രദായത്തിനു് ഒരു പ്രധാനസ്ഥാനമുണ്ടെന്നു കാണുന്നു. ഇത്തരം ലേബർ ക്യാമ്പുകളോ കോളനികളോ എത്രയെണ്ണം റഷ്യയിലുണ്ടെന്നോ എവിടെയെല്ലാമാണെന്നോ അറിയുവാൻ കമ്മിററിക്കു കഴിഞ്ഞില്ലെന്നും, ആ ക്യാമ്പുകളിലും കോളനികളിലും എന്തുമാത്രമാളുകളെ തടങ്കലിൽ വച്ചിട്ടുണ്ടെന്നു് അത്രപോലും അറിയാൻ കഴിഞ്ഞില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്.

സോവ്യററുയൂണിയനിൽ നിർബന്ധിതവേല ചെയ്യുന്ന ആളുകൾ കോടിക്കണക്കിനുണ്ടെന്നും അവരെ തടങ്കലിൽ വച്ചുകൊണ്ടിരിക്കുന്ന ക്യാമ്പുകൾ വളരെയുണ്ടെന്നും നേരത്തെ ലോകം അറിഞ്ഞിട്ടുള്ളതാണു്. യു. എൻ. ഒ. കമ്മിററി സുദീർഘമായ അന്വേഷണത്തിനുശേഷം ലോകത്തിൻെറ ഈ അറിവിനെ സ്ഥിരീകരിച്ചിരിക്കുന്നു.

### റഷ്യൻ തൊഴിലാളികളുടെ ക്രയശക്തി ഇടിഞ്ഞുകൊണ്ടിരിക്കുന്നു

സോവ്യററുയൂണിയനിലെ തൊഴിലാളികളുടെ ഭക്ഷ്യവിഭവങ്ങൾ വാങ്ങാനുള്ള കഴിവു് 1928-ലെ നിലവാരത്തെക്കാൾ ഇപ്പോൾ വളരെ താഴെയാണെന്നു യു. എസ്സ്. ഏ. യിലെ ലേബർ ഡിപ്പാർട്ടുമെൻറു് റിപ്പോർട്ടുചെയ്യുന്നു. "സോവ്യററുയൂണിയനിലെ വിലകളുടേയും വരുമാനങ്ങളുടേയും കിട്ടിയിടത്തോളം കണക്കുകൊണ്ടു കാണുന്നതു് ഒരു ശരാശരി വേലക്കാരൻ 1928-ൽ ചെയ്തതിനെക്കാൾ 45 ശതമാനം നീണ്ടവേല 1953-ൽ ചെയ്യേണ്ടിവന്നിരിക്കുന്നുവെന്നാണു്. എന്നാൽമാത്രമേ അന്നു ആഴ്ചതോറും വാങ്ങിയിരുന്നേടത്തോളം പ്രധാനപ്പെട്ട ഭക്ഷ്യവിഭവങ്ങൾ (അപ്പം, ഉരുളൻകിഴങ്ങു്, പശുവിറച്ചി, വെണ്ണ, മുട്ട, പാൽ, പഞ്ചസാര) ഇന്നു വാങ്ങാൻ അവനു സാധിക്കുകയുള്ളൂ." 1928-ൽ നെപ്പു് (NEP—New Economic Policy) എന്നൊരു പുതിയ സാമ്പത്തികനയം, റഷ്യൻ വിപ്ലവത്തിനേററതിൽനിന്നു വ്യത്യസ്തമായി ഏപ്പെടുത്തുവാൻ അധികാരികൾ നിർബന്ധിതരായി. അതിൻപ്രകാരം സ്വതന്ത്രമായ സാമ്പത്തികോദ്യമങ്ങൾ നടത്തുവാൻ പൗരന്മാർ സവ്വസാമാന്യമായി അനുവദിക്കപ്പെട്ടു. കർഷകരെ കൂട്ടുകൃഷിസമ്പ്രദായത്തിലേക്കു് നിർബന്ധിച്ചു ചേത്തിരുന്നില്ല. തന്മൂലം അക്കാലത്താണു് സോവ്യററുയൂണിയനിലെ ജീവിതത്തോതു് ഏററവും ഉയന്നിരുന്നതെന്നു് പ്രസ്തുത ലേബർ ഡിപ്പാർട്ടുമെൻറു ചൂണ്ടിക്കാണിക്കുന്നു. 1928-നു ശേഷം പഞ്ചവത്സരപദ്ധതികൾ ഏപ്പെടുത്തിയതോടുകൂടി, "യന്ത്രനിമ്മാണ വ്യവസായത്തിൻെറ വികസനത്തിനു് സവ്വപ്രധാനവും അയവില്ലാത്തതുമായ സ്ഥാനം നൽകിയതു മൂലം," ജീവിതത്തോതു് ഇടിയുവാൻ തുടങ്ങി. "അന്നുമുതൽ സോവ്യററുയൂണിയനിലെ ഉപഭോക്താക്കൾ ഈ വികസനത്തിനുവേണ്ടി ദുവ്വഹമായ ചെലവു് ചെയ്തുകൊണ്ടാണിരിക്കുന്നതു്."

### ഐക്യലോകം നിർമ്മിക്കുവാൻ മതശക്തി ആവശ്യമെന്നു് രാധാകൃഷ്ണൻ

ഇൻഡ്യയുടെ വൈസ്സു് പ്രസിഡൻറും യുനെസ്കോ എന്ന വിദ്യാൽസംഘടനയുടെ പ്രസിഡൻറുമായ ഡോക്ടർ രാധാകൃഷ്ണൻ ജൂൺ 23-ാംനു- ചിക്കാഗോ സവ്വകലാശാലയിൽ പ്രസംഗിക്കുകയായിരുന്നു: "ഐക്യലോകം നിമ്മിക്കുക എന്ന ഉൽകൃഷ്ടമായ കത്തവ്യനിവ്വഹണത്തിനു് ഭക്ഷണവും ടെലെവിഷനും മാത്രം പോരെന്നു" അദ്ദേഹം ഉദ്ബോധിപ്പിച്ചു. "ആധുനികലോകത്തിൻെറ ഈ പരിഷ്കൃതോപകരണങ്ങളെക്കാൾ വലുതായ ഒന്നു് മനുഷ്യൻ ആവശ്യപ്പെടുന്നുണ്ടു്. എല്ലാവക്കും ഈശ്വരാരാധന ചെയ്യുവാൻ വിശപ്പുപോലുള്ള ആഗ്രഹമുണ്ടു്. ആകയാൽ ലോകത്തെ ഐക്യത്തിലേക്കാനയിക്കുന്ന ശക്തിവിശേഷത്തിനു് ആദ്ധ്യാത്മികമായ ചായ്‌വുണ്ടായിരിക്കണം." രാഷ്ട്രീയകാര്യങ്ങളും സാമ്പത്തികകാര്യങ്ങളും സാവ്വലൗകികമായ തോതിൽ പരസ്പരബന്ധത്തോടുകൂടി വത്തിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും സാവ്വലൗകികമായ സൗഹാർദ്ദ ജനിപ്പിക്കുവാൻ അവയ്ക്കു കഴിഞ്ഞിട്ടില്ല എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. പ്രകൃതിയിലെ വലിയ ശക്തികളെ നിയന്ത്രിക്കുവാൻ സയൻസിനു കഴിഞ്ഞിട്ടുണ്ടെങ്കിലും, ആ ശക്തികൾ നന്മയ്ക്കുവേണ്ടിയോ തിന്മയ്ക്കുവേണ്ടിയോ വിനിയോഗിക്കേണ്ടതെന്നു നിശ്ചയിക്കുവാൻ മതത്തിൻെറ സ്വാധീനശക്തിവഴിയായിട്ടേ സാധിക്കുകയുള്ളൂ എന്നു് അദ്ദേഹം പ്രസ്താവിച്ചു. "ആത്മാത്ഥവും തീവ്രവുമായ ആദ്ധ്യാത്മികസ്വയംസമപ്പണമാണു് സവ്വപ്രധാനമായിട്ടുള്ളതു്. ആദ്ധ്യാത്മികത്വത്തിൻെറ ഉച്ചിയിലേക്കു് ഉയരുന്നവർ കാണും, തങ്ങൾ ഏകമനോഭാവമുള്ളവരാണെന്നു്. അവക്കു് വിദ്വേഷം പരിത്യജിക്കുവാനും ദൈവത്തിൻെറ പിതൃത്വം അംഗീകരിക്കുവാനും കഴിവുണ്ടാകും. മനുഷ്യൻെറ സാഹോദയ്യത്വം ഇന്നു് കേവലം സാങ്കല്പികമായ ലക്ഷ്യമായിട്ടാണിരിക്കുന്നതു്. എന്നാൽ നാം യഥാത്ഥത്തിൽ ആദ്ധ്യാത്മികചൈതന്യമുള്ളവരാകുന്നെങ്കിൽ ഏതൊരു തെററിൻേറയും പ്രയാസത്തിൻേറയും വെല്ലുവിളിയെ നേരിടാൻ നമുക്കു സാധിക്കും.

"ആധുനികലോകത്തിൽ മതം" എന്ന വിഷയത്തെ പുരസ്കരിച്ചാണു് ആയിരംപേരടങ്ങിയ സദസ്സിനോടു് ഡോക്ടർ രാധാകൃഷ്ണൻ പ്രസംഗിച്ചതു്. ഇന്ത്യ മതേതരരാഷ്ട്രമായിരിക്കകൊണ്ടു് പൗരജീവിതത്തിൽ മതത്തിനു് സ്ഥാനം നൽകാൻ പാടില്ലെന്നുള്ള നിമ്മതന്മാരുടെ അബദ്ധാഭിപ്രായത്തെ മുമ്പു് പലപ്രാവശ്യവുമെന്നപോലെ ഈ സന്ദർഭത്തിലും ഇന്ത്യായൂണിയൻെറ വൈസ്സു് പ്രസിഡൻറു് യുക്തിയുക്തം ഖണ്ഡിച്ചിരിക്കുന്നു.

### ആർ. എസ്സ്. പി. നേതാവിൻെറ ചൈനാസന്ദശ്നത്തിലെ ദുരനുഭവങ്ങൾ

ആർ. എസ്സ്. പി. (റവല്യൂഷണറി സോഷ്യലിസ്റ്റു് പാർട്ടി) നേതാവായ ശ്രീകണ്ഠൻനായർ എം. പി. അവർകൾ ചൈനാസന്ദശ്നംകഴിഞ്ഞു് മടങ്ങിയിരിക്കുകയാണു്. ചൈനയിലെ കൊള്ളരുതായ്മകൾ തനിക്കനുഭവപ്പെട്ടതു് അദ്ദേഹം ബോമ്പെയിൽവച്ചു വിവരിച്ചതിങ്ങനെയാണു്:

പ്രായേണ കമ്മ്യൂണിസ്റ്റുപാർട്ടി അംഗങ്ങൾമാത്രം അവിടെ കാർ ഉപയോഗിക്കുകയും കമ്പിളിവസ്ത്രങ്ങൾ ധരിക്കുകയും മററു ജീവിതസുഖങ്ങൾ ആസ്വദിക്കുകയും ചെയ്യുന്നു. ഉല്പാദനവർദ്ധനവിനുള്ള യത്നം വിദ്യാഭ്യാസത്തിൻെറ സ്റ്റാൻേറഡിനെ വളരെ താഴ്ത്തിക്കളഞ്ഞു. വ്യവസായരംഗത്തു് ഒരേജോലിയുടെ ആവത്തനംമൂലം തൊഴിലാളികളുടെ പ്രവണത സ്തംഭിച്ചുപോയിരിക്കുന്നു. സ്വകാര്യവ്യവസായം അനുവദിക്കുമെങ്കിലും ഗവമ്മെൻറിൻെറ വ്യവസായങ്ങളോടു മത്സരിക്കാൻ അനുവദിക്കുകയില്ല. അവിടത്തെ മോട്ടോർ വ്യവസായശാല ഒന്നു കാണണമെന്നു് ഞങ്ങൾ അറിയിച്ചെങ്കിലും അതിനു സമ്മതിച്ചില്ല. ബുദ്ധക്ഷേത്രങ്ങൾക്കും മുസ്ലീം പള്ളികൾക്കും ഗവമ്മെൻറിൽനിന്നും സഹായധനം ഉണ്ടു്. അവയെ ഗവമ്മെൻറു് പ്രചരണത്തിനു് ഉപയോഗപ്പെടുത്തുന്നു. സാമ്രാജ്യശക്തികളുമായി സമ്പക്കമുള്ളതിനാൽ, ക്രൈസ്തവദേവാലയങ്ങൾ അവജ്ഞയോടെ വീക്ഷിക്കപ്പെടുന്നു.

ഈ സോഷ്യലിസ്റ്റു് നേതാവു് എറണാകുളത്തുവച്ചു് പത്രപ്രതിനിധികളുമായി നടത്തിയ അഭിമുഖസംഭാഷണത്തിൽ വേറെയും ചില വിവരങ്ങൾ നൽകി:

ഭൂമിവിതരണംമൂലം അവിടെ കർഷകരുടെ സ്ഥിതി ഒട്ടും മെച്ചമായിട്ടില്ല. 1160 ലക്ഷം ഏക്കർ ഭൂമി 3000 ലക്ഷം പേക്കായി വീതിച്ചുകൊടുത്തിരിക്കുന്നു. ഒരാൾക്കു് ഏകദേശം 30 സെൻറുവീതമാണു് ലഭിച്ചിരിക്കുന്നതു്. രണ്ടും മൂന്നും വിളവെടുക്കുന്നുണ്ടു്. എന്നാൽ അതൊന്നും ജീവിതത്തിനു് മതിയാകുന്നില്ല. യന്ത്രശക്തിയെക്കാൾ മനുഷ്യയത്നം ചൈനയിൽ സുലഭമാണു്. ക്വാൻറിംഗ്ഗു് നദീപദ്ധതിക്കു് 4 യന്ത്രങ്ങളും 40,000 ആളുകളുമാണു് പണിയെടുക്കുന്നതു്. വ്യവസായം രാഷ്ട്രസാൽക്കരിച്ചിട്ടുണ്ടു്. അവിടെ അഭിപ്രായസ്വാതന്ത്ര്യമില്ല. മാവോസെ തുംഗുമായി സാധാരണക്കാക്കു് സമ്പക്കം പുലത്തുവാൻ സാദ്ധ്യമല്ല. അഭിമുഖസംഭാഷണത്തിനു് ഒരിക്കലും അവസരം ലഭിക്കുകയുമില്ല. കമ്മ്യൂണിസ്റ്റു് തൊഴിലാളികൾക്കു് അവിടെ യാതൊരു സ്ഥാനവുമില്ല. അഖിലകക്ഷി ഗവർമ്മെൻറാണു് അവിടെ നടക്കുന്നതെന്നു് പറയുന്നതു ശരിയല്ല. കമ്മ്യൂണിസ്റ്റുപാർട്ടിയല്ലാതെ മറെറാരു പാർട്ടിയും അവിടെ ഇല്ല. കാറുകളെല്ലാം ഗവർമ്മെൻറു് കൈവശമാക്കിയിരിക്കുകയാണു്. ഗവർമ്മെൻറിൻെറ ആവശ്യം കഴിഞ്ഞുള്ളവയെല്ലാം പൊതുസംഘടനകൾക്കു കൊടുക്കുന്നു.

ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരും ചൈനയിൽ പോയിവന്ന കമ്മ്യൂണിസ്റ്റനുഭാവികളും ഉദ്ഘോഷിക്കുന്നതു്, ഇന്ത്യ ചൈനയുടെ കാലടി പിൻതുടരണമെന്നാണല്ലോ. ഈ സോഷ്യലിസ്റ്റുനേതാവു് വിവരിച്ചിട്ടുള്ള സ്വന്തം അനുഭവങ്ങൾക്കു് എന്തു മറുപടി നൽകാൻ അവക്കുണ്ടു്? കമ്മ്യൂണിസ്റ്റു് റഷ്യയുടെ സഹായത്തോടും നിയന്ത്രണത്തിലും ചൈനയെ പിടിച്ചടക്കി ഭരിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റു് ഗവമ്മെൻറിൻെറ ചെയ്തികൾ ഇതൊക്കെയായിരിക്കാനേ നിവൃത്തിയുള്ളെന്നു് ചൈനയിൽ പോകാതെതന്നെ സുബുദ്ധിയുള്ളവക്കു് ഗ്രഹിക്കുവാൻ കഴിയുന്നതാണു്.

### ബ്രിട്ടീഷ് തൊഴിലാളിനേതാക്കന്മാർ കമ്മ്യൂണിസ്റ്റു് ജമ്മനിയിലെ തൊഴിലാളിമദ്ദനത്തെ പ്രതിഷേധിക്കുന്നു.

ബ്രിട്ടീഷ് പാർലമെൻറിലെ 50- ലധികം തൊഴിലാളികക്ഷി സാമാജികന്മാർ സോവ്യററു് ഗവമ്മെൻറിനെതിരായി ജൂൺ-25-ാംനു- ഒരു പ്രതിഷേധം രേഖപ്പെടുത്തി. പ്രതിഷേധം രേഖപ്പെടുത്തിയ കത്തു് ബ്രിട്ടനിലെ സോവ്യററു് സ്ഥാനപതിയായ മി. ജെയ്ക്കബ്ബ് മാനിക്കിനു് അവർ അയച്ചുകൊടുത്തു. അതിൽ ഒപ്പിട്ടിരിക്കുന്ന എം. പി. മാർ ട്രെയ്ഡ് യൂണിയൻ അംഗങ്ങൾ എന്നാണു് സ്വയം വിളിച്ചിരിക്കുന്നതു്. അവരുടെ ഗണത്തിൽ ട്രെയ്ഡു് യൂണിയൻ ഇടതുപക്ഷത്തിൻെറ നേതാവായ മി. അനെവുറിൻ ബെവൻ നും ഉൾപ്പെടുന്നു. "താഴെ ഒ

പ്പിട്ടിരിക്കുന്ന ബ്രിട്ടീഷ് പാർലമെൻററിലെ ട്രേയ്ഡ് യൂണിയൻ അംഗങ്ങൾ ബഹുമാനപുരസ്സരം താങ്കളോട് അഭ്യർത്ഥിച്ചുകൊള്ളട്ടെ, കിഴക്കെ ജർമ്മനിയെ അധീനതയിൽവച്ചിരിക്കുന്ന നിങ്ങളുടെ സൈനികാധികാരികൾ കിഴക്കെ ജർമ്മൻ തൊഴിലാളികളെ അടിച്ചമർത്തുവാൻ ഉപയോഗിച്ച മാർഗ്ഗങ്ങൾക്കെതിരായ ഞങ്ങളുടെ പ്രതിഷേധങ്ങളെ നിങ്ങളുടെ ഗവമ്മെൻറിനെ അറിയിക്കണമെന്നു്" എന്നാണു് കത്തിൽ ആദ്യമായി പറഞ്ഞിരിക്കുന്നതു്. തുടർന്നു് അതിലിങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

സംഘടിക്കുവാനും പണിമുടക്കുവാനും അവശതകൾക്കെതിരായി പ്രകടനം നടത്തുവാനും തൊഴിലാളികൾക്കുള്ള അവകാശങ്ങൾ ട്രേയ്ഡ്യൂണിയൻ പ്രസ്ഥാനത്തിൻെറ തത്വങ്ങളായി എന്നും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു്. "പരമ്പരാഗതമായ ഈ അവകാശങ്ങളുടെ പ്രയോഗത്തിനെതിരായ മർദ്ദനനടപടികളോടു് തൊഴിലാളികൾ എപ്പോഴും അമർഷമുള്ളവരായിരുന്നിട്ടുണ്ടു്. 20 വർഷങ്ങൾക്കുള്ളിൽ (അതായതു് ഹിററ്ലറിൻെറ ഭരണംമുതൽ) ആദ്യമായിട്ടാണു് കിഴക്കെ ജർമ്മൻ തൊഴിലാളികൾ അവരുടെ അവകാശങ്ങളെ ഉറപ്പിച്ചുപറയുവാൻ ശ്രമിച്ചിരിക്കുന്നതു്. അങ്ങനെ കിഴക്കെ ജർമ്മൻ തൊഴിലാളികൾ ഇളകിത്തുടങ്ങിയപ്പോൾ റഷ്യൻ ടാങ്കുകൾ അവർക്കെതിരായി പ്രയോഗിക്കപ്പെട്ടു. അവരുടെ നേതാക്കൾ റഷ്യൻ പട്ടാളക്കാരാൽ വധിക്കപ്പെട്ടു." അനന്തരം ഈ മർദ്ദനത്തെ കത്തു് ഇപ്രകാരം അപലപിക്കുന്നു:

"നിങ്ങളുടെ സ്വന്തം രാഷ്ട്രീയ പ്രതിനിധികൾ നീതിരഹിതമെന്നു ഗണിക്കുകയും പിന്നീടു തിരുത്തുകയും ചെയ്ത തൊഴിൽപരിതസ്ഥിതികൾക്കെതിരായി പണിമുടക്കു നടത്തിയ ആയുധധാരികളല്ലാത്ത തൊഴിലാളികളുടെ നേർക്കു് പട്ടാളത്തെ അയച്ചതു് ലോകമാസകലമുള്ള ട്രേയ്ഡ്യൂണിയൻ അഭിപ്രായങ്ങൾക്കു് വിപരീതവും ദ്രോഹകരവുമാകുന്നു. അതു് നിങ്ങളുടെ ഗവമ്മെൻറിനു് ഒരു കളങ്കംതന്നെയാണു്."

ഈ തൊഴിലാളിമർദ്ദനം നടന്ന കിഴക്കെ ബർളിൻ റഷ്യ മുതൽ പടിഞ്ഞാറോട്ടുള്ള ഇരുമ്പുമറയുടെ പടിഞ്ഞാറെ അററമാണു്. അതിനോടുതൊട്ടാണു് അമേരിക്കനും ബ്രിട്ടീഷും ഫ്റഞ്ചും അധീനതയിലിരിക്കുന്ന പടിഞ്ഞാറെ ബർലിൻ. തന്മൂലം ബ്രിട്ടീഷധികാരികൾക്കു് കിഴക്കെ ബർലിനിൽ നടന്ന സംഭവങ്ങൾ സ്വന്തംകണ്ണുകൊണ്ടെന്നപോലെ കാണാൻ കഴിയുന്നതാണു്. അങ്ങനെ സാക്ഷാൽ നടന്നതെന്നു തങ്ങൾക്കേററവും ബോദ്ധ്യമുള്ള കമ്മ്യൂണിസ്റ്റ് ഭയങ്കരതകളെയാണു് ഈ ബ്രിട്ടീഷ് തൊഴിലാളിനേതാക്കന്മാർ പ്രതിഷേധിച്ചിരിക്കുന്നതു്. കമ്മ്യൂണിസ്റ്റ് ഭരണത്തിൽ തൊഴിലാളികൾക്കു് അനുഭവിക്കാനിടയുള്ള മർദ്ദനങ്ങൾക്കു് ഇതിലധികം ദൃഢബോദ്ധ്യം വരുത്താവുന്ന തെളിവു് മറെറന്തുണ്ടാകാം!

---

(5-ാം പേജ് തുടർച്ച)

ങ്ങളോടു ചോദിക്കുന്നു, നിങ്ങൾ അതെപ്പററി ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഞാൻ പറയാം. കേട്ടോളൂ. രാപകലുകൾ ഉണ്ടാകുന്നു. സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതുകൊണ്ടു് രാപകലുകൾ ഉണ്ടാകുന്നു എന്നല്ലേ നിങ്ങളൊക്കെ ഇതേവരെ വിചാരിച്ചിരുന്നതു്? എന്നാൽ

---

ആരോഗ്യപംക്തി

# സന്ധിക്ഷയം

(കെ. ഗോപാലകൃഷ്ണൻ എം. ബി. ബി. എസ്.)

ശ്വാസകോശങ്ങളെ (Lungs) മാത്രം ബാധിക്കുന്ന മഹാ രോഗമാണു ക്ഷയം (Tuberculosis) എന്നാണു മിക്കവരും ധരിച്ചിരിക്കുന്നതു്. ശരീരത്തിൽ ശ്വാസകോശങ്ങളെ എന്നപോലെ മററു ചില അവയവങ്ങളെയും (Organs) ഭാഗങ്ങളെയും (Parts) ക്ഷയരോഗം ബാധിക്കുന്നു എന്നുള്ളതു വളരെപ്പേരും അറിഞ്ഞിരിക്കുവാൻ ഇടയില്ല. ഇവയിൽ പ്രധാന ഭാഗങ്ങൾ സന്ധികളും (Joints) നട്ടെല്ലുമാണു് (Vertebral column or spine). സന്ധിക്ഷയവും (Tuberculosis of Joints) നട്ടെല്ലിൻ ക്ഷയവും (Tuberculosis of the spine) തുടക്കത്തിൽത്തന്നെ വാതമാണെന്നു തെററിദ്ധരിച്ചു മിക്ക രോഗികളും, ഈ രോഗത്തിനു വിരുദ്ധമായ പിഴിച്ചിൽ, തിരുമ്മൽ മുതലായ ചികിത്സകൾക്കു വിധേയരായി രോഗം അതിവേഗം പതിന്മടങ്ങു വർദ്ധിച്ചതിനുശേഷം ആശുപത്രിയെ ശരണം പ്രാപിക്കുന്നതു സാധാരണമാണു്. എറണാകുളം ആശുപത്രിയിൽ സന്ധിക്ഷയവും (Joint T. B.) തണ്ടെല്ലിൽ ക്ഷയവുമായി (Spinal Tuberculosis) വരുന്ന രോഗികളിൽ മുക്കാൽഭാഗവും വാതമാണെന്ന ധാരണയിൽ പല ചികിത്സകളും ചെയ്തു രോഗം മൂർച്ഛിച്ചതിനുശേഷം വരുന്നവരാണു്. ഇങ്ങനെയുള്ള ധാരാളം രോഗികളെ കാണാറുള്ളതുകൊണ്ടാണു് സന്ധിക്ഷയത്തെപ്പററി (Joint T. B.) ചിലതെല്ലാം ജനങ്ങൾ അറിഞ്ഞിരിക്കുന്നതു ഉപകാരപ്രദമെന്ന ധാരണയിൽ ഈ ലേഖനം എഴുതുന്നതു്.

ക്ഷയരോഗം എല്ലാ സന്ധികളെയും (Joint) ബാധിക്കാമെങ്കിലും പ്രധാനമായി നട്ടെല്ലു് (Spine) ഇടുപ്പുസന്ധി (Hip Joint) കാൽമുട്ടു (Knee Joint) കൈമുട്ടു് (Elbow Joint) തുടങ്ങിയ സന്ധികളെയാണു സാധാരണ ബാധിക്കാറുള്ളതു്. ഈ രോഗം പിടിപെടുന്നതു സാധാരണ കുട്ടികൾക്കും ചെറുപ്പക്കാർക്കുമാണു്. ശ്വാസകോശക്ഷയ (Pulmonary tuberculosis) മുള്ളവർക്കും ആരോഗ്യമില്ലാത്തവർക്കും സന്ധിക്ഷയം വരുവാൻ എളുപ്പമാണു്. ക്ഷയരോഗാണുക്കൾ ശ്വാസകോശങ്ങളിൽക്കൂടിയും (Lungs) കുടലിൽക്കൂടിയും (Intestines) ചിലപ്പോൾ ടോൺസിലിൽ (Tonsil) കൂടിയും രക്തത്തിൽ പ്രവേശിക്കുന്നു. അതിസൂക്ഷ്മമായ രക്തനാഡികളിൽക്കൂടി അണുക്കൾ ഏതെങ്കിലും സന്ധിയുടെ (Joint) ഉൾഭാഗത്തെ മൃദുവായ ആവരണത്തെ (Synovial membrane) ആക്രമിക്കുന്നു. അതിന്മേൽ ചെറിയ വ്രണങ്ങൾ ഒന്നിച്ചുചേരുന്നു. സന്ധിയുടെ ഉള്ളിലെ മൃദുവായ ഭാഗങ്ങൾ മുഴുവനും ദ്രവിച്ചതിനുശേഷം ക്ഷയം എല്ലിലേക്കു പകരുന്നു. അവസാനം ദ്രവിക്കുന്ന അംശങ്ങൾ ചല (Pus) മായി രൂപാന്തരപ്പെട്ടു സന്ധിയിൽ വിങ്ങികെട്ടി നിൽക്കുന്നു. ശരിയായ ചികിത്സ ഈ സമയത്തും ലഭിക്കാതിരിക്കുകയാണെങ്കിൽ (Skin) പല സ്ഥലത്തും പൊട്ടി ചലം പുറത്തേക്കൊലിക്കുന്നതാണു്. ഈ പതനമാവുമ്പോൾ രോഗി സഹിക്കവയ്യാത്ത വേദനയനുഭവിക്കുകയായിരിക്കും.

നട്ടെല്ലിനു (Spine) ക്ഷയം തുടങ്ങുകയാണെങ്കിൽ കഴുത്തിലോ മുതുകിലോ ഉള്ള ഏതെങ്കിലും വെർട്ടിബ്രയി (Vertebra-കശേരു-നട്ടെല്ലിൻെറ കണ്ണി) ലായിരിക്കും സാധാരണ ആരംഭിക്കുന്നതു്. വെർട്ടിബ്രയിലേക്കുപോകുന്ന സൂക്ഷ്മമായ രക്തനാഡികളിൽക്കൂടിയാണു ക്ഷയരോഗാണുക്കൾ അതിൽ പ്രവേശിക്കുന്നതു്. അണുക്കൾ പ്രവേശിച്ച വെർട്ടിബ്രാ ക്രമേണ ദ്രവിക്കുവാൻ തുടങ്ങുന്നു. ദ്രവം അടുത്തുള്ള വെർട്ടിബ്രാകളിലേക്കും പകരുന്നു. ദ്രവിച്ച വെർട്ടിബ്രയുടെ സ്ഥാനത്തുവച്ചു നട്ടെല്ലു് വളഞ്ഞു കൂനുണ്ടാവുന്നു (Kyphosis). ദ്രവിച്ച സ്ഥാനത്തുനിന്നുണ്ടാവുന്ന ചലംകൊണ്ടു് (Pus) സുഷുമ്നയിൽ (Spinal cord) മേൽ സമ്മർദ്ദം ഉണ്ടാകുന്നു. സമ്മർദ്ദംകൊണ്ടു രോഗിയുടെ രണ്ടു കാലുകളും ചിലപ്പോൾ തളർന്നുപോകുവാനിടയുണ്ടു്. ചലം ചില രോഗികളിൽ നട്ടെല്ലിനോടു തൊട്ടുകിടക്കുന്ന പേശികളുടെയിടയിൽക്കൂടി വ്യാപിച്ചു നെഞ്ചിലും പള്ളയിലും ചിലപ്പോൾ വയററിലും കട്ടിയായി മുഴച്ചുനില്ക്കുന്നതു കാണാവുന്നതാണു്.

രോഗലക്ഷണം

ഏതു സന്ധി (Joint) യിലാണോ രോഗം തുടങ്ങുന്നതു് ആ സന്ധിയിലുള്ള വേദനയാണു് ആദ്യത്തെ രോഗലക്ഷണം. രോഗം ഇടുപ്പുസന്ധിയിലോ (Hip Joint) അല്ലെങ്കിൽ (Knee Joint) കാൽമുട്ടിലോ ആണു് ആരംഭിക്കുന്നതെങ്കിൽ രോഗി സ്വല്പം നടന്നുകഴിഞ്ഞാൽ ഉടനെ ഇടുപ്പിലോ മുട്ടിലോ വേദനയുണ്ടാവുന്നു. യാതൊരു പരുക്കോ ചതവോ പററാതെ ഒരു കുഞ്ഞു മുടന്തി നടക്കുന്നതു കണ്ടാൽ സന്ധിക്ഷയം സംശയിക്കേണ്ടതാണു്. നട്ടെല്ലിലാണു ആരംഭമെങ്കിൽ പുറംവേദനയായിരിക്കും ആദ്യലക്ഷണം. മുതുകു് ഏതു ഭാഗത്തേക്കും വളയ്ക്കുവാനും തിരിക്കുവാനും വേദനകൊണ്ടു പ്രയാസം നേരിടും. കഴുത്തിലെ വെർട്ടിബ്രയിലാണു തുടക്കമെങ്കിൽ തല തിരിക്കുവാനും കഴുത്തു വളയ്ക്കുവാനും വേദനകൊണ്ടു വിഷമമുണ്ടാവുന്നതാണു്. കാൽമുട്ടു് (Knee Joint) കൈമുട്ടു് (Elbow Joint) മുതലായ സന്ധികളിലാണു തുടക്കമെങ്കിൽ മേല്പറഞ്ഞ ലക്ഷണങ്ങൾ കൂടാതെ സന്ധികളിൽ വീക്കവും (Swelling) ഉണ്ടാവുന്നതാണു്. പക്ഷേ ഇടുപ്പുസന്ധി (Hip Joint), ഉരബന്ധം (Shoulder Joint) മുതലായ സന്ധികളിൽ മാംസപേശികളുടെ ബാഹുല്യം നിമിത്തം ഈ വീക്കം ശരിക്കു കാണുവാൻ കഴിയുന്നതല്ല. രാത്രി രോഗി ഉറങ്ങുമ്പോൾ രോഗം ബാധിച്ച സന്ധിയിൽ പെട്ടെന്നു ശക്തിയായ വേദനയുണ്ടായി രോഗി ഞെട്ടി ഉണരാറുണ്ടു്. രോഗം വർദ്ധിക്കുന്തോറും സന്ധിക്കു സമീപമുള്ള പേശികളും ക്ഷയിക്കുവാൻ തുടങ്ങുന്നു. കുറേശ്ശെ പനിയും, രുചിക്ഷയം, ക്ഷീണം, വിളർച്ച മുതലായ ലക്ഷണവും കണ്ടുതുടങ്ങുന്നതാണു്.

ഒടുവിൽ പുറംതൊലി പൊട്ടിഅതിൽക്കൂടി ചലംവന്നു പുറത്തേക്കൊലിക്കുന്നതും സാധാരണയാണു്. സന്ധിക്ഷയം ബാധിച്ചു വിഷമിക്കുന്ന രോഗിയുടെ ദയനീയസ്ഥിതി കാണുവാൻ വളരെ വിഷമമാണു്.

ചികിത്സ

സന്ധിക്ഷയം ആരംഭത്തിൽത്തന്നെ കണ്ടുപിടിച്ചു ആധുനികരീതിയിൽ ചികിത്സിക്കുകയാണെങ്കിൽ രോഗം നിശ്ശേഷം ശമിക്കുന്നതാണു്. പക്ഷെ അഭ്യസ്തവിദ്യരായവർപോലും ഈ രോഗത്തെപ്പററിയുള്ള അജ്ഞതമൂലം രോഗാരംഭത്തിൽ സന്ധികളിലോ അല്ലെങ്കിൽ മുതുകിലോ ഉണ്ടാവുന്ന വേദന വാതമാണെന്നു ധരിച്ചു പിഴിച്ചിൽ, ഉഴിയൽ തുടങ്ങിയ ആയുർവേദചികിത്സക്കുവേണ്ടി ആയുർവേദവൈദ്യനെ സമീപിക്കുന്നു. അങ്ങനെ മിക്ക രോഗികളും ഉഴിച്ചിലിനും പിഴിച്ചിലിനും വിധേയരാകുന്നു. വിദഗ്ധരായ അപൂർവ്വം ചില ആയുർവേദവൈദ്യന്മാർ രോഗം സന്ധിക്ഷയമാണെന്നു മനസ്സിലാക്കി രോഗികളെ ആധുനികരീതിയിലുള്ള പരീക്ഷണങ്ങൾക്കും ചികിത്സക്കുമായി ആശുപത്രിയിലേക്കു അയക്കാറില്ലാതില്ല. ക്ഷയം ബാധിച്ച സന്ധികൾക്കു ചുരുങ്ങിയതു ആറുമാസത്തേക്കെങ്കിലും പരിപൂർണ്ണവിശ്രമം വേണ്ടതിനുപകരം പിഴിച്ചിലും ഉഴിയലും മററുംകൊണ്ടു ദിവസവും അതിശീഘ്രമായ ചലനമാണു് ലഭിക്കുന്നതു്. ഈ ചലനംകൊണ്ടു രോഗം അതിവേഗത്തിൽ വർദ്ധിച്ചു അപായകരമായ നിലയിലേക്കെത്തുന്നു.

പ്രാരംഭലക്ഷണങ്ങൾ കണ്ടു രോഗം സന്ധിക്ഷയമാണു് അല്ലെങ്കിൽ നട്ടെല്ലിൽ ക്ഷയമാണു് എന്നു സംശയം ജനിച്ചാൽ രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതാണു്. ആശുപത്രിയിൽ X Ray പരിശോധനകൊണ്ടും രക്തം പരിശോധനകൊണ്ടും രോഗമിന്നതാണെന്നുള്ള തീരുമാനത്തിൽ എത്തിച്ചേരുന്നു.

രോഗം ബാധിച്ച ഭാഗവും അതിനു സമീപമുള്ള ഭാഗവും പ്ലാസ്റ്ററിൽ പൊതിഞ്ഞു നിശ്ചലമാക്കുന്നു. രോഗത്തിൻെറ ശക്തിയുടെ അവസ്ഥപോലെ ആറേഴുമാസം പ്ലാസ്റ്ററിൽ കിടക്കേണ്ടിവരും. താമസിച്ചു ചികിത്സ തുടങ്ങുന്നതുകൊണ്ടു് ചില രോഗികൾക്കു ചിലപ്പോൾ ഒന്നു രണ്ടു സംവത്സരങ്ങൾപോലും പ്ലാസ്റ്ററിൽ കഴിയേണ്ടിവരും. പ്ലാസ്റ്ററിൽ കിടക്കുന്നതോടൊപ്പം പോഷകാംശങ്ങളടങ്ങിയ നല്ല ഭക്ഷണം കൊടുക്കുകയും നൂതനമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള Streptomycine, P. A. S., Isoniazid മുതലായ ഔഷധങ്ങൾ പ്രയോഗിക്കുകയും ചെയ്യണം. ഈ ഔഷധങ്ങളുടെ പ്രയോഗകാലത്തു ചില രോഗികൾ ശസ്ത്രക്രിയക്കു വിധേയരാകേണ്ടിയും വരും.' രോഗാരംഭത്തിൽതന്നെ ശരിക്കുള്ള ചികിത്സചെയ്യുകയാണെങ്കിൽ 90 ശതമാനം രോഗികൾക്കും ഒട്ടും കഷ്ടതകൂടാതെ പൂർണ്ണസുഖം പ്രാപിക്കുവാൻ കഴിയുന്നതാണു്.

---

സത്യം എവിടെക്കിടക്കുന്നു? ഭൂമി കറങ്ങുന്നതുകൊണ്ടാണു് രാപകലുകൾ ഉണ്ടാകുന്നതു് (സദസ്സിൽ തുടർച്ചയായ കരഘോഷം; "ഭാരതമാതാ-കീ-ജെയ്")

പിറേറദിവസത്തെ ദിനപ്പത്രങ്ങളിൽ ഈ യോഗം റിപ്പോർട്ടു ചെയ്തിരുന്ന കൂട്ടത്തിൽ അദ്ധ്യക്ഷപ്രസംഗത്തെപ്പററി പറഞ്ഞിരുന്നതിങ്ങനെയാണു്:

"അദ്ധ്യക്ഷനവർകൾ ചെയ്ത ആശയഗംഭീരവും വിജ്ഞാനപ്രദവുമായ പ്രസംഗത്തിൽ ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതികളെപ്പററി സമഗ്രമായി പ്രതിപാദിച്ചിരുന്നു. ഭൂമി സൂര്യനെച്ചുററുന്നതുപോലെ, ഇന്നത്തെ സർവ്വരാഷ്ട്രീയപാർട്ടികളും കോൺഗ്രസ്സിനെ ചുററിക്കറങ്ങുന്ന നഭോഗോളങ്ങളാണെന്നും, രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവുമായ നമ്മുടെ മുന്നേററത്തിൽ നമുക്കു ചൂടും പ്രകാശവും തരുന്നതു കോൺഗ്രസ്സാണെന്നും മററും അദ്ധ്യക്ഷൻ സാഹിത്യസുന്ദരമായ ഭാഷയിൽ സമർത്ഥിച്ചു."

ആ പത്രറിപ്പോർട്ടർക്കു വല്ല ചേതവുമുണ്ടോ? രണ്ടുതുള്ളി മഷി മാത്രം!

(ജയഭാരതം)

---

## തിരുക്കൊച്ചിവാർത്തകൾ

3 പ്രതികൾവീതം

സംസ്ഥാനത്തു പ്രിൻറുചെയ്യുന്ന എല്ലാ പുസ്തകങ്ങളുടെയും മൂന്നു പ്രതികൾവീതം പബ്ളിക് റിലേഷൻസ് ഡയറക്ടർക്ക് സൗജന്യമായി അയച്ചുകൊടുക്കേണ്ടതാണെന്നു് ഒരു ഗവമ്മെൻറുവിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസഡയറക്ടർ

വിദ്യാഭ്യാസഡയറക്ടർ മി. സുന്ദരരാജനായിഡു ഒരു മാസത്തേക്കു് അവധിയെടുക്കുന്ന ഒഴിവിൽ എറണാകുളം മഹാരാജാസ് കോളെജ് പ്രിൻസിപ്പാൾ മി. ടീ. സീ. ശങ്കരമേനോൻ വിദ്യാഭ്യാസഡയറക്ടറായി നിയമിതനായിരിക്കുന്നു.

എ. ഐ. സി. സി. സമ്മേളനം

ജൂലൈ 6, 7 എന്നീ തീയതികളിൽ ആഗ്രായിൽവച്ചുനടന്ന എ. ഐ. സി. സി. യോഗത്തിൽ തിരു-കൊച്ചിയിൽനിന്നു് പ്രധാനമന്ത്രി ശ്രീ ഏ. ജെ. ജോൺ, ആഭ്യന്തരകാര്യമന്ത്രി ശ്രീ ടി. എം. വറുഗീസ് എന്നിവർ സംബന്ധിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

യുനെസ്കോ ഉൽഘാടനം ചെയ്തു

67 അംഗങ്ങളുള്ള യുനെസ്കോ കോൺഫറൻസ് ജൂലൈ 1-ാം നു- ഇൻഡ്യാ വൈസ് പ്രസിഡണ്ടു് ഡോക്ടർ രാധാകൃഷ്ണൻ പാരീസിൽ ഉൽഘാടനംചെയ്തിരിക്കുന്നു.

കമ്പോഡിയാ

സ്വാതന്ത്ര്യം ആവശ്യപ്പെടുന്നു

ഫ്റഞ്ച് ഇൻഡോ ചൈനായിലെ ഒരു സ്റ്റേയ്ററായ കമ്പോഡിയാക്കു് സ്വാതന്ത്ര്യമനുവദിക്കണമെന്നു് അവിടത്തെ രാജാവു് ഫ്റഞ്ചുഗവമ്മെൻറിനോടാവശ്യപ്പെട്ടിരിക്കുന്നു. ഇൻഡ്യയും കോമൺവെൽത്തും തമ്മിലുള്ള ബന്ധമേ കമ്പോഡിയായും ഫ്റാൻസും തമ്മിലുണ്ടായിരിക്കാവു എന്നാണദ്ദേഹത്തിൻെറ വാദം.

ടുണീഷ്യായിലെ അവകാശിയെ വെടിവെച്ചു കൊന്നു

ടുണീഷ്യായിലെ നാടുവാഴിയുടെ അനന്തരാവകാശിയായ അസ്സെസിൻബേയെ ഒരജ്ഞാതഘാതകൻ വെടിവച്ചു കൊന്നിരിക്കുന്നതായി ജൂലൈ 1-ാംനു- പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ബ്രിട്ടീഷ് കാബിനററിൽ

രോഗബാധിതനായി അവധിയിൽ പ്രവേശിച്ചിരിക്കുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ചർച്ചിലിനുപകരം മി. ആർ. എ. ബട്ട്ളർ താല്ക്കാലികപ്രധാനമന്ത്രിയായി നിയമിതനായിരിക്കുന്നു. മി. ആൻറണി ഈഡൻ വിശ്രമാനന്തരം ജോലിയിൽ പ്രവേശിക്കുന്നതുവരെ സാലിസ്ബറിപ്രഭു ആക്ടിംഗ് വിദേശകാര്യസെക്രട്ടറിയായിരിക്കുന്നതാണെന്നും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

കുടുംബപംക്തി

# കുടുംബത്തിലെ നയതന്ത്രം

(ജി. സി. ടീലാർ)

മനോഹരമായ ഒരു സായാഹ്നം. ഒരാഴ്ച തുടരെ മഴപെയ്തിട്ട തെളിഞ്ഞ ഒരു ദിവസമായിരുന്നു. പക്ഷികൾ തത്തിക്കളിക്കയായിരുന്നു പച്ചിലകൾക്കിടയിൽക്കൂടി. റോഡിൽ ചെളിയും പൊടിയും ഉണ്ടായിരുന്നില്ല. ഫാദർ ജയിംസിനു ഉത്സാഹം തോന്നി പുറത്തേക്കൊന്നിറങ്ങുവാൻ. അദ്ദേഹം നടന്നു. നെൽപ്പാടങ്ങൾക്ക നടുവിൽക്കൂടി ഇഴഞ്ഞിഴഞ്ഞു പോകയാണു് ആ വഴി. ഇരുവശങ്ങളിലും പച്ചപ്പട്ട വിരിച്ചപോലെ നെല്ല വളന്നു തിങ്ങി തലയെടുത്തു നിൽക്കുന്നു. ആ പ്രദേശം വളരെ ആകർഷകമായി തോന്നി അദ്ദേഹത്തിനു്. വീണ്ടും നടന്നു. കേരവൃക്ഷങ്ങൾ വളന്നു നിൽക്കുന്ന മനോഹരമായ ഒരു കുന്നിൻെറ ചരുവിൽക്കൂടിയാണു പിന്നത്തെ ഗതി. റോഡിനുതാഴെ നെൽപ്പാടങ്ങളും റോഡുമായി ഒരു മത്സരം നടത്തുന്നമട്ടിൽ കുറേദൂരം അതു നീണ്ടു കിടക്കുന്നു. ഒരു തെങ്ങിൻ തോപ്പിൽ ചെന്നു തട്ടി അതു നിന്നുപോകയാണു് പിന്നെ. ഫാദർ ജയിംസിൻെറ ഗതിയെ സൂക്ഷിച്ചുകൊണ്ടു് ഒരാൾ പാടങ്ങളുടെ മറുകരയിൽനിന്നിരുന്നു. ഉയർന്നുനിൽക്കുന്ന പൂച്ചെടികൾക്കിടയിൽക്കൂടി അയാൾ നടന്നു് ഗയിററിൻെറ കല്പടകൾ ഇറങ്ങി വരമ്പത്തുകൂടി ഓടി റോഡിലെത്തി.



"എന്താ മി. ചെറിയാൻ ഇന്നു പുറത്തേക്കൊന്നുമിറങ്ങിയില്ലേ?" ചെറിയാച്ചൻെറ കൂപ്പുകൈക്കു് ആചാരംചെയ്തുകൊണ്ടു ഫാദർ ജയിംസ് ചോദിച്ചു.

"പുറത്തേക്കൊന്നിറങ്ങുവാൻ വിചാരിച്ചിരിക്കയായിരുന്നു. അപ്പോഴാണു് അച്ചൻ ഈ വഴിയെ നടന്നുപോകുന്നതു കണ്ടതു്."

"എന്നാൽ വരൂ, നമുക്കു് കിഴക്കോട്ടല്പം നടക്കാം."

"അച്ചൻ ഇത്രയും ദൂരം നടന്നില്ലേ. ഇനി വീട്ടിൽ കയറി അല്പം വിശ്രമിച്ചിട്ടു പോകാം."

"അവിടെ കയറിയാൽ പല കാര്യങ്ങൾ പറഞ്ഞങ്ങനെ ഇരുന്നുപോകും. എന്തുമാത്രം ചോദ്യങ്ങളാണു് നിങ്ങൾക്ക രണ്ടുപേക്കുംകൂടി ചോദിക്കാനുണ്ടാകുക!"

"ഞങ്ങളുടെ ചോദ്യങ്ങൾക്ക മറുപടി തന്നുകൊണ്ടു് അച്ചൻ ഒരു വലിയ കത്തോലിക്കാപ്രവത്തനം നടത്തുന്നു എന്നാണെൻെറ അഭിപ്രായം. സർ റിച്ചാർഡ ബർട്ടൻെറ പത്നി ആളുകളെ നാലായിട്ടാണു തരംതിരിച്ചിരിക്കുന്നതു്, എന്നറിയാമോ?"

"അതെങ്ങനെയെല്ലാം?"

"കാര്യങ്ങൾ ഒന്നും അറിയാത്തവനും, അറിവില്ലാത്ത ആ അവസ്ഥയെപ്പററി അറിയാത്തവനും ആദ്യത്തെ വകുപ്പിൽ പെടുന്നു. അവൻ വിഡ്ഢിയാണെന്നാണു് ആ മഹതിയുടെ അഭിപ്രായം."

"അതു കൊള്ളാം. രണ്ടാമത്തെ വകുപ്പു?"

"കാര്യങ്ങൾ ഒന്നും അറിയാത്തവനും, ആ അറിവില്ലായ്മയെപ്പററി ബോധമുള്ളവനും. അവൻ ഒരു ശുദ്ധഗതിക്കാരനാണെന്നു് അവർ സമത്ഥിക്കുന്നു."

"അത്തരക്കാരെ നമുക്ക പാഠിപ്പിക്കാം. ഇനി മൂന്നാമത്തെ കൂട്ടർ?"

"അറിവുള്ളവനാണെങ്കിലും. അറിവുള്ളവനാണെന്നു് അറിയാത്തവൻ. ഉറക്കംതൂങ്ങി എന്നാണു് അവർ അവനെ വിളിക്കുന്നതു്."

"അവനെ നമുക്കുണത്താം. നാലാമത്തെ വകുപ്പിൽ ആരാണു്?"

"അറിവുള്ളവനും. ആ അറിവിനെപ്പററി ആത്മബോധവും മതിപ്പും ഉള്ളവനും നാലാമത്തെ വിഭാഗത്തിൽപ്പെടുന്നു. മിസ്സസ് ബർട്ടൺ പറയുന്ന ആ മനുഷ്യനാണു ബുദ്ധിമാനെന്നു്."

"ഭേഷ്; തരംതിരിവു വളരെ ഭംഗിയായിരിക്കുന്നു. ഇനി നാം ഓരോരുത്തരും ഏതേതു വകുപ്പിൽ പെടുന്നു എന്നു നോക്കിയാൽ മതി."

അവർ സാവധാനം നടന്നെത്തി രമണീയമായ ആ ഭവനത്തിൽ. എലിസബത്തു് രണ്ടുകപ്പു ചായ കൊണ്ടുവന്നു് അവരെ സല്ക്കരിച്ചു. ഫാദർ ജയിംസ് ആദ്യം അതൊന്നു രുചിച്ചുനോക്കി. സംതൃപ്തിയുടെ ദീപ്തി മുഖത്തു പരത്തിയിട്ടു് അദ്ദേഹം പറഞ്ഞു: "എലിസബത്തിനു് എൻെറ അഭിനന്ദനങ്ങൾ. വിദഗ്ധന്മാരായ ചായക്കടക്കാർ ഉണ്ടാക്കുന്ന വിധത്തിൽ ഇതു നന്നായിട്ടുണ്ടു്." എലിസബത്തിൻെറ ഒരു പുഞ്ചിരി അതിനു കൃതജ്ഞത പ്രകടിപ്പിച്ചു. പക്ഷേ ഒഴിഞ്ഞ പാത്രങ്ങളുമായി അവൾ പോയിക്കഴിഞ്ഞപ്പോൾ ചെറിയാച്ചൻ പറയുകയാണു: "ഇത്ര നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി ഒരാളെ പ്രശംസിച്ചാൽ കൂടുതൽ ഗുരുതരങ്ങളായ കാര്യങ്ങളിൽ ഒരു അലസമനോഭാവം അയാൾ കൈക്കൊള്ളുവാൻ പാടുണ്ടെന്നാണെനിക്കു തോന്നുന്നതു്."

"അതു ശരിയായിരിക്കയില്ല, ചെറിയാച്ചൻ. ഒരു നല്ല പ്രവൃത്തിക്കുവേണ്ടി, അതെത്രതന്നെ നിസ്സാരമായിരുന്നാലും, ഹൃദയം തുറന്നു് അഭിനന്ദിക്കയും ഒരു തെററിനുവേണ്ടി, അതെത്രതന്നെ ഗൗരവമുള്ളതായിരുന്നാലും, അതിരുവിട്ടു ശകാരിക്കാതിരിക്കയും ചെയ്യുന്നതു് ജീവിതവിജയത്തിനു് അവശ്യാവശ്യമാണു്."

"എന്നാൽ എല്ലാത്തരം പ്രവത്തനങ്ങൾക്കും അഭിനന്ദനം നൽകിയാൽ മതിയാകുമോ?"

"ഞാൻ നിന്നെ അഭിനന്ദിക്കുന്നു" എന്നതു് മൂന്നു വാക്കുകൾ മാത്രമുള്ള ഒരു ചെറിയ വാചകമാണു്. എന്നാൽ അതിനു് അത്ഭുതങ്ങൾതന്നെ പ്രവത്തിക്കുവാൻ കഴിയും. ഓരോ മനുഷ്യനും ആഗ്രഹമുണ്ടു് തന്നെപ്പററി മററുള്ളവർ എന്തു വിചാരിക്കുന്നു എന്നറിയുവാൻ; തൻെറ പ്രവർത്തനങ്ങൾക്ക നന്ദനമോ നിന്ദനമോ ലഭിക്കുന്നതെന്നറിയുവാൻ. ഒരു ചെറിയ വാചകം കൊണ്ടാണെങ്കിലും അഭിനന്ദനം രേഖപ്പെടുത്തുവാൻ മററുള്ളവർ ശ്രദ്ധിക്കുന്നപക്ഷം പ്രവത്തിക്കുന്ന ആളിനുണ്ടാകുന്ന കൃതാത്ഥത മററാരുസമയം വിലപിടിച്ച അനേകം സമ്മാനങ്ങൾ കിട്ടുന്നതിനെക്കാൾ വലുതായിരിക്കും. ആൻഡ്രൂ കർണേജി എന്ന മഹാൻ 20-ാം നൂററാണ്ടിൻെറ ആരംഭഘട്ടത്തിൽ അമേരിക്കയിലെ ഏററം വലിയ വ്യവസായ പ്രമുഖനായിത്തീന്നു. ഉരുക്കുവ്യവസായശാലയുടെ ഡയറക്ടറായി ചാറത്സ് ഷാബ് എന്നൊരു വിദഗ്ധനെയാണു് അദ്ദേഹം നിയമിച്ചതു്. ഒരുദിവസം മൂവായിരം ഡോളറായിരുന്നു അദ്ദേഹത്തിനു കൊടുത്തിരുന്ന ശമ്പളം. ചാറത്സ് ഷാബ ഒരു അസാധാരണ ബുദ്ധിപ്രാഭവമുള്ള ആളായിരുന്നില്ല. ഉരുക്കുവ്യവസായം സംബന്ധിച്ചും അദ്ദേഹത്തിനു പ്രത്യേകജ്ഞാനമൊന്നുമുണ്ടായിരുന്നില്ല. പിന്നെ എന്തിനു ആൻഡ്രൂ കർണേജി ആണ്ടിൽ പത്തുലക്ഷം ഡോളർ ചാറത്സ് ഷാബിനു നൽകിക്കൊണ്ടിരുന്നു? അദ്ദേഹം ഒരു കാര്യത്തിൽ വിദഗ്ധനായിരുന്നു. അതിനു്. ഒരു മനുഷ്യൻെറ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള മാഗ്ഗം അവനിലുള്ള നന്മയെ പ്രശംസിച്ചു അവനെ പ്രോത്സാഹിപ്പിക്കുകയാണെന്നു് അദ്ദേഹം പഠിച്ചിരുന്നു. വ്യവസായ മണ്ഡലത്തിൽ ആൻഡ്രൂ കർണേജിക്കുണ്ടായ വിജയം അത്ഭുതകരമാണു്. പക്ഷേ ചാറത്സ ഷാബിൻെറ നയതന്ത്രമാണു് അതിനു കാരണമെന്നു പലരും

പ്രഥമ ചരമവാർഷികം



ജനനം: 15—5—1885
മരണം: 13—7—1952

തോട്ടക്കരപ്പള്ളിയുടെ ആരംഭംമുതൽ അൻപതിൽപ്പരം വത്സരം അൾത്താരശുശ്രൂഷ തൻെറ ജീവിതവൃത്തിയായി സ്വീകരിച്ചു് ഇടവകക്കാരുടെ സ്നേഹാദരങ്ങൾ സമാജ്ജിച്ചിട്ടുള്ള ശ്രീ ചുള്ളിമ്യാലിൽ വക്കി അപ്പു്.

"ജീവിതകാലത്തിൽ നിങ്ങൾ എന്നെ സ്നേഹിച്ചു; മരണശേഷം നിങ്ങൾ എന്നെ മറക്കരുതെ."

(അമ്പ്രോസീസ്)

അറിഞ്ഞിട്ടില്ല. വ്യവസായശാലയിൽ ചാറത്സ് ഷാബ് എന്തു ചെയ്തുവോ ആ തന്ത്രമാണു് ഒരു കുടുംബത്തിൽ കുടുംബനാഥന്മാർ പ്രയോഗിക്കേണ്ടതു്."

ഫാദർ ജയിംസിൻെറ വാചാലത വളരെ രസകരമായിരുന്നു.

"വക്രീകൃത്യമനഃപൂർവ്വം കാര്യ
കമ്മണി യോജയേൽ
അവക്രീകൃതപത്രേനയവാ
ഗാദി ന പീയതേ"

എന്നു് ഒരു സംസ്കൃതകവി പാടിയിട്ടുണ്ടു്. കോട്ടിയ പ്ലാവിലകൊണ്ടേ കഞ്ഞി കുടിക്കുവാൻ സാധിക്കൂ. അതുപോലെ മററൊരാളെക്കൊണ്ടു് എന്തെങ്കിലും ചെയ്യിക്കണമെങ്കിൽ അയാളുടെ മനസ്സിനെ ആദ്യമായി ആകർഷിച്ചുവഴക്കണം, എന്നാണു കവിയുടെ ആശയം. അദ്ദേഹത്തിൻെറ കാലത്തു് ഭാരതീയർ കയിലു് ഉപയോഗിച്ചുതുടങ്ങിയിരുന്നില്ല എന്നു വിചാരിക്കണം. ആ ഈരടി ചെറിയാച്ചൻ മനഃപാഠമാക്കിയിട്ടുണ്ടായിരുന്നെങ്കിലും അതിൻെറ അത്ഥം ശരിക്കു ഗ്രഹിച്ചിരുന്നില്ല. എന്നാൽ ഫാദർ ജയിംസിൻെറ ആ ചെറുപ്രഭാഷണം കഴിഞ്ഞപ്പോൾ പഴയ ആ ശ്ലോകം അദ്ദേഹത്തിൻെറ സ്മൃതിപഥത്തിൽ എത്തി. എങ്കിലും ചോദിച്ചു: "വ്യവസായശാലയിലെ നയതന്ത്രം കുടുംബത്തിൽ പ്രായോഗികമാകുമെന്നു് അച്ചൻ കരുതുന്നുണ്ടോ?"

"അതിനു് വെട്ടിമുറിച്ചുവിധത്തിൽ ഒരു മറുപടി പറയുക സാദ്ധ്യമല്ല. വ്യവസായശാലയിൽ ആത്മാത്ഥതയുടെ ആവശ്യമില്ലെന്നാണു പരക്കെയുള്ള ധാരണ. എന്നാൽ സത്യസന്ധതയും ആത്മാത്ഥതയും ഇല്ലാത്തിടത്തു് ഒരു തൊഴിലും വിജയിക്കയില്ല എന്നു നാം മനസ്സിലാക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. വ്യവസായശാലയിലെ ആത്മാത്ഥതയും കുടുംബത്തിലെ ആത്മാത്ഥതയും തമ്മിൽ അന്തരമുണ്ടാകാൻ പാടില്ല എന്നു നാം പഠിച്ചു മതിയാവൂ. സത്യം എവിടെയായാലും ഒന്നുതന്നെ. വ്യവസായശാലകൊണ്ടു് തൻെറ പണം പെരുകണം എന്നുമാത്രം ഒരാൾ വിചാരിച്ചു എന്നുവരാം. പക്ഷേ തനിക്കും ജോലിക്കാക്കും സമ്പത്തുണ്ടാകണമെന്നാണു് ഉടമസ്ഥൻ ആത്മാത്ഥമായി ആഗ്രഹിക്കേണ്ടതു്. അങ്ങനെ ആഗ്രഹിക്കയും പ്രവത്തിക്കയും ചെയ്യുന്നവനുമാത്രമേ ഐശ്വര്യവും സൗഭാഗ്യവും കൈവരികയുള്ളു. ഇതുപോലെതന്നെയാണു കുടുംബത്തിൻെറയും സ്ഥിതി. സ്വന്തം സുഖംമാത്രം അന്വേഷിക്കുന്ന ഒരാളാണു് കുടുംബനാഥൻ എങ്കിൽ അയാൾക്കു് കുടുംബത്തിൻെറ സൗഭാഗ്യം നിലനിത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ല. കുടുംബത്തിൻെറ ഐശ്വര്യത്തിനും സൗഭാഗ്യത്തിനുംവേണ്ടി ഭത്താവും ഭാര്യയും ഏകീഭവിച്ചു പ്രവത്തിക്കണം. കല്പിക്കേണ്ടതു ആരു്, അനുസരിക്കേണ്ടതു് ആരു് എന്ന പ്രശ്നം അവിടെ ഇല്ല. എല്ലാത്തിലും മുൻകൈ എടുത്തു പ്രവത്തിക്കേണ്ടതു് ഭത്താവുതന്നെ."

"ഇരുവരും ഒന്നുപോലെ പ്രവത്തിക്കുവാൻ ചുമതലപ്പെട്ടവർ. പിന്നെ എന്തിനു് ഒരാൾ മററാരാളെ പ്രശംസിക്കണം?"

"ഓരോരുത്തനും തൻെറ ചുമതല ഓരോവിധത്തിൽ നിർവഹിക്കാമല്ലോ. ഒരു പറമ്പു കിളക്കുവാൻ ഒരു വേലക്കാരനെ നിയോഗിക്കുന്നു എന്നു വിചാരിക്കുക. അലസമായിട്ടോ, വിശ്വസ്തതയോടുകൂടിയോ അവൻ അതു ചെയ്യേക്കാം. ഒരു ജോലി വിശ്വസ്തതയോടുകൂടി ചെയ്യുന്നവൻ, പറഞ്ഞൊത്ത കൂലിക്കു പുറമെ മറെറാന്നുകൂടി അർഹിക്കുന്നു. അതു് ഒരഭിനന്ദനമോ സമ്മാനമോ ആണു്. നമുക്കു് ഇനി കുടുംബത്തിലേക്ക തിരിയാം. അവിടെ ഭാര്യക്കു് അനേകം ചുമതലകളുണ്ടു്. അതെല്ലാം അവൾ ഭംഗിയായി നിവ്വഹിക്കുന്നുവെങ്കിൽ ഭത്താവിൻെറ അഭിനന്ദനങ്ങൾ അവൾ അർഹിക്കുന്നില്ലയോ?"

"ഏററം തൃപ്തികരമായ വിധത്തിലാണു് ഒരാൾ ഒരു പ്രവൃത്തി ചെയ്യുന്നതെങ്കിൽ നാം അയാളെ അഭിനന്ദിക്കണം എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ അങ്ങനെയല്ലെങ്കിലോ?"

"ഏതുതരം പ്രവൃത്തികളെയാണു് നാം അഭിനന്ദിക്കേണ്ടതു എന്നാണു ചെറിയാച്ചൻെറ ചോദ്യം. പ്രവൃത്തികളെ മാത്രമല്ല ആളിനെത്തന്നെയും അഭിനന്ദിക്കാമെന്നാണു് എൻെറ മറുപടി. എലിസബത്തു് നമുക്ക രണ്ടുപേക്കും ഓരോകപ്പു ചായ കൊണ്ടുവന്നു. ചായക്കു് മധുരം അല്പം കുറഞ്ഞുപോയി എന്നുതന്നെ ഇരിക്കട്ടെ. ഒരു ചെറിയ ശകാരമായിരിക്കും എലിസബത്തു് അപ്പോൾ അർഹിക്കുക. എന്നാലും ശകാരിക്കുന്നതിനുപകരം ആത്മവ

8½ lb of famous Swiss precision engineering to give you
The World's Most Portable Portable!
THE STURDY HERMES 'BABY'
with features of a full-size typewriter
No higher than a matchbox






* Special device for inserting missing letters;
* Rapid underlining and drawing of horizontal and vertical lines;
* All metal carrying case;
* Ample power for carbon copies.

All this weighs only 8½ lb
Available with full service and spare parts from
VOLKART
VOLKART BROTHERS
P. O. Box No. 3, Cochin-I
Offices at: Alleppey, Kozhikode, Mangalore, & Tellicherry

For favours received



Sr. Alphonsa, I.C.

Excuse delay
Mrs K. P. L., Alleppey

ഞ്ചന കൂടാതെ മററൊരു നയം ചെറിയാച്ചനു പ്രയോഗിക്കാം."

ചെറിയാച്ചൻ ഉൽക്കണ്ഠയോടുകൂടി ചോദിച്ചു: "എന്താണു് ആ നയം?" ഫാദർ ജയിംസ് ചിന്താമഗ്നനായി. മി. ചെറിയാൻ വളരെ ശ്രദ്ധിച്ചുകേൾക്കുന്നു തന്നെ എന്നു കണ്ടപ്പോൾ അവാച്യമായ കൃതാർത്ഥത ഉണ്ടാകാതിരുന്നില്ല അദ്ദേഹത്തിനു്. ശകാരിക്കേണ്ടിവരുന്ന ഘട്ടത്തിൽപ്പോലും ആത്മവഞ്ചനകൂടാതെ അഭിനന്ദിക്കാമെന്ന തത്വം കേട്ടപ്പോൾ ചെറിയാച്ചൻ അത്ഭുതപ്പെട്ടുപോയി. "എന്താണു് ആ നയം? എന്താണു് ആ നയം?" എന്നു വീണ്ടുംവീണ്ടും ചോദിച്ചു ചെറിയാച്ചൻ. "ഓ, ചന്ദ്രനെ വെല്ലുന്ന ആ പുഞ്ചിരി കാണുമ്പോൾ ചായക്കു് അല്പം മധുരം കുറവാണെന്നുള്ള കാര്യം എൻെറ ശ്രദ്ധയിൽ പെടുന്നില്ല— എന്നോ മറേറാ ഒന്നു പറയുക. പിന്നെ ചായക്കെന്നല്ല, അവൾ തയാറാക്കുന്ന ഒരു സാധനത്തിനും പാകപ്പിഴ ഉണ്ടാകയില്ല. അതിൽ ഒരു വലിയ മന:ശാസ്ത്രതത്വം അടങ്ങിയിട്ടുണ്ടു്. സ്വന്തം ഗുണഗണങ്ങൾ എല്ലാവരും അറിഞ്ഞില്ലെങ്കിലും തങ്ങൾക്കു് ഏററം അടുത്തവർ അറിയണമെന്നും അഭിനന്ദിക്കണമെന്നുമാണു് ഓരോരുത്തരുടെയും അഭിവാഞ്ഛ. ആനന്ദവും സംതൃപ്തിയും അഭിലാഷങ്ങളുടെ പൂർത്തീകരണത്തിൽ നിന്നുമാണുതാനും."

---

ഫാത്തിമാമാതാവിൻെറയും വിശുദ്ധ ഫ്രാൻസിസ് സേവ്യരുടെയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ സുഖക്കേടു മാറിയതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

Mrs. Mariam Joseph
Ayrookaran,
Karukutty

---

വിക്കുന്നതു്. ഒരു സ്ത്രീയുടെ ആനന്ദവും സംതൃപ്തിയും അവളുടെ ഭർത്താവിൻെറ ആശംസകളിലും അഭിനന്ദനങ്ങളിലുമത്രേ. ഒരു സ്ത്രീ ഭർത്താവിൻെറ പാണ്ഡിത്യത്താലോ, സമ്പത്തിനാലോ, സൗന്ദര്യത്താലോ അല്ല ആകൃഷ്ടയാകുന്നതു്. സ്നേഹിക്കുന്ന ഒരു ഹൃദയമാണു് അവളുടെ ആവശ്യം. സ്നേഹം എന്തു പ്രവർത്തിക്കുന്നു എന്നു് വി. പൗലോസ് ദീർഘമായി ഉപന്യസിക്കുന്നുണ്ടു്. അദ്ദേഹം കൊറിന്ത്യാക്കാർക്കുള്ള ഒന്നാംലേഖനം 13-ാം അദ്ധ്യായത്തിൽ എഴുതിയിരിക്കുന്നു:- സ്നേഹം ക്ഷമയുള്ളതാകുന്നു, ദയയുള്ളതാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല, അയോഗ്യമായി ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല, സ്ഥാനകാംക്ഷയുള്ളതല്ല, തൻകാര്യം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം വിചാരിക്കുന്നില്ല, അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു് എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം ശരണപ്പെടുന്നു."

സന്ധ്യയുടെ വാഹനത്തിൻെറ മണിസ്വരം അടുത്തടുത്തു കേട്ടുതുടങ്ങി. ഫാദർ ജയിംസ് എഴുന്നേററു യാത്രപറഞ്ഞു "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. അച്ചൻെറ സന്ദർശനം എനിക്കു വളരെ ഉപകരിച്ചു. ഇനി മററു പലതും അങ്ങിൽനിന്നും എനിക്കു പഠിക്കുവാനുണ്ടു്." ചെറിയാച്ചൻ അദ്ദേഹത്തിൻെറകൂടെ നടന്നു റോഡിലോളം. "വളരെ ഉപകാരം ചെറിയാച്ചൻ; ഗുഡ്ബൈ." അതിവേഗം നടന്നുപോയി അദ്ദേഹം.

## സംഭവകഥകൾ

### ബോനപ്പാർട്ടിന മേലെ

ഒരിക്കൽ കുലീനയായ ഒരു സ്ത്രീ നെപ്പോളിയൻ ബോനപ്പാർട്ടിനെ മുഖസ്തുതി പറയാൻ തുടങ്ങി. അവർക്കെന്തോ കാര്യം സാധിക്കാനുണ്ടായിരുന്നു. അവർ തൻെറ പ്രശംസാവർഷം ഉപസംഹരിച്ചതു് ഇപ്രകാരമാണു്: "ഒരു ബോനപ്പാർട്ടു് ആയിരിക്കുക എന്നതിനെക്കാൾ ഉന്നതമായ പദവി എന്താണുള്ളതു്?"

"ഉണ്ടു്, മഹതീ", നെപ്പോളിയൻ പ്രതിവചിച്ചു. "ഒരാൾക്കു് ഒരു നല്ല അമ്മയായിരിക്കുവാൻ സാധിക്കും."

### പുരുഷന്മാർക്കു ശിക്ഷണം നല്കുന്നവർ

പുരാതനകാലങ്ങളിൽ മിക്ക രാജ്യങ്ങളിലും സ്ത്രീ പുരുഷനു തുല്യയായി പരിഗണിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഗ്രീസിൽ സ്പാർട്ടായിലെ സ്ഥിതി വ്യത്യസ്തമായിരുന്നു. അതിനുള്ള കാരണം പേർഷ്യായിലെ പ്രതിനിധി ചോദിച്ചപ്പോൾ ലേയാണിദാസ് എന്ന തലവൻെറ ഭാര്യ നൽകിയ മറുപടി ഇതാണു്: "പുരുഷന്മാർക്കു ശിക്ഷണം നൽകാൻ അവർക്കറിയാം. അതുകൊണ്ടാണു് സ്പാർട്ടായിൽ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം സ്ഥാനം നൽകിയിരിക്കുന്നതു്."

### സ്വർഗ്ഗരാജൻെറ കിരീടം

ഫ്രാൻസിലെ രാജാവായിരുന്ന ലൂയി 15-ാമൻെറ വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം തിരുതകൃതിയായി നടക്കുന്നു. മരിയ ലെക്സിൻസ്കയാണു് വധു. അവളുടെ പിതാമഹി ചോദിച്ചു: "മകളേ, നിൻെറ ഭാഗ്യാതിരേകത്തെപ്പററി നീയെന്തു വിചാരിക്കുന്നു?"

"എൻെറ അമ്മാമ്മേ", അവൾ പ്രതിവചിച്ചു. "കഴിഞ്ഞ എട്ടു ദിവസമായി എന്നെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു ചിന്തയുണ്ടു്—ഫ്രാൻസിലെ രാജാവു് എന്നെ ധരിപ്പിക്കുവാൻപോകുന്ന കിരീടംനിമിത്തം, സ്വർഗ്ഗരാജൻ എനിക്കായി സജ്ജമാക്കിയിരിക്കുന്ന കിരീടം ഞാൻ നഷ്ടപ്പെടുത്താൻ ഇടവരുന്നപക്ഷം എൻെറ സ്ഥിതി എത്ര നിർഭാഗ്യകരമായിരിക്കും!"

### പരിശുദ്ധാരൂപി തല്ലിച്ചപ്പോൾ..!

പ്രസിദ്ധ ഡൊമിനിക്കൻ പ്രാസംഗികനായ ഫാദർ തോമസ് ബർക് പറഞ്ഞുവന്ന ഒരു സംഭവമാണിതു്. അദ്ദേഹമൊരു കുട്ടിയായിരുന്നപ്പോൾ എന്തോ കുററംചെയ്തു. അതറിഞ്ഞു് അദ്ദേഹത്തിൻെറ അമ്മ അദ്ദേഹത്തെയും കൂട്ടിക്കൊണ്ടു് ഒരു മുറിയിൽ ചെന്നു കതകുകളടച്ചശേഷം മുട്ടുകുത്തി, "കർത്താവേ, ഞങ്ങളുടെ സകല പ്രവൃത്തികളേയും നിയന്ത്രിക്കണമെ..." എന്നാരംഭിക്കുന്ന ഒരു പ്രാർത്ഥന ചൊല്ലി. തദനന്തരം "പ്രഹരാദികഷായം" ഇടതടവില്ലാതെ സ്വപുത്രനു് അല്പനേരത്തേക്കു കൊടുത്തു.

ഏതത്സംബന്ധമായി പില്ക്കാലത്തു ഫാദർ ബർക് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "എൻെറ അമ്മ മുറിയിൽ പ്രവേശിച്ചു മുട്ടുകുത്തി കുരിശു വരയ്ക്കുകയും പരിശുദ്ധാരൂപിയോടു പ്രാർത്ഥിക്കുകയും മററും ചെയ്യുന്നതു കണ്ടപ്പോൾ, അങ്ങേ അററം പ്രതീക്ഷിക്കണമെന്നു ഞാൻ തീരുമാനിച്ചു. പരിശുദ്ധാരൂപിയുടെ നിയന്ത്രണത്തിൽ കിട്ടിയ ആ തല്ലുപോലുള്ള ഒരു തല്ലു് മററൊരവസരത്തിലും എനിക്കു കിട്ടിയിട്ടില്ല. അതു മറക്കുക എനിക്കു സാദ്ധ്യമല്ല."

---

ബ. അൽഫോൻസാമ്മയുടെ സഹായത്താലും വി. അന്തോനീസിൻെറയും വി. യൗസേപ്പുപിതാവിൻെറയും മാദ്ധ്യസ്ഥതാലും ലഭിച്ച നന്മയ്ക്കു ഉപകാരസ്മരണ.

ഗ്രേസ് ഫർണാൻറസ്,
മുരുക്കുംപുഴ

---

(11-ാം പേജ് തുടർച്ച)

ണ്ടായി. ക്രിസ്തുമതത്തിൻെറ ഈ നാട്ടിലെ ഭാവിയെക്കുറിച്ചുള്ള ഭയാശങ്കകൾ പ്രകടിപ്പിക്കുന്ന കത്തുകൾ രാജ്യത്തിൻെറ പല ഭാഗങ്ങളിൽനിന്നും, ഇന്ത്യയിലെ കർദ്ദിനാൾ എന്ന നിലയിൽ, തനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നതു് ആശ്ചര്യകരമല്ലല്ലോ. തുടർന്നു തിരുമേനി ഇപ്രകാരം പ്രസ്താവിക്കുന്നു:-

### പ്ലെനറികൗൺസിലിലെ ഡിക്രി

"വിദേശമിഷനറിമാരുടെ സുവിശേഷപ്രചരണവേലയ്ക്കെതിരായ ഈ ആക്രോശത്തിൽ എനിക്കു് മനസ്സിലാക്കാൻ വിഷമമുള്ളതു്, അതു് ഇപ്പോൾ നടന്നതെന്തുകൊണ്ടാണെന്നാണു്. അവർ നടത്തുന്ന മാനസാന്തരപരിശ്രമങ്ങൾ ഇപ്പോൾ ഉപദ്രവകരമാണെങ്കിൽ, സ്വയംഭരണം ഇന്ത്യക്കു ലഭിച്ചപ്പോഴും ഭരണഘടന രൂപീകരിച്ചപ്പോഴും അവ എന്തുകൊണ്ടു് ഉപദ്രവകരമായിരുന്നില്ല? ആ വിഷയത്തെപ്പററി അപ്പോഴെല്ലാം യാതൊന്നും പ്രസ്താവിച്ചില്ലെന്നു മാത്രമല്ല, മാനസാന്തരവേലയുടെ കാര്യത്തിൽ അപ്പോൾ നിലവിലിരുന്ന സ്ഥിതി തുടരുമെന്നു് പാർലമെൻറിൽവച്ചു് ഉറപ്പുകൾ നൽകുകയും ചെയ്തു. ഏതെങ്കിലും മിഷനറിമാർ—കത്തോലിക്കരെപ്പററി മാത്രമേ എനിക്കു പറയുവാൻ അധികാരമുള്ളു—ആക്ഷേപകരമായ രാഷ്ട്രീയപ്രവർത്തനം നടത്തിയിട്ടുണ്ടെങ്കിൽ ആ വസ്തുതകൾ വെളിക്കു കൊണ്ടുവരട്ടെ. കുററക്കാരുടെ മേൽ വൈദികാധികാരികൾ തീർച്ചയായും സമുചിതമായ നടപടികൾ സ്വീകരിക്കും. എന്നാൽ ചുരുക്കംപേരെക്കുറിച്ചുള്ള കുററാരോപണങ്ങൾ നിമിത്തം സകലരും ശിക്ഷിക്കപ്പെടുകയെന്നതു് അനീതിയാകുന്നു." ഇന്ത്യയിലെ ഒന്നാമത്തെ പ്ലനറികൗൺസിലിലെ (സകല മെത്രാന്മാരുടേയും യോഗത്തിലെ) 175-ാമത്തു ഡിക്രി എന്തെന്നറിയുന്നതു് പൊതുജനങ്ങൾക്കു് ഉപകാരപ്രദമായിരിക്കുമല്ലോ എന്നു പറഞ്ഞുകൊണ്ടു് തിരുമേനി ആ ഭാഗമുദ്ധരിക്കുന്നു:-

"വിദേശമിഷനറിമാർ രാഷ്ട്രീയമായ പക്ഷപാതമനോഭാവത്തിൽനിന്നു വിമുക്തരായിരിക്കണം; ഈ രാജ്യത്തു് അവർ നടത്തുന്ന ശുശ്രൂഷയുടെ ആദ്ധ്യാത്മികസ്വഭാവവും ജനങ്ങളുടെ ക്ഷേമത്തിലുള്ള അവരുടെ താല്പര്യവും സകലർക്കും സുവ്യക്തമാകത്തക്കവിധത്തിൽ പരിപൂർണ്ണമായ ആത്മാർത്ഥതയോടുകൂടി അവർ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം; രാഷ്ട്രത്തിൻെറ ഗുണത്തിനായുള്ള അവരുടെ തീവ്രമായ ആഗ്രഹവും അതുപോലെതന്നെ സ്പഷ്ടമാകണം. സ്വരാജ്യസ്നേഹമാകുന്ന സൽഗുണവും സിവിലധികാരികളോടുള്ള യഥായോഗ്യമായ അനുസരണയും അവർ എല്ലാവരുടെയിടയിലും പരിപോഷിപ്പിക്കുകയും വേണം."

തൈക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

### ക്രിസ്തുമതം വൈദേശികമല്ലെന്നു നെഹ്രു

തുടർന്നു, വിദേശമിഷനറിമാർ ഇന്ത്യയിൽ നടത്തിയിട്ടുള്ള വിദ്യാഭ്യാസപരവും ഭൂതദയാപരവുമായ സേവനങ്ങളെ തിരുമേനി ചൂണ്ടിക്കാണിക്കുന്നു. ആ സേവനങ്ങളിൽ വിദേശമിഷനറിമാർ ഭൗതികമായ അവരുടെ സമസ്തവും ബലികഴിച്ചിട്ടുണ്ടു്. ഈ ഗുണകരമായ സേവനങ്ങളിൽ തങ്ങൾക്കു പ്രേരണനൽകുന്ന പ്രചോദനങ്ങളെ പ്രകാശിപ്പിക്കാതിരിക്കുകയും അവയിലേക്കു് മററുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കാതിരിക്കുകയും ചെയ്യുവാൻ മിഷനറിമാർക്കു സാദ്ധ്യമാണോ? ക്രിസ്തുമതപ്രസംഗം വിദേശമിഷനറിമാർ നടത്തുന്നതിൽ തെററായിട്ടെന്തുണ്ടു? പ്രസംഗിക്കുന്ന മതതത്വങ്ങളിൽ തെററായിട്ടൊന്നുമില്ലെന്നു തീർച്ചയാണല്ലോ. അല്ലെങ്കിൽ ഇന്ത്യൻ വൈദികരേയും ആ മതപ്രചരണത്തിൽനിന്നു തടയേണ്ടതായിരുന്നു. പ്രസംഗകരുടെ പൗരത്വത്തെപ്പററി മാത്രമാണോ ആക്ഷേപം? അതു ന്യായയുക്തമല്ല. എന്തുകൊണ്ടെന്നാൽ വിദേശമിഷനറിമാർ അനുയായികളെ സമ്പാദിച്ചുകൊടുക്കുന്ന മതം അവരുടെ സ്വന്തം രാഷ്ട്രത്തോടോ ലോകത്തിൽ മറേറതു രാഷ്ട്രത്തോടോ കൂട്ടിക്കെട്ടുള്ളതല്ല; പ്രത്യുത ആ മതം സകല രാഷ്ട്രങ്ങൾക്കും അതീതമാകുന്നു.

തിരുമേനി ഇങ്ങനെ ഉപസംഹരിക്കുന്നു. ആകയാൽ നമ്മുടെ ദേശീയനേതാക്കന്മാരോടു് ഞാനഭ്യർത്ഥിക്കുന്നു, "ചിന്തിക്കാനും സംസാരിക്കാനും വിശ്വസിക്കാനും ആരാധിക്കാനും ജീവിതവൃത്തി സ്വീകരിക്കാനും സംഘടിക്കാനും പ്രവർത്തിക്കാനും ഉള്ള സ്വാതന്ത്ര്യത്തിനു് ഒരു സമുദായത്തിനുള്ള അവകാശം അവരിൽനിന്നെടുത്തുകളയാൻ ശ്രമിക്കരുതേ എന്നു്; ഈ സ്വാതന്ത്ര്യങ്ങൾ സ്വാഭാവികനിയമത്തിൽനിന്നു് ഉത്ഭവിക്കുന്നതാകയാൽ മാത്രമല്ല, പിന്നെയോ—പ്രായോഗികപരിഗണനകൾ അനുവദനീയമാണെങ്കിൽ—നമ്മുടെ രാജ്യത്തിൻെറ ദേശീയവും അന്തർദേശീയവുമായ താല്പര്യങ്ങളുടെ പരിഗണനയാലും പ്രസ്തുത സ്വാതന്ത്ര്യങ്ങൾ സമാദരിക്കപ്പെടേണ്ടിയിരിക്കുന്നു. വിവേകപൂർവ്വകമായ രാജ്യഭരണത്തിൻെറയും വ്യക്തികളുടെ അവകാശസംരക്ഷണത്തിൻെറയും കാര്യത്തിൽ ലോകത്തിലെ ജനതതികൾ ഇന്നു് നമ്മുടെ രാജ്യത്തിൻെറ നേർക്കാണു് ദൃഷ്ടിതിരിക്കുന്നതു്. ഇന്ത്യ ഇന്നു സമാർജ്ജിച്ചിട്ടുള്ള വർദ്ധമാനമായ സൗമനസ്യവും സഹാനുഭൂതിയും അഭിനന്ദനവും അവൾക്കു് നഷ്ടപ്പെട്ടുകാണണമെന്നു് അവളുടെ ഗുണകാംക്ഷികളും സുഹൃത്തുക്കളും തീർച്ചയായും ആഗ്രഹിക്കുകയില്ലല്ലോ."

അവസാനത്തിൽ തിരുമേനി മി. നെഹ്രുവിൻെറ വാക്യങ്ങൾ, ഡൽഹിയിൽ സെൻറ് തോമസ് ജൂബിലിയാഘോഷത്തിൽ വച്ചു് അദ്ദേഹം പറഞ്ഞ വാക്യങ്ങൾ, ഉദ്ധരിക്കുന്നു.

"ഇന്ത്യയിൽ നിലവിലിരിക്കുന്ന വിവിധമതങ്ങളും മതതത്വങ്ങളും മതവിശ്വാസങ്ങളും മറേറതുംപോലെ ഇന്ത്യയുടേതുതന്നെയാണു്. ആ മഹത്തായ പിതൃസമ്പത്തിൽ നാമെല്ലാവരും പങ്കാളികളും ഭാഗഭാക്കുകളും ആകുന്നു. ഒരു മതമോ തത്വമോ മറെറാരു രാജ്യത്തിൽനിന്നു് വരുന്നുവെന്ന വസ്തുത അതിനെ വിദേശീയമാക്കുന്നില്ല. സത്യം സത്യംതന്നെ, അതു് എവിടെയായിരുന്നാലും."

——

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

### അഞ്ചാംപട്ടം

അഞ്ചാം പട്ടവും കീഴോട്ടുള്ള മററു പട്ടങ്ങളും കൂദാശകളല്ല. അവ ക്രിസ്തു സ്ഥാപിച്ചവയല്ല. തിരുസ്സഭ ഏർപ്പെടുത്തിയവയാണു്.

അഞ്ചാംപട്ടക്കാരൻെറ അഥവാ സബ്ഡീക്കൻെറ ജോലി ഡീക്കനെ സഹായിക്കുകയാണു്. കുർബ്ബാന സമയത്തു് അഞ്ചാംപട്ടക്കാരൻ ഡീക്കൺ സുവിശേഷം വായിക്കുമ്പോൾ തക്സ (മീസ്സൽ) പിടിച്ചുകൊടുക്കുകയും, കാസയിൽ വെള്ളമൊഴിക്കുകയും, അവസാനം കാസയും പീലാസയും മററും തുടയ്ക്കുകയും ചെയ്യുന്നു. അഞ്ചാംപട്ടം സ്വീകരിച്ചുകഴിഞ്ഞാൽ കെത്താന, കമ്പലാന മുതലായവ തിരുമ്മുന്നതിനു ചുമതലയും അധികാരവും സംസിദ്ധമാകുന്നു. അതുമുതൽ കാനോനനമസ്കാരം ചൊല്ലാനും നിത്യബ്രഹ്മചര്യം പാലിക്കാനും വൈദികസ്ഥാനാർത്ഥിക്കു കടമയുണ്ടു്. അഞ്ചാംപട്ടം സ്വീകരിച്ച ഒരാൾക്കു വീണ്ടും അൽമേനിയാകുന്നതിനോ വിവാഹം ചെയ്യുന്നതിനോ നിവൃത്തിയില്ല. എന്നാൽ തിരുസ്സഭ വളരെ ദുർലഭമായി മാത്രം അതിനു് അനുമതി നൽകാറുണ്ടു്. അഞ്ചാംപട്ടം തിരുസ്സഭ ഏർപ്പെടുത്തിയതാകയാൽ അതിൽനിന്നും ഒഴിവാക്കാനും തിരുസ്സഭയ്ക്കധികാരമുണ്ടു്.

അഞ്ചാംപട്ടം ഒരു കൂദാശയല്ലെന്നുള്ളതു് തീർച്ചയാണു്. പട്ടം എന്ന കൂദാശയുടെ കർമ്മസാധനം (matter) കൈവയ്പും, കർമ്മസ്വരൂപം (form) തദനന്തരം ചൊല്ലുന്ന പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥനയുമാണല്ലോ. എന്നാൽ അഞ്ചാംപട്ടത്തിൻെറ കർമ്മാനുഷ്ഠാനവിധികളിൽ കൈവയ്പാകട്ടെ, പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥനയാകട്ടെ ഇല്ല. അഞ്ചാംപട്ടം കൊടുക്കുന്നതിനു് മാർപ്പാപ്പായുടെ പ്രത്യേകാനുവാദപ്രകാരം ഒരു വൈദികനുപോലും കഴിവുണ്ടെന്ന സംഗതിയും ശ്രദ്ധാർഹമാണു്. എന്നാൽ ആറാംപട്ടവും പുരോഹിതപട്ടവും മെത്രാൻപട്ടവും പ്രദാനംചെയ്യുന്നതിനു മെത്രാനുമാത്രമേ കഴിവുള്ളു. മൂന്നാം നൂററാണ്ടിനു മുമ്പു് അഞ്ചാംപട്ടം നിലവിലുള്ളതായി യാതൊരു രേഖയുമില്ല. അതിനുശേഷമായിരിക്കണം തിരുസ്സഭ ഇതേർപ്പെടുത്തിയതു്.

(12-ാം പേജ് തുടർച്ച)

### ഭാരതീയസഭയെപ്പററി ഓസ്ട്രേലിയായിൽ

ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിച്ച ബാംഗളൂർ ബിഷപ്പ് തിരുമേനി ഒരു പ്രസംഗമദ്ധ്യേ പറഞ്ഞു: 1870-ൽ 8 ലക്ഷം മാത്രമായിരുന്ന ഭാരതീയകത്തോലിക്കർ ഇന്നു 50 ലക്ഷമായിട്ടുണ്ട്. ഇപ്പോൾ 63 മെത്രാന്മാരുള്ളവരിൽ മുപ്പത്താറും ഭാരതീയരാണ്. 5500 വൈദികരിൽ മൂവായിരവും ഏതദ്ദേശീയരാകുന്നു. അൽമായജനം ഇന്നും പൂർണ്ണമായി സംഘടിതമായിട്ടില്ല. ഞങ്ങളുടെ കത്തോലിക്കാവിദ്യാലയങ്ങൾ ഇവിടത്തെ തരമാണെന്നു പറഞ്ഞുകൂടാ. ഞങ്ങളുടെ സ്കൂളുകളിലെയും കോളെജുകളിലെയും വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും അകത്തോലിക്കരാണ്. ഇവിടത്തെപ്പോലെയുള്ള തനികത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ ഞങ്ങൾക്കു സാധിക്കുന്നതല്ല."

### കാർഡിനൽ അഗജിയാനിയൻ വിദ്യാർത്ഥികളോട്

സിഡ്നി കോൺഗ്രസ്സിൽ ഭാഗഭാക്കായിരുന്ന അർമ്മേനിയൻ പാത്രിയർക്കീസായ കാർഡിനൽ അഗജിയാനിയൻ തിരുമേനി പാശ്ചാത്യവൈദികമേലദ്ധ്യക്ഷശതങ്ങളുടെ മദ്ധ്യേ ഒരു അദ്ഭുതപൂർവ്വകാഴ്ചയായിത്തീർന്നു. അഗാധപണ്ഡിതനും പ്രശ്രുതപുണ്യചരിതനുമായ തിരുമേനി ബസിലിക്കൻറയിൻറീത്തിൽ, കത്തീഡ്രലിൽ അർപ്പിച്ച ആഘോഷമായ പൊന്തിഫിക്കൽ കുർബാനയും ജനാവലിയെ അത്യധികം ആകർഷിച്ചു. പ്രൊപ്പഗാന്താ കോളെജിൽ ദീർഘകാലം പ്രൊഫസറായിരുന്ന ഈ പൂജ്യദേഹത്തിനു ഓസ്ട്രേലിയായിലും നിരവധി ശിഷ്യന്മാരുണ്ട്. കാർഡിനൽ ഗിൽറോയിതന്നെയും അദ്ദേഹത്തിൻെറ ശിഷ്യഗണത്തിൽ ഉൾപ്പെടുന്നു. ഇംഗ്ലീഷ്, ഫ്റഞ്ച്, റഷ്യൻ ആദിയായി ആറേഴുഭാഷകളിൽ അനായാസേന അദ്ദേഹം പ്രസംഗിക്കും. ഓസ്ട്രേലിയായിൽവച്ചു കോളെജുവിദ്യാർത്ഥികളോടായി ചെയ്ത ഒരു പ്രസംഗത്തിൽ തിരുമേനി പറഞ്ഞതായതു്: "മനോഹരമായ നിങ്ങളുടെ ഈ നഗരത്തിൽ, അത്ഭുതാവഹമായ ഈ രാജ്യത്തിൽ, സഭയ്ക്കും മാതൃരാജ്യത്തിനും വേണ്ടി മഹത്തായ ഒരു ഭാവി വിദ്യാർത്ഥികളായ നിങ്ങൾ സജ്ജീകരിക്കയാണ്. എന്നാൽ ഒരുകാര്യം നിങ്ങൾ വിസ്മരിക്കരുതു്. കത്തോലിക്കാസഭ ലോകമൊക്കെയിലും വ്യാപിച്ചുകിടക്കുന്നു. മററുരാജ്യങ്ങളിൽ നിങ്ങളുടെ സഹമതസ്ഥരായ അനേകർ മർദ്ദനം അനുഭവിക്കുന്നു, അവരുടെ വിശ്വാസത്തെപ്രതി പാറാവുകളിലും തടങ്കൽപ്പാളയങ്ങളിലും പീഡിപ്പിക്കപ്പെടുന്നു. അവരെ നിങ്ങൾ അനുസ്മരിക്കണം. വേദപ്രമാണങ്ങൾ കാത്തു പ്രസാദവരത്തിൽ ജീവിതം അനുഷ്ഠിക്കുന്നതാണു ലോകത്തിലുണ്ടാകാൻ പാടുള്ളതിൽ ഏററം വലിയ ഭാഗ്യമെന്നു സദാ നിങ്ങളുടെ ഓർമ്മയിലുണ്ടായിരിക്കട്ടെ!"

### പരിശുദ്ധ പിതാവിൻെറ പ്രക്ഷേപണപ്രസംഗം

സിഡ്നിയിലെ ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ അന്തിമചടങ്ങായി നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൻെറ അവസാനത്തിൽ, മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഓസ്ട്രേലിയൻ കത്തോലിക്കരോടായി ഇംഗ്ലീഷിൽ ചെയ്ത ശ്രുതിമധുരമായ പ്രക്ഷേപണപ്രസംഗം, സെൻറ് മേരീസ് കത്തീഡ്രലങ്കണത്തിൽ തടിച്ചുകൂടിയിരുന്ന ലക്ഷോപലക്ഷം ജനങ്ങൾ വ്യക്തമായി ശ്രവിച്ചു. ആ വത്സലപിതാവു പറഞ്ഞു: "150 സംവത്സരങ്ങൾക്കുമുമ്പു നിങ്ങളുടെ രാജ്യത്തു് ഇദംപ്രഥമമായി ദിവ്യബലി പരസ്യമായി അർപ്പിക്കപ്പെട്ടു. തങ്ങളുടെ പുരോഹിതൻെറ കരങ്ങളിൽ ഉയർത്തപ്പെട്ട ഗാഗുൽത്തായിലെ പരമബലിവസ്തുവിനെ കുമ്പിട്ടാരാധിക്കുന്നതിനുള്ള അമൂല്യാവസരം കാലാന്തരത്തിൽ അവർക്കു സംസിദ്ധമായപ്പോൾ, ദിവ്യകുദാശകൾക്കായി പൈദാഹത്തുഷ്ണയോടെ കഴിഞ്ഞുകൂടിയിരുന്ന ആ ബഹിഷ്കൃതജനാവലി അനുഭവിച്ച ആനന്ദാനുഭൂതി ഇന്നു നമുക്കു് ഊഹിപ്പാനേ കഴിവുള്ളൂ. അവരുടെ ദിവ്യകാരുണ്യനാഥൻ അവസാനം അവരോടുകൂടി ചെന്നെത്തി. കടലിനപ്പുറം വസിച്ചിരുന്ന അവരുടെ പ്രേഷ്ഠജനങ്ങളുമായിട്ടുള്ള അന്യോന്യബന്ധം പരിശുദ്ധ ബലിവഴിയായി അങ്ങനെ പുനരുദ്ധരിക്കപ്പെട്ടു. അവരുടെ ഹൃദയാന്തർഭാഗത്തു അന്നു് പൊട്ടിപ്പുറപ്പെട്ട ആനന്ദാരവങ്ങൾ അവരുടെ ജന്മനാട്ടുകളിലെ ഗിരിതടങ്ങളിലും പ്രതിധ്വനിച്ചിട്ടുണ്ടാകണം......" സാമാന്യം സുദീർഘമായിരുന്ന പ്രഭാഷണം ശ്ലൈഹികാശീർവ്വാദത്തോടെ സമാപിച്ചപ്പോൾ ജനലക്ഷങ്ങളുടെ ജയ് വിളികളാൽ അന്തരീക്ഷം മുഖരിതമായി.

വിമർശനവീഥി

# മിഷനറിപ്രവർത്തനങ്ങൾ — ക്രിസ്തീയ സംഘടനകളുടെ വിശദീകരണം

ബീഹാർ പ്രോവിൻസിലുള്ള 4 ലക്ഷം ഇന്ത്യൻ ക്രിസ്ത്യാനികളെ പ്രതിനിധീകരിച്ചുകൊണ്ടു് ബീഹാർ ക്രിസ്ത്യൻ കൗൺസിൽ, ചൊട്ടാനാഗ്പൂർ കാത്തലിക് സഭ എന്നീ സംഘടനകളുടെ ഒരു സംയുക്തസമ്മേളനം ഈ മേയ് 26-ാംനു- റാഞ്ചിയിൽ നടന്നു. ഇൻഡ്യയിൽ ക്രിസ്ത്യൻ മിഷനറിമാരെപ്പററി 21-4-1953 ൽ ആഭ്യന്തരമന്ത്രി ഡോക്ടർ കഡ്ജു കേന്ദ്രജനപ്രതിനിധിസഭയിൽ ചെയ്ത ഏററവും അസ്വാസ്ഥ്യജനകമായ പ്രസ്താവങ്ങളെ അവർ പരിപൂർണ്ണമായ ചർച്ചയ്ക്കു വിഷയമാക്കി. തത്ഫലമായി രണ്ടു സംഘടനകളും ഏകാഭിപ്രായത്തോടുകൂടി നൽകിയ വിശദീകരണങ്ങളും ചെയ്ത തീരുമാനങ്ങളും താഴെ ചേർക്കുന്നു:-

### ഭരണഘടനയിലെ ഉറപ്പുകൾക്കു വിരുദ്ധം

1) ഇന്ത്യയിലെ ക്രിസ്ത്യൻ മിഷനറിമാർ, ഇന്ത്യാക്കാരും ഇന്ത്യാക്കാരല്ലാത്തവരും, ഇന്ത്യൻ ഭരണഘടനയിലെ 25-ാം ആർട്ടിക്കിളിൽ കൊള്ളിച്ചിട്ടുള്ള അവരുടെ അവകാശത്തിനെതിരായി യാതൊന്നും ചെയ്യുന്നില്ല. ആ ആർട്ടിക്കിളിൽ "എല്ലാ ആളുകളും(Persons)" എന്ന പദപ്രയോഗത്തിൽ ഇന്ത്യാക്കാരല്ലാത്തവരും ഉൾപ്പെടുന്നു.

2) ആഭ്യന്തരമന്ത്രി പുറപ്പെടുവിച്ചിരിക്കുന്ന (ഇന്ത്യാക്കാരും ഇന്ത്യാക്കാരല്ലാത്തവരും എന്ന) വ്യത്യാസത്തിനു് യാതൊരു നീതീകരണവും ഇല്ല. ക്രിസ്തീയതത്വങ്ങൾ അവയിൽത്തന്നെ ഗുണകരങ്ങളും ആക്ഷേപരഹിതങ്ങളും ആണ്. തന്മൂലം അവയുടെ പ്രചരണം ഇന്ത്യാക്കാരല്ലാത്ത മിഷനറിമാർ നടത്തുന്നതു്, നിയമദൃഷ്ടിയിൽ തെററും അസംതൃപ്തിക്കു കാരണവുമാണെന്നും, എന്നാൽ ഇന്ത്യാക്കാരായ മിഷനറിമാർ അതു നടത്തുന്നതു് നിയമദൃഷ്ടിയിൽ ശരിയും സ്വീകാര്യവുമാണെന്നും പറയുന്നതിൽ യാതൊരു യുക്തിയും കാണുന്നില്ല.

3) വിദേശമിഷനറിമാരെ ഇന്ത്യയിലേക്കു സ്വീകരിക്കുന്നതു് പരസ്പരതത്വത്തിൻെറ തത്വത്തിൽ അടിസ്ഥാനപ്പെടുത്തിയായിരിക്കണം. എന്തുകൊണ്ടെന്നാൽ ഇന്ത്യാക്കാരും —ഹിന്ദുക്കളും മുസ്ലീമിങ്ങളും ക്രിസ്ത്യാനികളും— മിഷനറിമാരായി ഇതരരാജ്യങ്ങളിലേക്കു പോകുന്നുണ്ട്.

4) ആഭ്യന്തരമന്ത്രിയുടെ പ്രസ്താവങ്ങൾ ഭരണഘടനയുടെ അക്ഷരത്തിനും ആന്തരത്തിനും വിരുദ്ധമാണെന്നു മാത്രമല്ല, ഗവർമ്മെൻറിൻെറ അത്രമാത്രം ഉന്നതമായ സ്ഥാനത്തിരിക്കുന്ന ഒരുദ്യോഗസ്ഥനിൽനിന്നു് പുറപ്പെടുന്നതിനാൽ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആകമാനമായും അഗാധമായും അസ്വാസ്ഥ്യം ജനിപ്പിക്കുവാനും ഇവിടെയും പുറത്തുമുള്ള സകല ക്രിസ്തീയ സമൂഹങ്ങളുടേയും ഇടയിൽ ആഴമായ അമർഷം ഉളവാക്കുവാനും അവ പര്യാപ്തങ്ങളുമാണ്.

5) ഈ രാജ്യവാസികളിൽ ഒരു വിഭാഗത്തിനു ക്രിസ്തീയ മിഷനറിപ്രവർത്തനങ്ങളെ അസഹിഷ്ണതയോടും അസംതൃപ്തിയോടുംകൂടിയാണ് വീക്ഷിക്കുവാൻ തോന്നുന്നതെങ്കിൽ അക്കാരണത്താൽ സമാധാനമായും നിയമാനുസൃതമായും ജീവിക്കുന്ന ക്രിസ്ത്യാനികളുടെനേരെ സകലവിധ ശല്യങ്ങളും ബലപ്രയോഗംപോലും അവർ പ്രയോഗിക്കുന്നതു് നീതീകരിക്കാവുന്നതല്ല. ഗവർമ്മെൻറിൻെറ സ്പഷ്ടമായ കർത്തവ്യം നിയമശക്തി പാലിക്കുകയും സമാധാനജീവിതം നയിക്കുന്ന ഏതു പൗരന്മാരെയും സംരക്ഷിക്കുകയുമാണ്. ഭരണഘടനയിലെ ഉറപ്പുകൾകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് മതത്തിനു് സംരക്ഷണ നൽകണമെന്നാണ്, അല്ലാതെ മതത്തിൽനിന്നു് സംരക്ഷണം നൽകണമെന്നല്ല.

6) സകല മനുഷ്യർക്കും സ്നേഹത്തിൻേറയും സമാധാനത്തിൻേറയും സന്ദേശം നൽകുന്ന ക്രിസ്തുമതം വിദ്വേഷവും വിപ്ലവവും പ്രസംഗിക്കുന്ന കമ്മ്യൂണിസത്തെ തടുക്കുന്ന ഏററവും ശക്തിയുള്ള കോട്ടയാണ്. തന്മൂലം ക്രിസ്തുമതത്തിൻെറ ന്യായാനുസൃതമായ വികസനത്തിനു് തടസ്സമുണ്ടാക്കുന്നതു് ഇന്ത്യയിൽ കമ്മ്യൂണിസത്തിൻെറ പ്രചാരത്തെ സഹായിക്കുന്നതിനോടു തുല്യമാകുന്നു.

7) മിഷനറിപ്രവർത്തനങ്ങളുടെ പ്രശ്നത്തിലേക്കു് ഗവർമ്മെൻറിനെ കമ്മ്യൂണിസ്റ്റുകളും കമ്മ്യൂണലിസ്റ്റുകളും (വർഗ്ഗീയവാദികൾ) കൊണ്ടു ചാടിച്ചിരിക്കുകയാണെന്നു് സമ്മേളനം പ്രസ്താവിച്ചുകൊള്ളുന്നു. ഇൻഡ്യൻ ക്രിസ്ത്യാനികളും ഇതരസമുദായങ്ങളും തമ്മിൽ നിലവിലിരിക്കുന്ന സൗഹാർദ്ദബന്ധങ്ങളെ തകർക്കണമെന്നാണ് അവരുടെ ഉദ്ദേശം.

### ക്രിസ്ത്യൻ മിഷനറിപ്രവർത്തനം പ്രോസിലിററിസം അല്ല

8) പ്രോസിലിററിസത്തിൽനിന്നു് (Proselytism) നിശ്ശേഷം വ്യത്യസ്തമാണ് ക്രിസ്ത്യൻ മിഷനറിപ്രവർത്തനം. പ്രോസിലിററിസം മതമാററത്തിനു പ്രേരിപ്പിക്കുവാൻ ഭീഷണികളും കോഴകളും അന്യായമായ മററു മാർഗ്ഗങ്ങളും ഉപയോഗിക്കുന്നു. അവയെല്ലാം ക്രിസ്തുമതത്തിൻെറ ഏററവും പവിത്രങ്ങളായ തത്വങ്ങൾക്കു് വിപരീതമാണ്. നേരെമറിച്ചാകുന്നു ക്രിസ്തീയമിഷനറിപ്രവർത്തനത്തിൻെറ സ്ഥിതി. അതു എവാൻജലിസം (Evangelism) ആകുന്നു. സുവിശേഷം പ്രസംഗിക്കുകയല്ലാതെ, സുവാർത്തകളിൽ അന്യന്മാരെ പങ്കാളികളാക്കുകയല്ലാതെ, മറെറാന്നുമല്ല എവാൻജലിസം. അതു് ക്രിസ്തുമതത്തിലെ ആദ്ധ്യാത്മികസമ്പത്തു് അന്യന്മാർക്കു് പ്രദാനംചെയ്യുന്നു. ഈ പ്രവർത്തനം ആക്ഷേപകരമാകുന്നതെങ്ങനെയെന്നു് കാണാൻ കഴിയുന്നില്ല.

9) പരിപൂർണ്ണമായും ആത്മാർത്ഥമായ സമ്മതത്തോടുകൂടിയല്ലാതെ യാതൊരു മനുഷ്യനേയും സാധുവായി ജ്ഞാനസ്നാനം ചെയ്യിച്ചു് ക്രിസ്ത്യാനിയാക്കുവാൻ പാടില്ലെന്നാണ് യഥാർത്ഥത്തിൽ ക്രിസ്തീയതത്വം.

10) ക്രിസ്തീയ മിഷനറിമാരോടു് അവരുടെ സുവിശേഷജോലി പരിത്യജിക്കുവാനും, ജനങ്ങളുടെ സാമുദായികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടിമാത്രം സ്വയം പ്രതിഷ്ഠിക്കുവാനും ആവശ്യപ്പെടുന്നതു്, അത്തരം ജോലികൾ ഏറെറടുക്കുവാൻ അവരെ പ്രേരിപ്പിക്കുന്ന പ്രചോദനശക്തിയെത്തന്നെ പരിത്യജിക്കുവാൻ ആവശ്യപ്പെടുകയാണ്. ആ പ്രചോദനശക്തിയില്ലെങ്കിൽ അത്തരം ജോലികൾ അവർക്കു് നിരർത്ഥകങ്ങളായിരിക്കും.

11) ഒരു സമുദായം മുഴുവനോ ഒരു ജനവർഗ്ഗത്തിനോ എതിരായി തുത്തടിച്ചുള്ള കുററാരോപണങ്ങൾ പ്രഥമദൃഷ്ടിയിൽത്തന്നെ വിഴുങ്ങരുതെന്നും, പ്രത്യുത ഏതു നടപടിയും സ്വീകരിക്കുന്നതിനു മുമ്പു് പ്രസ്തുതാരോപണങ്ങളെ ആദ്യമായി കോടതിവിചാരണെയ്ക്കല്ലെങ്കിലും ഏതാണ്ടതുപോലുള്ള നിഷ്പക്ഷമായ പരിശോധനയ്ക്കു് വിധേയമാക്കണമെന്നും ഉള്ളതു് പ്രജായത്തഭരണത്തിൽ പരമ്പരയാ സമാദരിക്കപ്പെടുന്ന ഒരു തത്വമാകുന്നു. ഏററവും മോശമായ പാതകികൾക്കു് നീതിന്യായക്കോടതികളിൽ നൽകപ്പെടുന്ന ഈ പരിഗണന ക്രിസ്തീയമിഷനറിമാർക്കും നിയമാനുസൃതജീവിതം നയിക്കുന്ന പൗരന്മാരായ 100 ലക്ഷം ഇന്ത്യൻ ക്രിസ്ത്യാനികൾക്കും നിഷേധിക്കപ്പെട്ടിരിക്കുന്നതു് ഏററവും പരിതാപകരംതന്നെ.

ആകയാൽ ബീഹാർ ക്രിസ്ത്യൻ കൗൺസിലും ചൊട്ടാനാഗ്പൂർ കാത്തലിക് സഭയും ഏകയോഗമായി നിശ്ചയിക്കുന്നതെന്തെന്നാൽ:

1) ഈയിടെ പാർലമെൻറിലും കൗൺസിൽ ഓഫ് സ്റ്റെയ്ററ്സിലും ചെയ്ത പ്രസ്താവനകൾ തീർച്ചയായും നീതീകരണരഹിതവും നിന്ദാവഹവും വികാരഭഞ്ജകവും ഭരണഘടനയിലെ പവിത്രമായ ഉറപ്പുകൾക്കു് വിപരീതവുമാണെന്നു് ഡോക്ടർ കെ. എം. കഡ്ജുവിനേയും കേന്ദ്രഗവർമ്മെൻറിനേയും ബഹുമാനപുരസ്സരം അറിയിക്കേണ്ടതാണ്.

2) പ്രസ്തുത പ്രസ്താവങ്ങളാൽ സകല ക്രിസ്ത്യാനികളുടേയും ഇടയിൽ സൃഷ്ടിക്കപ്പെട്ട ഗുരുതരമായ ഭയാശങ്കകളേയും അവയ്ക്കെതിരായി ജനിപ്പിക്കപ്പെട്ട വിരോധത്തേയും ഏതെങ്കിലും സമുചിതമായ വിധത്തിൽ നീക്കം ചെയ്യണമെന്നു് ആഭ്യന്തരമന്ത്രിയോടും കേന്ദ്രഗവർമ്മെൻറിനോടും ബഹുമാനപുരസ്സരം അഭ്യർത്ഥിക്കണം.

3) ഈ നിശ്ചയങ്ങളുടെ ഒരു പ്രതി സംസ്ഥാനങ്ങളിലെ സകല മുഖ്യമന്ത്രിമാർക്കും അവരുടെ അറിവിനായി അയച്ചുകൊടുക്കണം.

ഇതുപോലുള്ള വിശദീകരണങ്ങളും വിമർശനങ്ങളും നിശ്ചയങ്ങളും വടക്കെ ഇന്ത്യയിലെ പല കത്തോലിക്കാവും അകത്തോലിക്കാവുമായ ക്രിസ്തീയസംഘടനകൾ തനിച്ചും ഒന്നിച്ചും യോഗംകൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

### അന്വേഷണക്കമ്മിററിയിൽ ഹിന്ദുക്കൾമാത്രം

മധ്യപ്രദേശ് സംസ്ഥാനഗവർമ്മെൻറു് വിദേശമിഷനറി പ്രവർത്തനങ്ങളെപ്പററി അന്വേഷണങ്ങൾ നടത്തുവാൻ മൂന്നംഗങ്ങളുള്ള ഒരു കമ്മിററിയെ നിയമിച്ചിരിക്കുകയാണല്ലോ. അതിൽ ചെയർമനും മററു രണ്ടംഗങ്ങളും സവർണ്ണഹിന്ദുക്കൾതന്നെയാണ്. കത്തോലിക്കാസംഘടനകൾ "മുസ്ലീമും പാർസിയും ജഡ്ജികളടങ്ങിയ ഒരു നിഷ്പക്ഷകമ്മിററി" ഏല്പെടുത്തണമെന്നു് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ആ അഭ്യർത്ഥന വിസ്മരിക്കപ്പെടുന്നതായി കാണുന്നുവെന്നു് നാഗപ്പൂർ ക്രിസ്ത്യൻ അസോസിയേഷൻെറ പ്രസിഡൻറു പ്രസ്താവിക്കുന്നു. അതു സംബന്ധിച്ചു് ആ അസോസിയേഷനും കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയും കാത്തലിക് റീജനൽ കമ്മിററിയും പ്രതിഷേധങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നാഗപ്പൂരിലെ ആംഗ്ലിക്കൻ ബിഷപ്പും കാത്തലിക് ബിഷപ്പും ഒരു സംയുക്തലേഖനത്തിൽ ചീഫ്മിനിസ്റ്ററോടു് നിർബന്ധമായി ആവശ്യപ്പെട്ടിരിക്കുന്നു, ഒരു ക്രിസ്ത്യൻ പ്രതിനിധിയെ അന്വേഷണക്കമ്മിററിയിൽ ഉൾപ്പെടുത്തണമെന്നു്.

### ഇന്ത്യൻ കർദ്ദിനാളിൻെറ വിശദീകരണം

ഇന്ത്യയിലെ കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിയും ഡോക്ടർ കഡ്ജുവിൻെറ പ്രസ്താവനകളെ പുരസ്കരിച്ചു് ഒരു വിശദീകരണം പത്രങ്ങൾക്കു നൽകിയിട്ടുണ്ട്. അതിൽ തിരുമേനി കൊള്ളിച്ചിരിക്കുന്ന ആശയങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം:

ഇന്ത്യ അതിൻെറ ഭരണഘടനയിൽ മൗലികാവകാശങ്ങൾക്കു് ഉറപ്പു നൽകിയിരിക്കുന്നതും മററും യൂറോപ്പിലും അമേരിക്കയിലും ആസ്ട്രേലിയായിലും സകലരുടേയും അഭിനന്ദനങ്ങൾക്കു് പാത്രീഭവിച്ചിരിക്കുകയാണ്. യൂറോപ്പിലും ആസ്ട്രേലിയായിലും താൻ നടത്തിയ പര്യടനത്തിനിടയിൽ പത്രപ്രതിനിധികളുമായുള്ള സംഭാഷണങ്ങളിലും പ്രസംഗങ്ങൾ ചെയ്യുന്നതിനു ലഭിച്ച അവസരങ്ങളിലും ഇന്ത്യയിലെ ഗവർമ്മെൻറുകൾ ന്യൂനപക്ഷങ്ങളോടു കാണിക്കുന്ന നീതിബോധത്തെ താൻ ന്യായമായി പ്രകീർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ ആ പര്യടനത്തിൻെറ അവസാനഘട്ടത്തിൽ, ആഭ്യന്തരമന്ത്രിയുടെ പ്രസ്താവനകൾ നിമിത്തം, തനിക്കുണ്ടായിരുന്ന ആ സംതൃപ്തിക്കു് ഇളക്കം തട്ടുകയു

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 26 Ernakulam July 8, 1953 No. 44

## Christian Burial

Every sincere Catholic lives in the hope that at his death he will be granted Christian burial. This means that, if possible, his body will be brought to a parish church, a Requiem Mass and Libera will be celebrated for his soul, and his body will then be laid in consecrated ground with the final rites of the Church at the grave. However, the laws of the Church rightly deny these great privileges to the following individuals:

1. Those who have become known as apostates from the Catholic faith, or who have joined heretical or schismatical religious sects, or who have become members of a Masonic Order or any other forbidden society. Only if such as these have given signs of repentance before death can they be buried from a Catholic church.

2. Those who have been excommunicated by the Church and have not repented or sought absolution before death.

3. Those who have deliberately taken their own lives. In these cases there is sometimes doubt as to whether the person was sane enough to make suicide a deliberate action. It is for the bishop to decide, then, whether there was evidence of insanity that would make the action indeliberate.

4. Those who were killed in a duel, or who died as a result of wounds inflicted in a duel.

5. Those who ordered that after death their bodies should be cremated.

6. Those who had been living open and public lives of sin up to the time of death. Under this head would come anyone living in an invalid marriage, or in open concubinage, or in open defiance and hatred of their pastor or bishop, etc. Of course whenever proof can be given that there has been true repentance before death, Christian burial may be granted.

The refusal of Christian burial to such sinners is never an injustice. It would be a mockery of all Christ's teachings if those who openly defied Him were granted the rites of the Church after death. Moreover, such refusals are powerful lessons to the living of the terrible penalty of deliberate sin.

The Liguorian

# വിവിധവൃത്താന്തങ്ങൾ

### ഓസ്ട്രേലിയൻ സഭ
### അന്നും ഇന്നും

1788 മുതലാണു ഇംഗ്ലണ്ടിൽനിന്നും അയർലണ്ടിൽനിന്നും കുറ്റപ്പുള്ളികളെ ഓസ്ട്രേലിയായിലേക്കു നാടുകടത്തിത്തുടങ്ങിയതു്. പ്രസ്തുതകൊല്ലം ജനുവരി അവസാനത്തിൽ സിഡ്നിയിലടുത്ത ഒരു കപ്പലിൽനിന്നു് 548 പുരുഷന്മാരും 188 സ്ത്രീകളും 17 കുട്ടികളും ഉൾപ്പെടെയുള്ള തടവുകാരെ അവിടെയിറക്കി. ഇവരാണു് ഓസ്ട്രേലിയൻ കോളനിയിലെ ഒന്നാമത്തെ കുടിപാർപ്പുകാർ. അതിൽ കുറെ കത്തോലിക്കരുമുണ്ടായിരുന്നു. അതേത്തുടർന്നു തടവുകാരായും കുടിപാർപ്പുകാരായും അനേകർ ആണ്ടുതോറും അവിടെ എത്തിക്കൊണ്ടിരുന്നു. ഇങ്ങനെ വളർച്ചപ്രാപിച്ചുവന്നതാണു് ഇന്നത്തെ മഹത്തായ ഓസ്ട്രേലിയൻ കോമൺവെൽത്തു്. 150 കൊല്ലംമുമ്പു് അവിടെ ഒരു കത്തോലിക്കാ വൈദികനുമാത്രമേ പ്രവേശനം അനുവദിച്ചിരുന്നുള്ളു. 1830-ൽ ആദ്യമായി ഒരു മെത്രാൻ നിയമിതനായി. ഇന്നാകട്ടെ 16 ലക്ഷം കത്തോലിക്കരും, 10 മെത്രാപ്പോലീത്താമാരും, 22 മെത്രാന്മാരും അവിടെയുണ്ടു്. 1914 മുതൽ അവിടെ ഒരു ഡലഗാദപ്പസ്തോലിക്കാ നിയമിതനായി. 1885-ലാണു് ഓസ്ട്രേലിയായ്ക്കു ഒന്നാമതായി ഒരു കർദ്ദിനാളെ ലഭിച്ചതു്. മൂന്നു പ്ലെനറികൗൺസിലുകൾ ഇതിനകം അവിടെ നടന്നിട്ടുണ്ടു്. 65 കൊല്ലംമുമ്പുമുതൽ വിദേശങ്ങളിലേക്കും അവർ മിഷനറിമാരെ അയച്ചുതുടങ്ങി. ഇപ്പോൾ ന്യൂഗിനി, ആഫ്റിക്കാ, മലയാ, ജപ്പാൻ, ഫിലിപ്പൈൻസ്, ഇൻഡ്യ, സിലോൺ, അലാസ്ക ഈ പ്രദേശങ്ങളിൽ ഓസ്ട്രേലിയൻ മിഷനറിമാരും, കന്യാസ്ത്രീകളും വേദപ്രചാരവേല നടത്തിവരുന്നു. ഒന്നര നൂറ്റാണ്ടത്തെ വളർച്ച!

### മുപ്പിരികൊണ്ട
### ആഹ്ലാദപ്രകടനങ്ങൾ

ഏഴരലക്ഷത്തോളം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ, മൂന്നു കർദ്ദിനാളന്മാരുടെയും, അമ്പതിൽപ്പരം മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും, അനേകശതം വൈദികരുടെയും അകമ്പടിയോടുകൂടി സമാപിച്ചതും, ഒൻപതു ദിവസത്തേക്കു ദീർഘിച്ചതുമായ സിഡ്നിയിലെ ദിവ്യകാരുണ്യമഹാമഹം മൂന്നു സംഭവങ്ങളുടെ ത്രിമകുടജൂബിലിയായിരുന്നു. 25 കൊല്ലങ്ങൾക്കുമുമ്പു് അവിടെ നടന്ന സാർവ്വദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ രജതജൂബിലി, സുപ്രസിദ്ധമായ ഹോളിനെയിം സൊസൈററി (തിരുനാമസഖ്യം) ഓസ്ട്രേലിയായിൽ ആരംഭിച്ചതിന്റെ 25-ാം വാർഷികം, 150 കൊല്ലങ്ങൾക്കുമുമ്പു് ഓസ്ട്രേലിയായിൽ പരസ്യമായി ദിവ്യപൂജ അർപ്പിക്കുന്നതിനു അനുവദിച്ചുകൊണ്ടുള്ള ഗവർമ്മെന്റു വിളംബരത്തിന്റെ സ്മരണ. ഇവ മൂന്നുമാണു് ആഹ്ലാദപ്രകടനത്തിനു നിദാനമായ സംഭവങ്ങൾ. ഈ ത്രിവിധകാരണങ്ങളാൽ ദൈവത്തിന്റെ നേർക്കു അവർക്കുള്ള അകമഴിഞ്ഞ കൃതജ്ഞതാപ്രവാഹം യഥായോഗ്യം അവർ പ്രദർശിപ്പിക്കുകതന്നെ ചെയ്തു എന്നു സന്ദർശകന്മാരെല്ലാം ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു.

### ഏഷ്യാ—ഓസ്ട്രേലിയാ
### പരസ്പരബന്ധങ്ങൾ

കാർഡിനൽ ഗ്രേഷ്യസ് തിരുമേനി സിഡ്നികോൺഗ്രസവസരത്തിൽ മൂന്നുനാലു പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. ആറടി ആറിഞ്ചുപൊക്കമുള്ള ഇൻഡ്യൻ കർദ്ദിനാളിനെ ഒരുനോക്കു കാണുന്നതിനായി ആളുകൾ എവിടെയും തിക്കിക്കൂടിയിരുന്നു. തിരുമേനിയുടെ വചോവിലാസത്തെ ഓസ്ട്രേലിയൻ പത്രങ്ങൾ ഒന്നടങ്കം കീർത്തിച്ചിട്ടുണ്ടു്. ഏഷ്യായും ഓസ്ട്രേലിയായും തമ്മിലുള്ള ബന്ധത്തെ ദൃഢതരമാക്കിത്തീർക്കത്തക്ക തരത്തിലുള്ളവയായിരുന്നു തിരുമേനിയുടെ എല്ലാ പ്രഭാഷണങ്ങളും. ഒരിടത്തു് അദ്ദേഹം പറഞ്ഞു: "ഏഷ്യായും ഓസ്ട്രേലിയായും തമ്മിലുള്ള സംബന്ധം ഒരുതരം കൊടുക്കൽവാങ്ങലിന്റെ രീതിയിലുള്ളതാണെന്നു പറയാം. സംസ്കാരത്തിന്റെയും, പാരമ്പര്യങ്ങളുടെയും, വിശ്വാസസംഹിതകളുടെയും, സന്മാർഗ്ഗതത്വങ്ങളുടെയും മേഖലയിൽ ഇരുകൂട്ടർക്കുമുള്ള സമ്പാദ്യങ്ങളെ അന്യോന്യം കൈമാററംചെയ്യുന്നു. "ഏഷ്യാക്കാർ ഓസ്ട്രേലിയായിൽനിന്നു എന്താണു പ്രതീക്ഷിക്കുന്നതു്?" ഈ ചോദ്യം ഇവിടെ എന്നോടു പലരും ആവർത്തിക്കുന്നുണ്ടു്. നിങ്ങൾക്കു തരാൻ കഴിവുള്ള എന്തും, എന്നാണു അതിന്റെ ചുരുങ്ങിയ മറുപടി. ഞങ്ങൾ എന്തു പ്രതീക്ഷിക്കുന്നു എന്നല്ല ചോദ്യം. നിങ്ങൾക്കു് എന്തുകഴിയും, നിങ്ങൾക്കു് എത്രത്തോളം സന്നദ്ധതയുണ്ടു് എന്നുള്ളതാണു പ്രശ്നം. നിങ്ങൾക്കു കഴിവുണ്ടായിരിക്കും, എന്നാൽ സന്നദ്ധതയില്ലായിരിക്കും, അഥവാ സന്നദ്ധതയുണ്ടായിരിക്കും എന്നാൽ കഴിവില്ലെന്നു വരാം. ഏതായാലും ഒരുകാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. വാങ്ങിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണു കൂടുതൽ ഭാഗ്യകരം."


### ഡൽഹി-സിംലാ മെത്രാപ്പോലീത്താ ഓസ്ട്രേലിയായിൽ

കോൺഗ്രസ്സ് സമ്മേളനത്തിലെ ഒരു പ്രസംഗത്തിൽ ഫെർനാണ്ടസ് മെത്രാപ്പോലീത്താ പറഞ്ഞതായതു്: "ഓസ്ട്രേലിയായിലെ അൽമായജനതയുടെ മഹനീയസ്ഥിതികണ്ടു് ഞാൻ അസൂയാഭരിതനായിത്തീരുന്നു. ഭാരതത്തിലാകട്ടെ അൽമായർ സംഘടിച്ചുവരുന്നതേയുള്ളു. ഡൽഹിയിലാണെങ്കിൽ അനേകലക്ഷം ജനങ്ങൾക്കിടയ്ക്കു ആറായിരം കത്തോലിക്കർ മാത്രമാണുള്ളതു്. അതും പ്രായേണ നിർദ്ധനന്മാരാണു്. നിർദ്ധനന്മാരാണല്ലോ സദാ നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നു നമ്മുടെ കർത്താവു അരുളിച്ചെയ്തിട്ടുള്ളതു്. ഓസ്ട്രേലിയൻ കത്തോലിക്കരുടെ സജീവവിശ്വാസവും, സൗഹൃദമനസ്ഥിതിയും, സഭ മുഴുവന്റെയും, വിശിഷ്യ ഏഷ്യൻസഭയുടെയും, കാര്യത്തിലുള്ള അതീവതാല്പര്യവും എന്നെ ഗാഢമായി സ്പർശിച്ചിരിക്കുന്നു."

### വെള്ളിയാഴ്ചത്തെ വിരുന്ന്
### മാംസവർജ്ജനത്തോടുകൂടി

സിഡ്നിയിലെ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ച വിദേശവൈദികാദ്ധ്യക്ഷന്മാർക്കായി മെൽബോൺ രൂപതയിലെ അൽമേനിപ്രമുഖന്മാർ ഒരു വിരുന്നുസല്ക്കാരം നൽകി. വിശ്വവിശ്രുതനും വയോവൃദ്ധനുമായ അവിടത്തെ മെത്രാപ്പോലീത്താ മാനിക്സ് തിരുമേനി തന്റെ സ്വാഗതപ്രസംഗത്തിൽ പറഞ്ഞു: "എന്താണു വെള്ളിയാഴ്ചദിവസം ഈ വിരുന്നുസല്ക്കാരം വച്ചതെന്നു പലരും അത്ഭുതപ്പെടുന്നുണ്ടായിരിക്കും. ഇതല്ലാതെ വേറൊരുദിവസം കിട്ടാനില്ലാതെ വന്നതുകൊണ്ടു പ്രവർത്തകസമിതി ഈ ദിവസം തിരഞ്ഞെടുത്തതേയുള്ളു. എന്നാൽ മാംസഭക്ഷണം അനുവദിച്ചാൽ കൊള്ളാമെന്നു ചുമതലപ്പെട്ടവർ എന്റെയടുക്കൽ വന്നപേക്ഷിക്കാതിരുന്നില്ല. പക്ഷെ ഇവിടത്തെ മെത്രാപ്പോലീത്താ ഒരു പഴഞ്ചൻ യാഥാസ്ഥിതികനാണു്. ഒരിക്കലും പാടില്ലെന്നു അദ്ദേഹം തീർത്തുപറഞ്ഞു. അതുകൊണ്ടാണു ഇവിധം വന്നുപോയതു്."

(ശേഷം 11-ാം പേജിൽ)



കല്ലാനിക്കൽ പള്ളിയിലെ പ്രധാന ബലിപീഠം

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam